# അമ്മുവിന്റെ ദിനങ്ങൾ

## അദ്ധ്യായം 1

ഗേറ്റ് കടന്നുപോകുന്ന ബാലചന്ദ്രനെ ചാരുകസേരയിൽ കിടന്നുകൊണ്ട് ബാലകൃഷ്ണൻ സൂക്ഷിച്ചുനോക്കി. ഗേറ്റിന്നും മെയിൻറോഡിന്നും ഇടയിൽ, നീണ്ടു കിടക്കുന്ന, പത്തടിയോളം വീതിയുള്ള ഉയർന്ന വരമ്പിൽക്കൂടി നടന്നുനീങ്ങുന്ന ആൾ ചെറുതായി ചെറുതായി വരുന്നു. പാടത്തിന്റെ നിരപ്പിൽ നിന്ന് ഏതാണ്ട് നാലടി ഉയരത്തിലാണ് വരമ്പ്. നെൽക്കൃഷി വമ്പിച്ച നഷ്ടമാണെന്നിരിക്കെ, വേലായുധൻ കൃഷി ചെയ്യാതെ വെറുതെയിട്ടിരിക്കയായിരുന്നു. കൃഷിഭൂമി ആർക്കുംവേണ്ടാതെ, വിലയിടിഞ്ഞ് കിടക്കുമ്പോൾ വിൽക്കാനാവാതെ വേലായുധൻ ഉഴലുന്ന കാലമായിരുന്നു അത്. വീടിന്ന് മുമ്പിലുള്ള കൃഷിഭൂമി വാങ്ങാനൊരുങ്ങിയപ്പോൾ, പുതിയ അഭ്യുദയകാംക്ഷികളിൽ പലരും ഉപദേശിച്ചു വിഡ്ഢിത്തമാണ് ചെയ്യുന്നതെന്ന്. അമ്മ പോലും അവരുടെ ഭാഗത്തായിരുന്നു. പക്ഷെ, സ്വന്തം ദൃഢനിശ്ചയത്തിൽനിന്ന് ബാലകൃഷ്ണൻ പിൻമാറിയില്ല. ടൗണിൽ നിന്ന് വീട്ടിലേക്ക് വാഹനങ്ങൾ കൊണ്ടുവരാൻ ഒരു വീതിയുള്ള വരമ്പ് നിർമ്മിക്കുകതന്നെ വേണം.

നടത്തം കണ്ടാലറിയാം പറഞ്ഞത് മൂപ്പർക്ക് രസിച്ചില്ലെന്ന്. നന്നായിപ്പോയി! വകയിൽ മൂപ്പർക്ക് കാരണവസ്ഥാനമുണ്ട്. പണ്ട് വഴി നടന്നുപോകുമ്പോൾ താൻ കേൾക്കേ പറയാൻ ആർക്കും മടി ഉണ്ടായിരുന്നില്ല. അന്നു വെറുമൊരു ചെക്കനായിരുന്നുവല്ലോ ബാലകൃഷ്ണൻ! പക്ഷെ, ഇന്ന് ആരും അങ്ങനെ ഉറക്കെ പറയാൻ ധൈര്യപ്പെടില്ല. ദേഹോപദ്രവം ചെയ്യുമെന്ന് ഭയന്നിട്ടല്ല, എപ്പോഴാണ് തന്റെ സഹായം വേണ്ടിവരിക എന്ന ശങ്ക കൊണ്ടുമാത്രം.

തിന്നാനും കുടിക്കാനും വകയില്ലാതെ ഏറെനാൾ നാട്ടിൽ തെണ്ടിത്തിരിഞ്ഞ് നടന്നിരുന്ന ആ ചെക്കൻ ഗതിയില്ലാതെ നാട് വിട്ടപ്പോൾ, ദുഃഖിക്കാൻ സ്വന്തം അമ്മയല്ലാതെ മറ്റൊരു വ്യക്തിയുമുണ്ടായിരുന്നില്ല. വലിയമ്മാവന്റെ മരണശേഷം അവശേഷിച്ചത് പതിനഞ്ച് സെന്റു പറമ്പും അതിൽ ചെറിയൊരു വീടും മാത്രം. മുൻഭാഗം ഓടിട്ടിരുന്ന ആ വീടിന്റെ പുറകിലെ അടുക്കള വൈക്കോൽ മേഞ്ഞതായിരുന്നു. അകാലത്തിൽ യൗവ്വനം നശിച്ച അമ്മയും രണ്ടു അനിയത്തിമാരും അടക്കം നാലുപേർ ആ വീട്ടിൽ അവശേഷിച്ചു. വലിയമ്മാവൻ ജീവിച്ചിരുന്നപ്പോൾത്തന്നെ മൂന്നുനേരം വയർ നിറച്ചുണ്ണാൻ അവർക്കു ഗതിയുണ്ടായിരുന്നില്ല. അടുത്ത ഒരു അമ്മൻകോവിലിൽ പൂജയും അത്യാവശ്യം മന്ത്രവാദവും ആയിരുന്നു വലിയമ്മാവന്റെ ജീവിതമാർഗ്ഗം.

തമിഴ്നാട്ടിൽനിന്നു വന്ന ചെട്ടിമാരുടെ വകയായിരുന്നു അമ്മൻകോവിൽ. രാവിലെ കോവിലിൽ തൊഴുത് ദേഹം മുഴുവൻ ഭസ്മം പൂശിയല്ലാതെ ചെട്ടിമാർക്ക് അവരുടെ ദിവസം ആരംഭിക്കാനാവില്ല. സ്ഥലത്തെ പ്രധാനക്ഷേത്രം കോവിലകം വകയാണ്. വേട്ടക്കൊരുമകനാണ്-വേട്ടേക്കരൻ എന്നാണ് കോവിലകക്കാരും നാട്ടുകാരും പറയുക-പ്രതിഷ്ഠ. ശ്രീകോവിലിനകത്തേക്ക് സവർണരായ നായന്മാർക്കുതന്നെ പ്രവേശനമില്ല. പിന്നെയല്ലേ പാണ്ടിച്ചെട്ടിമാരുടെ കാര്യം? നാട്ടിൽ കച്ചവടക്കാരില്ലാതെയിരുന്ന കാലത്ത് രാജാവ് കോയമ്പത്തൂരിൽനിന്ന് ചെട്ടിമാരെ ക്ഷണിച്ചുകൊണ്ടുവരികയായിരുന്നു. അമ്മൻകോവിലിന്ന് ആവശ്യമായ സ്ഥലവും, ക്ഷേത്രനിർമ്മാണത്തിന്ന് പണവും കൊടുക്കാമെന്നു പറഞ്ഞപ്പോഴാണത്രെ അവർ വരാൻ സമ്മതിച്ചത്. കോവിലിന്റെ നിർമ്മാണം പൂർത്തിയായപ്പോൾ ഒരു പുതിയ പ്രശ്നം ഉയർന്നു. ചെട്ടിമാരുടെ കോവിലിൽ പൂജിക്കാൻ നമ്പൂതിരിമാരോ, നമ്പിശ്ശന്മാരോ പോകട്ടെ, എമ്പ്രാന്തിരിമാർകൂടി തയ്യാറായില്ല. ചെട്ടിമാർക്കാണെങ്കിൽ പൂജിക്കാനൊട്ട് അറിയുകയുമില്ല. അങ്ങനെയാണ് തിരുവില്ലാമലക്കാരനാ

യിരുന്ന വലിയമ്മാമൻ നാട്ടിലെത്തി കോവിലിലെ പൂജാരിയായത്. വളരെക്കാലം കോയമ്പത്തൂരിൽ ഒരു കാപ്പി ശാപ്പാട് ഹോട്ടലിൽ വേല ചെയ്തിരുന്ന വലിയമ്മാമന് കോവിലുകളും അവിടത്തെ പൂജാവിധികളും നല്ല 'നിശ്ചയ'മായിരുന്നു. അങ്ങനെയാണ് നായരായ കോവുണ്ണിനായർ അമ്മൻ കോവിലിൽ പൂജാരിയായത്. കറുത്തു തടിച്ച്, ധാരാളം കുടവയറുള്ള കോവുണ്ണിനായർ ദേഹം മുഴുക്കെ ഭസ്മം പൂശി നെറ്റിയിൽ ഒരു രക്തചന്ദനക്കുറിയും തൊട്ട്, വെളുത്ത മുണ്ട് തറ്റു ഉടുത്തതിന്റെ മേലേ ഒരു ചെറിയ ചുകന്ന മുണ്ടും ധരിച്ച് കോവിലിന്റെ പരിസരത്തു നടക്കുമ്പോൾ, ഒരു തമിഴൻ പൂജാരിയെ ഓർമ്മിപ്പിക്കുമായിരുന്നു. കൂടാതെ, നല്ല തമിഴും 'പേശു'മായിരുന്നു.

അമ്മൻകോവിലിൽ മൃഗബലി നിരോധിച്ചിരുന്നു. ഉണങ്ങല്ലരിച്ചോറ്, കട്ടിപ്പായസം, നെയ്യപ്പം എന്നിവയാണ് പ്രധാന നൈവേദ്യങ്ങൾ. എന്നാൽ ശ്രീകോവിലിൽനിന്നുവിട്ട്, അമ്പലപ്പറമ്പിന്റെ ഒരു മൂലയിൽ വേറൊരു പ്രതിഷ്ഠയുണ്ടായിരുന്നു. ഗുളികനാണത്രെ! അവിടെ രഹസ്യമായി രാത്രിയിൽ കോഴിയെ ബലി കൊടുക്കുമായിരുന്നു; ചിലപ്പോൾ ആടിനേയും. മുൻകൂട്ടി പറഞ്ഞാൽ കോവുണ്ണിനായർ അനുവദിക്കുമായിരുന്നു. കോവിലിന്റെ പിൻഭാഗത്തുള്ള കൊട്ടുപടി കടന്നിട്ടു വേണം ആടിനേയും കോഴിയേയും കൊണ്ടുവരാൻ. കോവുണ്ണിനായർ ആടിനെ ബലിയാക്കില്ല; അതിനെ കൊല്ലാനുള്ള ധൈര്യം അദ്ദേഹത്തിന്നില്ലാത്തതുതന്നെ കാരണം. ആടിനെ അറക്കാനുള്ള ആളേയും ഭക്തൻതന്നെ കൊണ്ടുവരണം. കോവുണ്ണി നായർ ഗുളികൻപ്രതിഷ്ഠക്കു മുമ്പിൽനിന്ന് കണ്ണടച്ച് തൊഴുത് കുറച്ചു നേരം നിൽക്കും, മന്ത്രം ചൊല്ലുകയാണെന്ന മട്ടിൽ. ശബ്ദം പുറത്തുവരാതെ അദ്ദേഹത്തിന്റെ അധരങ്ങൾ ചലിക്കുന്നുണ്ടാവും. ഒടുവിൽ അടുത്തിരിക്കുന്ന കിണ്ടിയിൽനിന്ന് കുറച്ചുവെള്ളം അദ്ദേഹം ബലിയാടിന്റെ ശരീരത്തിൽ തളിക്കും. രണ്ടു തുളസിയിലയും ചെമ്പരത്തിപ്പൂവും അതിന്റെ ദേഹത്തെറിയും.

അപ്പോൾ കൊല്ലാൻ ബാദ്ധ്യതപ്പെട്ട ആൾ ആടിനെ ബലക്കല്ലിന്മേൽ കിടത്തി അതിന്റെ ഉടലും തലയും ഒരു വെട്ടിനു വേർപെടുത്തും. എന്നിട്ട് ജഡത്തെ എടുത്തുകൊണ്ടു പോയി വേറൊരിടത്തുവെച്ച് പാകം ചെയ്ത്, വേവിച്ച മാംസം വലിയൊരു പാത്രത്തിലാക്കി വീണ്ടും കൊണ്ടുവന്നാൽ, അതിൽനിന്ന് തന്റെ പാത്രത്തിലേക്ക് കുറെയെടുത്തുമാറ്റി, ശേഷിച്ച ഭാഗം ഗുളികപ്രതിഷ്ഠക്കു മുമ്പിൽ വെച്ച് കുറച്ചുനേരം ചുണ്ടനക്കും. പിന്നീട് കുറച്ചു പൂവെടുത്ത് ആ പാത്രത്തിൽ എറിഞ്ഞാൽ ഭക്തന്നു അതെടുത്ത് കൊണ്ടുപോകാം. കോഴിയാണെങ്കിൽ കൊല്ലാൻ പുറത്തുനിന്ന് ആളെ കൊണ്ടുവരേണ്ട ആവശ്യമില്ല. എല്ലാം അദ്ദേഹംതന്നെ ചെയ്തുകൊള്ളും. പക്ഷെ, മാംസംമാത്രമായി അദ്ദേഹം മൂർത്തിക്കു സമർപ്പിക്കാറില്ല. ഭക്തൻ ഒരു കുപ്പി ചാരായംകൂടി കൊണ്ടുവരണം. ചാരായമില്ലാതെ മാംസനൈവേദ്യം ഗുളികദേവൻ സ്വീകരിക്കില്ലത്രെ! വ്യക്തമായി പറഞ്ഞാൽ, ചാരായമാണ് പ്രധാനനൈവേദ്യം. .ചാരായം കഴിക്കുമ്പോൾ തൊട്ടു കൂട്ടാനാണത്രെ മാംസം.

ചാരായവും നിവേദിച്ചു കഴിഞ്ഞാൽ, കോവുണ്ണിനായർ ഭക്തനെ വിളിക്കും. കൈ നീട്ടാൻ പറയും. അപ്പോൾ ഭക്തൻ വലതുകൈ നീട്ടി, ഉള്ളംകൈ ഒരു കുമ്പിളിന്റെ രൂപത്തിലാക്കി ക്ഷമയോടെ നിൽക്കും. ചാരായക്കുപ്പിയിൽനിന്ന് ഏതാനും തുള്ളികൾ കോവുണ്ണിനായർ ആ കൈക്കുമ്പിളിലേക്ക് വീഴ്ത്തും. അതാണ് പ്രസാദം. ബാക്കിവന്ന മാംസനൈവേദ്യവും ചാരായനൈവേദ്യവും കൊണ്ട് ഭക്തൻ സ്ഥലം വിട്ടാൽ കോവുണ്ണിനായർ കോവിലിന്റെ വാതിലടച്ച്, ഗുളികൻ കഴിക്കാതെ ബാക്കിയായ മാംസനൈവേദ്യവും ചാരായനൈവേദ്യവും എടുത്ത് വീട്ടിലെത്തും. അന്ന് അത്താഴം കഞ്ഞിയായിരിക്കില്ല. വലിയമ്മായിയും അമ്മയുംകൂടി, ചോറ് വെച്ച് കാത്തിരിക്കുന്നുണ്ടാവും. രണ്ടുനേരം കഴിക്കുന്ന ഭക്ഷണം അന്നെല്ലാവരും കൂടി അത്താഴത്തിന്നു കഴിക്കും. അനിയത്തിമാർ അന്ന് ജനിച്ചി

രുന്നില്ല. അതിനാൽ ആ ആർഭാടം അനുഭവിക്കാൻ അവർക്കു ഇടയായില്ല.

അമ്മൻകോവിലിലെ പൂജക്കുപുറമെ, കോവുണ്ണി നായർക്ക് മറ്റുചില സമുദായസേവനങ്ങൾകൂടി ഉണ്ടായിരുന്നു. വസൂരി നടമാടിയ കാലമായിരുന്നു അത്. വസൂരി ബാധിച്ച ആൾക്കാരെ കുടുംബാംഗങ്ങൾ മാറ്റി താമസിപ്പിക്കുമായിരുന്നു. കോവുണ്ണിനായരെ വിവരമറിയിച്ചാൽ അരിയും പൂവും എറിഞ്ഞ് വസൂരിദേവതയെ പ്രീണിപ്പിക്കുക മാത്രമല്ല, രോഗിയെ ശുശ്രൂഷിക്കാനുള്ള ഏർപ്പാടും അദ്ദേഹം ചെയ്യുമായിരുന്നു. വസൂരിയുടെ കാലമായാൽ, കോയമ്പത്തൂരിൽനിന്ന്, മുഖത്തു വസൂരിക്കലയുള്ള ഒരു ചെട്ടിയും വന്നെത്തും കോവുണ്ണിനായരെ സഹായിക്കാൻ. തമിഴ് നാട്ടിലായിരിക്കുമ്പോൾ, കോവുണ്ണിനായർക്കും വസൂരി പിടിപെട്ടിട്ടുണ്ടായിരുന്നുവത്രെ!. പക്ഷെ, സഹായിയായി എത്തിയിരുന്ന ചെട്ടിയുടെ മുഖത്തുള്ള അത്ര തന്നെ കലകൾ അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നില്ല.

എഴുതാനും വായിക്കാനും അറിയില്ലെങ്കിലും, മന്ത്രവാദം ചെയ്യാനും തകിടുകൾ എഴുതാനും കോവുണ്ണി നായർ പോകുമായിരുന്നു. അദ്ദേഹത്തിന്റെ നിരക്ഷരതയെക്കുറിച്ച് അധികം പേർക്കും അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം കണ്ണട ധരിച്ചതായി ആരുംതന്നെ കണ്ടിട്ടില്ല. എന്തെങ്കിലും എഴുതാനോ വായിക്കാനോ ആവശ്യപ്പെട്ടാൽ, കണ്ണടയില്ലായ്മയുടെ മറവിൽ അദ്ദേഹം ഒഴിഞ്ഞുമാറുകയായിരുന്നു പതിവ്.

കാലക്രമേണ ചെട്ടിമാരുടെ എണ്ണം നാട്ടിൽ കുറഞ്ഞു വന്നപ്പോൾ, അമ്മൻകോവിലിന്റെ കാര്യം അവതാളത്തിലായിത്തുടങ്ങി. കാണിക്കപെട്ടിയിൽ വീഴുന്ന പണം കോവിലിൽ വിളക്കു കൊളുത്താൻപോലും തികയാതെയായി. തന്നെയും കുടുംബത്തേയും ഏറെക്കാലമായി പോറ്റിവന്ന അമ്മൻകോവിലിനെ ഉപേക്ഷിക്കാൻ കോവുണ്ണിനായർക്ക് മനസ്സു വന്നില്ല. എണ്ണ വാങ്ങാൻ പണമില്ലെന്നു കണ്ടാൽ, ഒരു ചെറിയ കുപ്പിയുമെടുത്ത് അദ്ദേഹം അങ്ങാടിയിലേക്കിറങ്ങും. ഏതെങ്കിലും

ഒരു പലചരക്കുകടയിൽ കയറി തന്റെ ആവശ്യം പറയും. ദൈവത്തിന്റെ കാര്യമാകായാൽ, ഒരുത്തരും ഇല്ലെന്നു പറയാൻ ധൈര്യപ്പെടില്ല; അവരിൽ ഹിന്ദുക്കളും മുസ്ലിങ്ങളും കൃസ്ത്യാനികളും ഉൾപ്പെടും.

കോവിലകത്തിന്റെ ധനശേഷി ക്ഷയിച്ചുപോയതിനാൽ, അവിടെനിന്ന് യാതൊരുവിധ സഹായവും ഉണ്ടായില്ല. കോവിലിന്റെ നടത്തിപ്പിൽ അവർക്ക് ബാദ്ധ്യതയൊന്നുംതന്നെ ഉണ്ടായിരുന്നില്ല. സ്വന്തമായ ക്ഷേത്രമുള്ളപ്പോൾ, അവരെന്തിനു ഈ വയ്യാവേലിയെടുത്തു ചുമലിൽ വെക്കണം? അങ്ങനെ അമ്മൻ കോവിൽ ഒരു പ്രതിസന്ധി അഭിമുഖീകരിക്കയായിരുന്ന കാലത്താണ് ഒരു പുത്തൻ പണക്കാരൻ അവിടേക്ക് ചേക്കേറുന്നത്; കോടമ്പത്ത് വേലുമേനോൻ. കോവുണ്ണി നായർ അദ്ദേഹത്തെ ചെന്നുകണ്ട് വസ്തുതകൾ ധരിപ്പിച്ചു. കാട്ടിലെ മരം മുറിച്ച് ലോറിയിൽ കയറ്റി കർണ്ണാടകയിലും തമിഴകത്തും മറ്റിടങ്ങളിലും വിറ്റ് പെട്ടെന്നാണ് വേലുമേനോൻ പണക്കാരനായത്. സ്വന്തം സാമ്പത്തികനില നാട്ടുകാരുടെ മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ അദ്ദേഹത്തിന്നു താല്പര്യമുള്ള കാലം. എന്തായാലും, കോവുണ്ണി നായരുടെ സന്ദർശനം ഫലം കണ്ടു.

കോഴിക്കോട്ടുകാരനായ മേനോനെക്കുറിച്ച് അധികമൊന്നും ആർക്കും അറിവുണ്ടായിരുന്നില്ല. നാട്ടിലെ ഏക ബസ്സർവ്വീസ് നടത്തിയിരുന്ന അച്യുതൻനായരുടെ ആപ്പീസിൽ കണക്കെഴുത്തുകാരനായിട്ടാണ് അദ്ദേഹം നാട്ടിലെത്തിയത്. ജോലിക്കാര്യത്തിൽ മേനോൻ ഏറെ ശുഷ്ക്കാന്തിയൊന്നും പ്രദർശിപ്പിച്ചില്ല. ഇടക്കിടെ ജോലിസ്ഥലത്തുനിന്നും അപ്രത്യക്ഷനാകും. കാരണവരുടെ ഇഷ്ടത്തിന്നു വഴങ്ങാതെ അദ്ദേഹം കുഞ്ഞുക്കുട്ടിയമ്മയെ വിവാഹം ചെയ്തു. മേനോന്റെ വീട്ടുകാരെ അപേക്ഷിച്ച് സാമ്പത്തികശേഷി കൂടിയ ഒരു കുടുംബമായിരുന്നു കുഞ്ഞുക്കുട്ടിയമ്മയുടേത്. അതിനാൽ കാരണവർക്ക് അലോഗ്യം തോന്നേണ്ട കാര്യമൊന്നും ഉണ്ടായിരുന്നില്ല. പക്ഷെ കുടുംബവഴക്കായിരുന്നു ആ എതിർപ്പിന്നു പിന്നിൽ. കുഞ്ഞു

ക്കുട്ടിയമ്മയ്ക്കും വീട്ടുകാരുടെ എതിർപ്പിനെ നേരിടേണ്ടി വന്നു. അങ്ങനെ രണ്ടു വീട്ടുകാരേയും ശത്രുക്കളാക്കി അവരിരുവരും സ്വന്തം വീടുകൾ വിട്ടിറങ്ങി, ഒരു വാടകവീട്ടിൽ താമസമാക്കി. മേനോന്റെ കൈവശമുള്ള പണവും ഭാര്യയുടെ ആഭരണങ്ങളും തീർന്നപ്പോൾ, കയ്ക്കുന്ന ജീവിതയാഥാർത്ഥ്യങ്ങൾ അവരെ തുറിച്ചു നോക്കി. അതിനിടയിൽ ഭാര്യയുടെ ഗർഭധാരണവും മേനോനെ കുഴക്കി. ഉടനെ ഒരു ജോലി ലഭിച്ചില്ലെങ്കിൽ, അടുക്കളയിൽ പുക പൊങ്ങുകയില്ലെന്നു മാത്രമല്ല, വീട് ഒഴിഞ്ഞുകൊടുക്കുകയും വേണ്ടിവരും. സ്നേഹം കൊണ്ടുമാത്രം ജീവിതത്തെ മുമ്പോട്ടു നയിക്കുക സാദ്ധ്യമല്ലെന്ന് ഇരുവർക്കും ബോദ്ധ്യമായി. ദാരിദ്ര്യം അഭിമുഖീകരിക്കേണ്ടി വന്നതോടെ സ്നേഹമസൃണമായ വർത്തമാനം പറച്ചിൽ കുറവായി. ചിലപ്പോൾ രണ്ടുപേർക്കും പെട്ടെന്നു കോപം വന്നു തുടങ്ങി. അന്യോന്യം പഴി ചാരിയുള്ള സംസാരം ആരംഭിച്ചു.

സ്വന്തം ഭാര്യയിൽ അതുവരെ കാണാതിരുന്ന ഒരു സ്വഭാവം മേനോൻ ശ്രദ്ധിച്ചുതുടങ്ങി. എപ്പോഴും പ്രസന്നമായി കണ്ടിരുന്ന അവരുടെ മുഖത്ത് കാർമേഘങ്ങൾ വന്നടിഞ്ഞു. അടുത്തു കിടക്കുന്ന ഭാര്യ യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നു പൊട്ടിക്കരയുന്നത് കണ്ട് മേനോൻ അമ്പരന്നു. അറിയാതെ താനൊരു മഹാപരാധം ചെയ്തതായി അദ്ദേഹത്തിന്നു തോന്നിത്തുടങ്ങി. ചുറ്റും അസ്വസ്ഥത പരന്നു. കുറ്റബോധം മേനോനെ തളർത്തി. ഭാഗ്യവശാൽ, അപ്പോൾ അച്യുതൻ നായരുടെ കണക്കെഴുത്തു ജോലി ലഭിച്ചു. രണ്ടു പ്രബല കുടുംബങ്ങളെ അപ്രീതിപ്പെടുത്തിക്കൊണ്ട് മേനോനു ഒരു ജോലി കൊടുക്കാൻ നാട്ടിലാരും തയ്യാറാവാതെയിരുന്നപ്പോഴാണ് അച്യുതൻ നായർ സഹായിച്ചത്. സ്വാഭാവികമായും സ്വന്തം നാട്ടിൽനിന്ന് മുപ്പത്തഞ്ചു നാഴികദൂരെ അമരമ്പലത്ത് അദ്ദേഹത്തിന്റെ ടിമ്പർഡിപ്പോവിലാണ് മേനോന് ജോലി ചെയ്യേണ്ടിയിരുന്നത്. അങ്ങനെ ഭാര്യാസമേതനായി വേലുമേനോൻ അമരമ്പലത്തെ ഒരു ചെറിയ വീട്ടിലേക്ക് കുടിയേറി.

തന്റെ ജോലി ചെയ്യാനും അച്യുതൻനായരുടെ അഭാവത്തിൽ ടിമ്പർഡിപ്പോ നോക്കിനടത്താനും മേനോൻ അതിയായ നിഷ്ക്കർഷ കാണിച്ചു. മേനോന്റെ കൃത്യനിഷ്ഠയിൽ അച്യുതൻ നായർ വളരെ സംതൃപ്തനായിരുന്നു. വീട്ടിലെ അസംതൃപ്തി നിറഞ്ഞ അന്തരീക്ഷം ക്രമേണ അപ്രത്യക്ഷമായിത്തുടങ്ങി. മധുവിധുകാലത്തെ ആനന്ദവും സുഖവും തിരികെ വന്നു. ഒറ്റപ്പെട്ട ഒരിടത്തായിരുന്നു അവരുടെ വീട്. അതിനാൽ അവർക്ക് അയൽക്കാരായി ആരുമുണ്ടായിരുന്നില്ല. ഗർഭിണിയായ കുഞ്ഞുക്കുട്ടിയമ്മക്ക് വീട്ടുജോലി ഒരു ഭാരമായി. അതിനാൽ പലപ്പോഴും മേനോന് ജോലിക്കു പോകാനാകാതെ ഭാര്യയെ സഹായിക്കേണ്ടിവന്നു. ഇക്കാര്യത്തിൽ പലപ്പോഴും മേനോനും അച്യുതൻനായരും തമ്മിൽ വിവാദങ്ങളുണ്ടായി. മേനോന്റെ അഭാവം ജോലിനഷ്ടത്തിൽ കലാശിക്കുമോ എന്ന നിലവരെ എത്തി. അപ്പോൾ സഹപ്രവർത്തകനായ പത്മനാഭ പണിക്കർ സഹായത്തിനെത്തി. മേനോന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ജോലിയും ചെയ്തുകൊള്ളാമെന്ന് അയാൾ ഏറ്റു. മേനോന്റെ പശ്ചാത്തലം നന്നായി അറിയാവുന്ന അച്യുതൻ നായർ വൈമനസ്യത്തോടെയാണെങ്കിലും അതിനു സമ്മതം മൂളി. ഒരു നിബന്ധന മാത്രം; ജോലി ചെയ്യുന്ന ദിവസങ്ങൾക്കു മാത്രമെ ശമ്പളം ലഭിക്കുകയുള്ളൂ.

അധികം വൈകാതെ ആദ്യത്തെ സന്തതി പിറന്നു. ആ ദമ്പതികൾ ശിശുവിന്ന് മുരളി എന്നു പേരിട്ടു. മുരളിയുടെ ജനനം അവരുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. കുഞ്ഞുകുട്ടിയമ്മക്ക് ഏകാന്തതയിൽനിന്ന് മോചനം ലഭിച്ചു. മേനോന് ജോലിയിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിഞ്ഞു. മാത്രമല്ല, മരം കയറ്റിയ ലോറികൾ മറ്റിടങ്ങളിലേക്കു പോകുമ്പോൾ, കൂടെ പോകാനുള്ള ചുമതലയും മേനോന്റേതായി. ഓരോ യാത്രയിലും രണ്ടു മൂന്നു ദിവസം വീട്ടിൽനിന്നു വിട്ടുനിൽക്കേണ്ടിവന്നാലും വരുമാനത്തിലെ വൃദ്ധി മനസ്സിന്ന് സന്തോഷം നൽകി.

മുരളിക്കുശേഷം ലക്ഷ്മി ജനിച്ചപ്പോഴേക്കും മേനോൻ ദമ്പതികളുടെ സാമ്പത്തികനില മെച്ചപ്പെട്ടിരുന്നു. അമരമ്പലത്ത് പത്തു സെന്റ് ഭൂമി വാങ്ങിച്ച് അതിലൊരു ചെറിയ വീട് പണിയാൻ അവർക്കു കഴിഞ്ഞു. തമിഴ്നാട്ടിലും മൈസൂർ സംസ്ഥാനത്തിലും മരക്കച്ചവടം നടത്തുവാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും മേനോന്റെ ചുമലിലായി.

അച്യുതൻനായരുടെ അപ്രതീക്ഷിതമായ മരണം അദ്ദേഹത്തിന്റെ ജോലിക്കാരുടെ ജീവിതത്തെ ആകെ മാറ്റിമറിച്ചു. സമ്പന്നനായിരുന്നെങ്കിലും അവിവാഹിതനായിരുന്നു അദ്ദേഹം. അവകാശികളായി ആരുമുണ്ടായിരുന്നില്ല. അങ്ങനെ, അച്യുതൻനായരുടെ വസ്തുവകകൾ അദ്ദേഹത്തിന്റെ മരണസമയത്ത് ആരുടെ കൈവശമാണോ ഉണ്ടായിരുന്നത്, അവരുടെതായി. അച്യുതൻനായരുടെ മരണസമയത്ത് രണ്ടുലോറികളിൽ മരവും കയറ്റി മേനോൻ പൊള്ളാച്ചിക്ക് പോയിരിക്കയായിരുന്നു. മടങ്ങിവന്നതോടെ മേനോൻ രണ്ടു ലോറികളുടെ ഉടമസ്ഥനായി; കീശയിൽ രണ്ടായിരത്തോളം രൂപയും.

മേനോന്റെ ഭാഗ്യത്തിന്ന് അതിരുണ്ടായിരുന്നില്ല. വെച്ചടി വെച്ചടി കയറ്റം. പഴയ വീട് പൊളിച്ചു, അവിടെ ഒരു രമ്യഹർമ്മ്യം ഉയർന്നു. നാട്ടിലെങ്ങും കാണാത്തതും കിട്ടാത്തതുമായ ആഡംബരവസ്തുക്കൾ ആ മാളികയിൽ നിറഞ്ഞു. കോവിലകത്തുകാർക്കുപോലും ഇല്ലാത്ത തരത്തിലുള്ള മുന്തിയ ഒരു വിദേശനിർമ്മിത കാർ മേനോന്റേതായി. നിരവധി വസ്തുവകകൾ വാങ്ങികൂട്ടി. കുഞ്ഞിക്കട്ടി അമ്മയുടെ ശരീരം വീണ്ടും സ്വർണ്ണത്തിൽ പൊതിഞ്ഞു. പുരുഷന്മാർ ആഭരണം ധരിക്കുന്ന രീതി നിന്നുപോയിരുന്നുവെങ്കിലും മേനോന്റെ ഇരുചെവികളും സ്വർണക്കടുക്കനാൽ അലങ്കരിക്കപ്പെട്ടു. മുൻഭാഗം തുറക്കാത്ത, പുരുഷന്മാരുടെ കുപ്പായം നിലവിൽ വരാത്ത കാലത്ത്, മേനോൻ മുൻഭാഗം തുറന്ന ഷർട്ട് ധരിച്ചു. ഒരു സ്വർണച്ചെയിനിനാൽ ബന്ധിക്കപ്പെട്ട ഏഴെട്ടു സ്വർണകുടുക്കുകൾ അതിന്മേൽ തിളങ്ങി. ബാലചന്ദ്രൻ മൂന്നാമത്തെ സന്താന

മായി അതിനിടെ ജനിച്ചിട്ടുണ്ടായിരുന്നു. കുട്ടികളുടെ കാര്യം നോക്കാനായിമാത്രം ഒരാൾ നിയമിക്കപ്പെട്ടു. വീട്ടുകാര്യങ്ങളിൽ സഹായിക്കാൻ രണ്ടുമൂന്നു വേലക്കാരികൾ പുറമെ.

മേനോന്റെ വളർച്ചയിൽ നാട്ടുകാർ അതിശയിച്ചു.; ചിലർ അസൂയപ്പെട്ടു. മറ്റുചിലർ സന്തോഷിച്ചു. സമ്പന്നകുടുംബത്തിൽ ജനിച്ചുവളർന്ന വേലുമേനോൻ ഒരു പ്രേമവിവാഹത്തിന്റെ പേരിൽ എന്നും ദാരിദ്ര്യം അനുഭവിച്ചു കൊള്ളണമെന്നില്ലല്ലോ. സ്നേഹിച്ച പുരുഷനെ, എതിർപ്പുകളുണ്ടാകുമെന്ന് അറിഞ്ഞിട്ടും വിവാഹം ചെയ്യാൻ ധൈര്യം കാണിച്ച കുഞ്ഞുക്കുട്ടിയമ്മയിൽ ദൈവം കനിയാതിരിക്കുമോ?

“ആരാണ് ഇപ്പോൾ ഇറങ്ങിപ്പോയത്, ബാലചന്ദ്രനല്ലേ?” പറമ്പിലെ പച്ചക്കറിക്കൃഷി നോക്കാൻ പോയിമടങ്ങിയെത്തിയ അമ്മയുടെ ചോദ്യം കേട്ടാണ് ബാലകൃഷ്ണൻ ചിന്തയിൽനിന്ന് ഉണർന്നത്. ദൂരെ ദൃഷ്ടിപഥത്തിൽ നിന്ന് മറഞ്ഞിരിക്കുന്നു.

“അതെ.” ബാലകൃഷ്ണൻ സമ്മതിച്ചു.

“നിനക്കെന്നെ ഒന്നു വിളിക്കാമായിരുന്നില്ലേ? എന്താണാവോ വിശേഷം?” ബാലകൃഷ്ണൻ ശിരസ്സല്പം ചെരിച്ച്, മുറ്റത്തു നിൽക്കുന്ന അമ്മയുടെ മുഖത്തു നോക്കി. കാര്യമറിയാനുള്ള ഔത്സുക്യത്തോടെ അമ്മ സൂക്ഷിച്ചുനോക്കുന്നു. അമ്പത്തിരണ്ട് വയസ്സേ ആയിട്ടുള്ളുവെങ്കിലും ആദ്യകാലങ്ങളിലെ ദുരിതം നിറഞ്ഞ ജീവിതം അമ്മയുടെ മുഖത്തും ശരീരത്തിലും ഒരു പതിനഞ്ചു വർഷം കൂടി അധികം ജീവിച്ചാലുണ്ടാകുമായിരുന്ന അടയാളങ്ങൾ പതിച്ചുവെച്ചിട്ടുണ്ട്. മുടി നന്നായി നരച്ചിരിക്കുന്നു. നെറ്റിയിൽ ആവശ്യത്തിലേറെ ചുളിവുകൾ. കവിളുകൾ അല്പം തൂങ്ങിയിരിക്കുന്നു. ഇന്നത്തെ സമ്പന്നതയ്ക്കും ചർമ്മത്തിലെ ചുളിവുകളെ മായ്ച്ചുകളയാൻ കഴിഞ്ഞിട്ടില്ല. ദൈന്യത കലർന്ന ഒരു ഭാവമാണ് മുഖത്ത്. മുഷിഞ്ഞ് അല്പം മണ്ണു പുരണ്ട മുണ്ടും ബ്ലൗസും. ബ്ലൗസ് നരച്ച് നിറം മങ്ങിയിരിക്കുന്നു. പഴയതെല്ലാം ഉപേക്ഷിക്കണമെന്നു പറഞ്ഞാൽ അമ്മ സ്വീകരിക്കില്ല. നരച്ചതു മാത്രമല്ല, കീറിയ വസ്ത്രങ്ങ

ളും ധരിച്ചു ജീവിച്ചവളാണ് താൻ എന്നാണ് അമ്മയുടെ സിദ്ധാന്തം. നിർബ്ബന്ധിക്കുമ്പോഴെല്ലാം "നീ ധാരാളം സമ്പാദിച്ചിട്ടുണ്ടല്ലോ, അതുകൊണ്ട് ഞാനിനി കീറിയ വസ്ത്രം ധരിക്കില്ല; പക്ഷെ കീറുന്നതുവരെ ധരിക്കും" എന്നാണ് അമ്മ പറയുക.

"വിവാഹത്തിന്ന് ക്ഷണിക്കാൻ വന്നതാണ്. അടുത്ത വ്യാഴാഴ്ചയാണ് വിവാഹം."

"എന്നിട്ടെന്തേ ഞാൻ വരുന്നതിന്നുമുമ്പ് പോയ്ക്കളഞ്ഞത്? എന്നെ ഒന്നു വിളിക്ക്യായിരുന്നില്ലേ നിനക്ക്?" അമ്മ ഉമ്മറത്തേക്ക് കയറി.

"ഒരുപക്ഷെ ഞാൻ പറഞ്ഞത് രസിച്ചിട്ട്ണ്ടാവില്യാ. അതോണ്ടായിരിക്കും ഓടിപ്പോയത്."

"ഓടിപ്പോവാൻ നീയെന്തേ പറഞ്ഞത്? അധികപ്രസംഗം എന്തെങ്കിലും പറഞ്ഞിരിക്കും. ഒന്നൂല്യെങ്കിൽ നിന്റെ ഏട്ടനാണെന്ന് ഓർക്കണ്ടേ?"

"ഏട്ടനാണെന്ന് ഓർക്കണം, അല്ലേ? ഇങ്ങനെ ഒരു അനിയൻ ഉണ്ടെന്നു അയാളോ, അവിടെയാരെങ്കിലും ഇത്രയും കാലം ഓർത്തിട്ടുണ്ടോ? ക്ഷണക്കത്ത് തന്നപ്പോ ഞാൻ ചോദിച്ചു, ഇതിനുമുമ്പും അവിടെ കല്യാണങ്ങൾ നടന്നിട്ടുണ്ടല്ലോ. അന്നൊന്നും ക്ഷണിക്കാതിരുന്നിട്ട് ഇതിനിപ്പോ ക്ഷണിക്കാനെന്താ കാരണംന്ന്. കഴിഞ്ഞതൊക്കെ മറക്കണംത്രെ. മറക്കാൻ പറ്റ്വോ നമുക്ക്?"

"ബാലചന്ദ്രൻ മറ്റുള്ളോരെന്ത്യല്ലാ. സ്നേഹള്ളോനാ. എവടെവെച്ചു കണ്ടാലും ലോഗ്യം ചോദിക്കും. നീയവനെ മുഷിപ്പിച്ചു പറഞ്ഞയക്കേണ്ടായിരുന്നു. എവിടുന്നാ പെണ്ണ്?"

"അതൊന്നും ഞാൻ അന്വേഷിച്ചില്യാ. കല്യാണം കഴിക്കണംച്ചിട്ടല്ല. ചെറ്യമ്മേംകുട്ട്യോളേം ഓർത്തിട്ടാ കല്യാണം കഴിക്കണ് എന്ന് പറഞ്ഞു."

"ശര്യാവും. ആ രണ്ടു പെങ്കുട്ട്യോൾക്കും സംസാരിക്കാൻ ഒട്ടും വയ്യാ. കല്യാണപ്രായോം ആയിരിക്ക്ണു. എന്താ ചെയ്യാ? "

"അച്ഛൻ ചെയ്ത കർമ്മഫലംതന്നെ. അതിന്ന് ഇപ്പോൾ സഹതപിച്ചിട്ടെന്താ കാര്യം? "

"ഇങ്ങനെ്യാന്നും പറയരുത് ബാലാ. ദൈവകോപം കിട്ടും. ആ കുട്ട്യോള് നമ്മോട് എന്ത് തെറ്റാ ചെയ്തത്? നമ്മടെ കർമ്മദോഷംകൊണ്ട് നമ്മള് കുറെ കഷ്ടപ്പെട്ടൂന്ന് കൂട്ട്യാ മതി. നീ പോയാലും പോയില്ലെങ്കിലും ഞാൻ കല്യാണത്തിന് പോവും. "

"അനുഭവിച്ചതൊന്നും പോരേ അമ്മയ്ക്ക്?"

"നീ ഒന്നും പറയണ്ടാ. ഞാൻ പോവും. ഇക്കാര്യത്തില് നീ പറയണത് ഞാൻ കേക്കാൻ പോണില്യാ." അമ്മ കോപിച്ചിട്ടെന്നപോലെ തിരക്കിട്ട് അകത്തേക്ക് പോയി.

## അദ്ധ്യായം 2

ബാലചന്ദ്രനോടുള്ള മകന്റെ പെരുമാറ്റത്തിൽ അമ്മുവമ്മക്കു അതിയായ മനസ്താപമുണ്ടായി. മകനോട് അവന്റെ അച്ഛൻവീട്ടുകാർ പോകട്ടെ, അച്ഛനായ വേലു മേനോൻപോലും മമതയോ സഹതാപമോ കാണിച്ചിട്ടില്ല. ഏതാനും തവണ മകനേയുംകൊണ്ട് അവരുടെ വീട്ടിൽ പോയിട്ടുണ്ട്. ബാലകൃഷ്ണനെ ഗർഭം ധരിച്ചതുതന്നെ അവരുടെ വീട്ടിൽ താമസിക്കുമ്പോഴായിരുന്നു. വേലുമേനോൻ സരോജിനിയമ്മയെ വിവാഹം ചെയ്യുന്നതിന്നു മുമ്പുതന്നെ, തന്റെ ഗർഭത്തിൽ ബാലകൃഷ്ണൻ വളരാൻ തുടങ്ങിയ കാര്യം അമ്മുവിന്ന് അറിയാമായിരുന്നു. എന്നാൽ വേലുമേനോന്റെ ശിശുവാണ് അവളുടെ ഗർഭത്തിൽ വളരുന്നതെന്ന് നാട്ടിൽ മുഴുവൻ പാട്ടായതോടെ, അവളെ കാണുന്നതുതന്നെ ആ വീട്ടുകാർക്ക് ചതുർത്ഥിയായി. അടുക്കള മുറ്റത്ത് അമ്മു എത്തിയാൽ, ഇങ്ങനെയൊരാൾ വന്നിട്ടുണ്ടെന്ന ഭാവംപോലും മാലതിയമ്മയോ, കുഞ്ഞുക്കുട്ടിയമ്മയുടെ മകൻ മുരളിയോ കാണിച്ചില്ല. ലക്ഷ്മി ചിരിച്ചുകൊണ്ട് അടുത്തു വന്നാൽ, മാലതിയമ്മ വേലക്കാരെ വിട്ട് അവളെ പിടിച്ചുകൊണ്ടുപോകും. ബാലചന്ദ്രന്ന് അന്ന് മുട്ടുകുത്തി നടക്കുന്ന പ്രായമാണ്.

നാലാമത്തെ പ്രസവത്തിൽ കുഞ്ഞുക്കുട്ടിയമ്മ മരിച്ചുപോയശേഷം അഞ്ചാറുമാസം കഴിഞ്ഞപ്പോൾ, കുട്ടികളെ നോക്കാനായി വേലുമേനോൻ വിവാഹം കഴിച്ച സരോജിനിയമ്മ മേനോനെ ഉപേക്ഷിച്ചു പോയപ്പോൾ, അദ്ദേഹത്തിന്റെ മൂന്നാമത്തെ ഭാര്യയായി വന്നതാണ് മാലതിയമ്മ.

അമ്മുവിന്ന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ, അമ്മായിയുടെ സഹായത്തിന്നായി അമ്മാമൻ അവളെ അമരമ്പലത്തേക്കു കൊണ്ടുവന്നതാണ്. ദാരിദ്ര്യത്തിന്നിടയിൽ, ഒരാൾ കുറ

ഞ്ഞാൽ അത്രയും ഭാരം കുറയുമല്ലോ എന്നോർത്താണ് അമ്മ അവളെ അമ്മാമന്റെ കൂടെ അയച്ചത്. അതിന്നുശേഷം ദുർല്ലഭ മായേ സ്വന്തം വീട്ടിൽ പോയിട്ടുള്ളു. മക്കളില്ലാത്ത തങ്ങൾക്ക് ദൈവം തന്ന മകളാണ് അമ്മു എന്ന് അമ്മായി അയൽക്കാ രോട് പറയുന്നത് എത്രയോ തവണ കേട്ടിരിക്കുന്നു. പറയുക മാത്രമല്ല, സ്വന്തം മകളെപോലെത്തന്നെ സംരക്ഷിക്കുകയും ചെയ്തിരുന്നു. എട്ടാം ക്ലാസിൽ തോൽക്കുന്നതുവരെ സ്ക്കൂളിൽ ചേർത്തു പഠിപ്പിക്കുകയും ചെയ്തു. കാഴ്ചക്ക് അപാകതയൊ ന്നും തോന്നിച്ചിരുന്നില്ലെങ്കിലും തനിക്കെന്തോ രോഗമുണ്ടെന്നു അമ്മായി കൂടെക്കൂടെ പറയുമായിരുന്നു. ചെറുപ്പത്തിൽ മൂന്നു നാലു തവണ അമ്മായിക്ക് ഗർഭം അലസുകയുണ്ടായിട്ടുണ്ട്. കോഴിക്കോട്ടെ ജില്ലാസ്പത്രിയിൽ പരിശോധിച്ചപ്പോൾ, അമ്മാ യിക്കിനി കുട്ടികളുണ്ടാവില്ലെന്ന് പറയുകയുണ്ടായി. അതിന്നു ശേഷമാണ് അമ്മു അവരുടെ അടുത്തേക്കു വന്നത്. വയറിന കത്ത് എപ്പോഴും തോന്നിയിരുന്ന എരിച്ചിലിന്ന് നാട്ടുവൈദ്യം ചെയ്തിരുന്നെങ്കിലും പറയത്തക്ക ഫലമുണ്ടായതായി കണ്ടില്ല.

ഗർഭിണിയായി അഞ്ചാറുമാസം കഴിഞ്ഞപ്പോൾത്തന്നെ, എന്തോ കുഴപ്പമുണ്ടെന്ന് കുഞ്ഞുക്കുട്ടിയമ്മക്ക് തോന്നിയിരു ന്നു. അതിനാൽ അവരും മേനോനും കോഴിക്കോട് ജില്ലാസ്പ ത്രിയിൽ പോയി വിദഗ്ദ്ധഡോക്ടർമാരെ കണ്ടിരുന്നു. തന്റെ സംശയത്തെ അവർ സ്ഥിരീകരിച്ചതോടെ കുഞ്ഞുക്കുട്ടിയമ്മയു ടെ മനസ്സ് തളർന്നു. തനിക്കെന്തെങ്കിലും സംഭവിച്ചാൽ കുട്ടിക ൾക്കാരുണ്ട് തുണ എന്നായി അവരുടെ ചിന്ത. അവർക്ക് മന ശ്ശക്തി കൊടുക്കാൻ വേലുമേനോൻ ചെയ്ത പ്രയത്നത്തിന്ന് കാ ര്യമായ ഫലമൊന്നുമുണ്ടായില്ല. അവരെ സഹായിക്കാനായി അ മ്മുവിനെ അയക്കണമെന്ന് വേലുനേനോൻ അമ്മാമനോടു പറഞ്ഞപ്പോൾ, അദ്ദേഹത്തിന്ന് അനുസരിക്കയല്ലാതെ മാർഗ്ഗമൊ ന്നും ഉണ്ടായിരുന്നില്ല..

ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം പ്രസവതിയ്യതിക്കു ഒരുമാസം മുമ്പുതന്നെ കുഞ്ഞുക്കുട്ടിയമ്മയെ ജില്ലാസ്പത്രിയി

ൽ പ്രവേശിപ്പിച്ചപ്പോൾ, അമ്മുവും അവരെ അനുഗമിച്ചു. സ്ത്രീകളുടെ വാർഡിൽ പുരുഷന്മാർക്കു പ്രവേശനമില്ലല്ലോ. ബോധരഹിതയായി കിടന്ന കുഞ്ഞുക്കുട്ടിയമ്മയെ രക്ഷിക്കാൻ, ഗർഭസ്ഥശിശുവിനെ കീറിമുറിച്ചിട്ടും, ഡോക്ടർമാർക്ക് കഴിഞ്ഞില്ല. മരണവിവരം അറിഞ്ഞ് അവരുടെ തറവാട്ടിൽനിന്ന് ബന്ധുക്കൾ വന്ന് മൃതദേഹം തറവാട്ടുവളപ്പിൽ അടക്കം ചെയ്യാമെന്നു പറഞ്ഞുവെങ്കിലും മേനോൻ വഴങ്ങിയില്ല. ദുർമരണമായതിനാൽ നാട്ടുനടപ്പുപ്രകാരം ഭുമിയിൽ അടക്കം ചെയ്യുകയാണുണ്ടായത്. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ശവമടക്കിയ സ്ഥലത്ത് ഒരു കല്ലറ പണിത് അവിടെ നിത്യവും ദീപംകൊളുത്താൻ മേനോൻ ഏർപ്പാട് ചെയ്തു. മേനോൻ സ്വപത്നിക്ക് പണിത ടാജ്മഹാളാണ് ആ കല്ലറ  എന്ന് അസൂയാലുക്കൾ സ്വകാര്യം പറയുന്നത് അമ്മു കേട്ടിട്ടുണ്ട്.

ആസ്പത്രിയിൽ കിടക്കുമ്പോൾ തനിക്കെന്തെങ്കിലും പറ്റിയാൽ തന്റെ കുട്ടികളെ നോക്കിക്കൊള്ളണേയെന്ന് കുഞ്ഞുക്കുട്ടിയമ്മ പലതവണ പറഞ്ഞിട്ടുണ്ട്. അമ്മുവിന്റെ പെരുമാറ്റവും കുട്ടികളോടുള്ള വാത്സല്യവും അവർക്ക് നന്നേ ബോധിച്ചിരുന്നു. കുട്ടികളെ നോക്കാൻ അമ്മുവിനെ ഏല്പിക്കണമെന്ന് മേനോനോടും അവർ പറഞ്ഞിരുന്നുവത്രെ! അങ്ങനെ, കുഞ്ഞുകുട്ടിയമ്മയുടെ മരണശേഷം, കുട്ടികളെ നോക്കാനായി അമ്മു നിയുക്തയായി. ആദ്യകാലങ്ങളിൽ ദിവസത്തിലൊരിക്കലെങ്കിലും അമ്മു വീട്ടിൽപോയി അമ്മായിയെ സഹായിക്കുമായിരുന്നെങ്കിലും ക്രമേണ ആ പതിവ് നിന്നുപോയി. ലക്ഷ്മിയേയും ബാലചന്ദ്രനേയും നോക്കാൻതന്നെ സമയം മതിയായിരുന്നില്ല. പിന്നെങ്ങനെയാണ് വീട്ടിൽ പോയിവരിക?

കുട്ടികളുമായി അമ്മു ഇരിക്കുമ്പോൾ മേനോൻ ആ വഴി വരികപോലുമില്ല. ആ കുടുംബവത്തിലെ ഒരു അംഗമായി അമ്മു ക്രമേണ ഇണങ്ങിച്ചേർന്നു. മേനോനുമായി സംസാരിക്കുന്നതിലുള്ള പരിഭ്രാന്തി വിട്ടകന്നു. മുരളി അല്പം മുതിർന്ന കുട്ടി ആയിരുന്നതിനാൽ, അത്രതന്നെ അടുപ്പം കാണിച്ചിരുന്നില്ല.

തന്നെ സ്ക്കൂളിൽ കൊണ്ടുപോയിരുന്ന നാരായണൻനായരോ ടായിരുന്നു അവന്ന് അധികം അടുപ്പം. എന്നാൽ ലക്ഷ്മിക്കും ബാലചന്ദ്രനും അമ്മുവില്ലാതെ കഴിയില്ലായിരുന്നു. കുളിക്കാനും കളിക്കാനും വസ്ത്രം ധരിക്കാനും ഭക്ഷണം കഴിക്കാനും ഉറ ങ്ങാനും അമ്മു വേണം. അമ്മുവിനും കുട്ടികളെന്നു വെച്ചാൽ പ്രാണനായിരുന്നു. യാന്ത്രികമായി നീങ്ങിക്കൊണ്ടിരുന്ന ജീവിത ചര്യകൾക്കിടയിൽ സ്വന്തം ജീവിതത്തെക്കുറിച്ച് ഓർക്കാൻപോ ലും അവൾക്ക് നേരമില്ലായിരുന്നു.

ഒരു ദിവസം ലക്ഷ്മിയെ കുളിപ്പിച്ച് അവളുടെ മുടി പിന്നിട്ടു കൊടുക്കുകയായിരുന്നു അമ്മു. അപ്പോൾ മേനോൻ കയ്യിലൊരു കെട്ട് തുണിയുമായി തളത്തിലേക്ക് കടന്നുവന്നു .ആദരപൂർവ്വം എഴുന്നേറ്റുനിന്ന അമ്മുവിന്റെ കൈകളിലേക്ക് അദ്ദേഹം ആ കെട്ടു ഇട്ടുകൊടുത്തു.

"അമ്മു ഇനി വീടിന്റെ പുറത്തേക്കിറങ്ങുമ്പോൾ മേൽ മുണ്ട് ചുറ്റി ഇറങ്ങിയാൽ മതി." അമ്മുവിനെ ഒന്നു തറപ്പിച്ചു നോക്കിയിട്ട് അദ്ദേഹം പറഞ്ഞു. മേനോന്റെ നോട്ടത്തെ നേരി ടാനാകാതെ ശിരസ്സ് നമിച്ച് അമ്മു 'ശരി' യെന്ന അർത്ഥത്തിൽ ഒന്നു മൂളി. അമ്മുവിനോട് ചേർന്നുനിന്നിരുന്ന ലക്ഷ്മിയുടെ ശിരസ്സു ഒരു നിമിഷം തലോടിയിട്ട് മേനോൻ പുറത്തേക്ക് ഇറങ്ങിപ്പോയി.

ലക്ഷ്മിയെ കളിക്കാൻ അയച്ചിട്ട് അമ്മു തുണിക്കെട്ട ഴിച്ചുനോക്കി. മുണ്ടിനടിയിൽ ഉടുക്കുവാനുള്ള ഒന്നര, ബ്ലൗസ്, ബോഡീസ്, മേൽമുണ്ട്, എല്ലാം രണ്ടെണ്ണം വീതം. കുഞ്ഞു ക്കുട്ടിയമ്മ ധരിച്ചിരുന്ന തരത്തിലുള്ള വില കൂടിയ ഇനങ്ങളല്ല; എന്നാൽ അടിച്ചുതളിക്കാരി പാറുവമ്മ ധരിക്കുന്നതിനേക്കാൾ മേത്തരം. തന്റെ കാര്യത്തിൽ മേനോൻ കാണിച്ച താല്പര്യ ത്തിൽ അമ്മുവിന്ന് സന്തോഷം തോന്നി.

മേനോൻ തന്ന സമ്മാനങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ, അമ്മായി പറഞ്ഞു, "നന്നായി. നീയിപ്പോൾ വളർന്നു വലുതായ ഒരു പെണ്ണായിരിക്കുന്നു. നിണക്ക് പതിനെട്ടു കഴിഞ്ഞു പ്രായം.

അവര് വലിയ ആൾക്കാരാ. അവരുടെ നിലക്കൊത്തു വേണം നീ അവിടെ കഴിയാൻ. നിണക്ക് ഇതെല്ലാം വാങ്ങിത്തരണ്ടാ എന്നു വെച്ചിട്ടല്ല; അമ്മാമനും അമ്മായീം വിചാരിച്ചാൽ നടക്കണ്ടേ?.. ''

''അതൊക്കെ എനിക്കറിഞ്ഞൂടെ, അമ്മായി.''

''നീ പറഞ്ഞതുകേട്ടു നടന്നാ മതി. നിന്റെ കാര്യങ്ങളൊക്കെ മേനോൻ നോക്കിക്കോളും. നല്ലൊരു സംബന്ധക്കാരനെ കണ്ടുപിടിച്ച് നിന്റെ കല്യാണം നടത്തിത്തരാനും മേനോനു കഴിയും. ''

''അമ്മായി ഇതൊക്കെ എന്തിനാ പറയണ്? ഞാനങ്ങനൊക്കെത്തന്നെയല്ലേ കഴിയണ്. കുട്ടികളോടല്ലാതെ ഞാനാരോടും മിണ്ടാറുംകൂടില്യാ. എന്നെപ്പറ്റി വല്ല ആക്ഷേപോംണ്ടന്ന് അമ്മാമനോട് ചോയ്ച്ചോക്കു.'' അമ്മായി തന്റെ നിലപാടിൽ തെറ്റിദ്ധരിച്ചതിൽ അമ്മുവിന്ന് സങ്കടം തോന്നാതിരുന്നില്ല.

''ആക്ഷേപംണ്ട്ന്ന് ഞാൻ പറഞ്ഞില്യാ. നിൻെറ നന്മക്കായി പറയ്ാന്ന് മാത്രം.'' അമ്മായി ആശ്വസിപ്പിച്ചു.

അമ്മു പുതിയ വസ്ത്രങ്ങളും ധരിച്ച് നടക്കുന്നതു കണ്ടപ്പോൾ പാറുവമ്മ അർത്ഥംവെച്ചു ചിരിച്ചു; നാരായണൻ നായരും ചിരിച്ചു.

''അമ്മുവിന്ന് നല്ല കാലാന്നാ തോന്ന്ണ്. മേൽമുണ്ടൊക്കെ വാങ്ങിത്തരാൻ മേനോന് തോന്നീലോ'' പാറുവമ്മ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കാതെ അമ്മു അവരെ നോക്കി. പാറുവമ്മ തുടർന്നു, ''എനിക്കൊരു മുണ്ട് വാങ്ങിത്തരാൻ മേനോന്ന് തോന്നീലല്ലോ.''

''പാറോമ്മക്കെന്തിനാ മേൽമുണ്ട്? പാറോമ്മ മേൽമുണ്ട് ഇടാറില്ലല്ലോ.''

''കുട്ടി ഇത്രേംകാലം മേൽമുണ്ടിട്ടിട്ടാണോ നടന്നത്? ഇനിക്ക് ഇടാൻ മോഹം ഇല്യാഞ്ഞിട്ടൊന്നോല്ല. വാങ്ങാൻ നീർ

ത്തില്യാഞ്ഞിട്ടന്യാ. ഇതൊന്നും ഇല്യാഞ്ഞിട്ടന്നെ ഇത്രേം കാലം കഴിഞ്ഞില്ലേ്യ? ഇപ്പൊ വയസ്സ്യായി.''

മേൽമുണ്ടും ധരിച്ച് നടക്കുമ്പോൾ അമ്മുവിന്ന് തോന്നി, ഇപ്പോൾ താനൊരു യുവതി ആയിരിക്കുന്നുവെന്ന്. പ്രായത്തെക്കുറിച്ചോ, വസ്ത്രധാരണത്തെക്കുറിച്ചോ ഇത്രയും നാൾ അവൾ ബോധവതിയായിരുന്നില്ല. ഒരു പുതിയ ബോധം മനസ്സിൽ ഉടലെടുത്തു. പതിനെട്ടു വസന്തങ്ങൾ പിന്നിട്ട തന്റെ ശരീരത്തിൽ, യൗവനം എഴുതിച്ചേർത്ത വർണചിത്രങ്ങളെ കുറിച്ച് അവൾ മനസ്സിലാക്കി. കുളി കഴിഞ്ഞ് കണ്ണെഴുതി, പൊട്ടും തൊട്ട്, മുഖത്തല്പം ടാൽക്കംപൗഡർ പൂശിയപ്പോൾ, 'അയ്യടാ' എന്നു അവള് മനസ്സിൽ പറഞ്ഞു. ഉള്ളിൽ ഒരു മന്ദഹാസം പൂവണിഞ്ഞു.

അമ്മുവിന്റെ രൂപമാറ്റം മറ്റുള്ളവരുടെ പെരുമാറ്റത്തിൽ ഉണ്ടാക്കിയ മാറ്റം ആദ്യമായി പ്രകടമായത് മുരളിയിലായിരുന്നു. അവളുടെ നടപ്പും ഇരിപ്പും അവൻ ഒളിഞ്ഞും തെളിഞ്ഞും നോക്കുന്നത് ഒരു ദിവസം യാദൃച്ഛികമായി കണ്ണിൽപെട്ടു. എന്തുപറ്റി ഇവന്ന്? എപ്പോഴും നാരായണൻനായരെ ചുറ്റിപ്പറ്റി നടന്നിരുന്ന ഇവൻ ഈയിടെയായി തന്റെ ചുറ്റുമാണല്ലോ. എന്തെങ്കിലും കാരണമുണ്ടാക്കി അടുത്തു വരിക, വിഡ്ഢിത്തം എന്നു സൂചിപ്പിക്കുന്ന തരത്തിൽ അതുമിതും പറയുക, ചെറിയ കുട്ടികളൊത്തു കഴിയുമ്പോൾ, അടുത്തിരുന്ന് ബാലചന്ദ്രനെ കളിപ്പിക്കുക തുടങ്ങി മുരളി അടുക്കാൻ ശ്രമിക്കുന്നതു കണ്ട് അമ്മുവിന്ന് അത്ഭുതം തോന്നി. പത്തുപതിനൊന്നു വയസ്സുള്ള ഈ കുട്ടി എന്തിനാണ് തന്നെ ചുറ്റി നടക്കുന്നത്?

ഒരു ദിവസം രാത്രി അത്താഴം കഴിഞ്ഞ് കിടപ്പുമുറിയിൽ അമ്മു കുട്ടികളെ ഉറക്കുകയായിരുന്നു. ഉറക്കത്തിന്നിടയിൽ കുട്ടികൾ എഴുന്നേൽക്കുമ്പോൾ ഉരുണ്ടു വീഴാതിരിക്കാൻ നിലത്ത് മെത്ത വിരിച്ചാണ് അവർ കിടക്കുക. ബാലചന്ദ്രനെ കാലിൽ കിടത്തി കുലുക്കി ഉറക്കാൻ ശ്രമിക്കമ്പോൾ ത്തന്നെ, അടുത്തു കിടക്കുന്ന ലക്ഷ്മിക്കു മുത്തശ്ശിക്കഥ പറ

ഞ്ഞുകൊടുക്കുകയാണ് അമ്മു. പകുതി താഴ്ത്തിയ റാന്തലിന്റെ അരണ്ട വെളിച്ചം മാത്രമെ മുറിക്കകത്തുള്ളു. അപ്പോൾ കഥ കേൾക്കാനായി മുരളിയും വന്ന് അടുത്ത് ഇരുന്നു. അല്പം കഴിഞ്ഞപ്പോഴേക്കും അവൻ പതുക്കെ വലത്തുഭാഗത്ത് കിടപ്പായി. ലക്ഷ്മി കഥ കേൾക്കുമ്പോഴുള്ള മൂളൽ നിറുത്തിയപ്പോൾ, അമ്മു കഥ പറച്ചിൽ അവസാനിപ്പിച്ചു. ബാലചന്ദ്രനെ കിടത്താനായി നോക്കുമ്പോൾ, അവിടെ മുരളി കണ്ണടച്ചു കിടക്കുന്നു.

"മുരളി പോയി കിടന്നോളൂ. ഞാൻ മോനെ കിടത്തട്ടെ."

ഉത്തരമില്ല. കഥ കേട്ട് മുരളിയും ഉറങ്ങിയിരിക്കുന്നു. ഇനി ഉണർത്തേണ്ട എന്നു കരുതി ലക്ഷ്മിയെ അല്പം നീക്കി കിടത്തി. റാന്തലിന്റെ തിരി നന്നായി താഴ്ത്തി വെച്ച് അമ്മുവും ഉറങ്ങാൻ കിടന്നു. ബാലചന്ദ്രനെ മാറോടണച്ച് ഇടത്തോട്ടു തിരിഞ്ഞു കിടക്കുകയായിരുന്നു അമ്മു.

അല്പനേരം കഴിഞ്ഞപ്പോൾ ഉറക്കത്തിലെന്നപോലെ, മുരളിയുടെ കൈ അമ്മുവിന്റെ ശരീരത്തിൽ പതിച്ചു. അമ്മു അനങ്ങാതിരുന്നപ്പോൾ, മുരളി നന്നായി ചേർന്നുകിടന്നു. മുരളിയുടെ ശ്വാസം തന്റെ മുതുകിൽ പതിക്കുന്നത് അമ്മുവിന്ന് അനുഭവപ്പെട്ടു. എന്തോ, ഒരു അസ്വസ്ഥത! ചൂടുള്ള ശ്വാസം ശരീരത്തിൽ വീഴുന്നത് ആദ്യമായിട്ടായിരുന്നു. മുരളിയെ അല്പം നീക്കി കിടത്താം എന്നു കരുതി വലതുവശത്തേക്കു തിരിഞ്ഞു കിടന്നു. മാറ്റിക്കിടത്താൻ ശ്രമിക്കുമ്പോഴേക്കും അവൻ അമ്മുവിന്റെ മാറിൽ കൂടുതൽ പറ്റിച്ചേർന്നു കിടക്കുകയാണ് ചെയ്തത്. വലതുകൈകൊണ്ട് തന്നെ കെട്ടിവരിക്കയും ചെയ്തു. ഉറങ്ങുന്ന കുട്ടിയല്ലേ എന്നു കരുതി അമ്മു അവന്റെ പുറകിൽ തലോടിക്കൊണ്ടിരുന്നു. അങ്ങനെ ചെയ്തത് അബദ്ധമായെന്ന് ഉടനെ ബോദ്ധ്യമായി. മുരളി മുഖം അമ്മുവിന്റെ മാറിൽ ശക്തിയായി അമർത്തിയെന്നു മാത്രമല്ല, കൈകൊണ്ട് മാറിടം തഴുകാനും തുടങ്ങി. ജീവിതത്തിലെ ആദ്യത്തെ ഒരു അനുഭവം. മുരളിയുടെ ചെയ്തികൾ നിഷ്ക്കളങ്കനായ ഒരു കുട്ടിയുടെ

തല്ല എന്നു ബോദ്ധ്യമായപ്പോൾ അമ്മുവിന്ന് വ്യസനവും കോപവും ഒന്നിച്ചുവന്നു.

"എന്താണ് കുട്ടി ഇത്?" അമ്മുവിന്റെ ശബ്ദം അല്പം ഉയർന്നിരുന്നു.

"ഞാൻ അമ്മുവിനെ കെട്ടിപ്പിടിച്ചു കിടക്കട്ടെ." മുരളിയുടെ ശബ്ദത്തിന്ന് അപേക്ഷയുടെ സ്വരം.

"കെട്ടിപ്പിടിച്ചു കിടക്ക്ല്ലല്ലോ കുട്ടി. കുട്ടിയുടെ കൈ വെറുതെയിരിക്കില്യേ? "

ഉത്തരമില്ല.

"കുട്ടി ഇവിടല്ലല്ലോ സാധാരണ ഒറങ്ങാറ്. പോയി സ്വന്തം കോസറിയിൽ കിടന്നോളൂ."

അനക്കമില്ല; ശബ്ദമില്ല.

അമ്മു തിരിഞ്ഞുകിടന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മുരളി തേങ്ങുന്ന ശബ്ദം.

"കുട്ടി കരയണ്ടാ. വേണംച്ചാൽ ഇന്നിവിടെ കിടന്നോളൂ. പക്ഷെ നാളെമുതൽ ഇത് പറ്റില്ല." അമ്മു ആശ്വസിപ്പിച്ചു.

ഉറക്കം പിടിച്ചോ എന്നു സംശയം. അപ്പോഴേക്കും മുരളിയുടെ കൈ വീണ്ടും അമ്മുവിന്റെ മാറിൽ പതിച്ചു.

"കുട്ടി എണീറ്റ് പോണുണ്ടോ ഇവ്ടുന്ന്? അതോ ഞാൻ അച്ഛനെ വിളിക്കണോ?" അമ്മുവിന്റെ ശബ്ദം പതിവിലേറെ ഉയർന്നിരുന്നു.

"എന്താവടെ ബഹളം?" മുകളിലേത്തെ അറയിൽനിന്ന് മേനോന്റെ ശബ്ദം.

അമ്മു മിണ്ടിയില്ല. അല്പം കഴിഞ്ഞപ്പോൾ കോണി ഇറങ്ങിവരുന്ന ശബ്ദം കേൾക്കാനായി.

വാതിൽക്കൽ നിന്നുകൊണ്ട്, അകത്തേക്ക് ടോർച്ച് മിന്നിച്ചുകൊണ്ട് മേനോൻ ചോദിച്ച, "എന്താവടെ ബഹളം?"

അമ്മു മെത്തയിൽനിന്നെഴുന്നേറ്റു. അഴിഞ്ഞു കിടന്ന മുടി കെട്ടുമ്പോൾ, ദേഹത്ത് വീണ്ടും ടോർച്ചിന്റെ ശക്തിയായ വെളിച്ചം വീണു. കണ്ണ് കാണാനാകാതെ അമ്മു കണ്ണടച്ചു. ടോർച്ചിന്റെ പ്രഭാപൂരത്തിൽ കണ്ട കാഴ്ച മേനോന്റെ കണ്ണുകളെ മഞ്ഞളിപ്പിച്ചിരിക്കണം. ആവശ്യത്തിലേറെ നേരം കത്തിയ ശേഷം ടോർച്ച് അണഞ്ഞു.

“മുരളി ഇവടെത്തന്നെ കിടക്കണംന്ന് വാശി പിടിക്യാ.” അമ്മു അറിയിച്ചു.

“കിടക്ക്ണേന് എന്താ വിരോധം?”

“കിടക്ക്ണേനല്ല; തോന്ന്യാസം കാണിക്ക്യനൊള്ള പൊറപ്പാടാ?”

മേനോൻ ടോർച്ചിന്റെ വെളിച്ചം മുരളിയുടെ നേർക്ക് തിരിച്ചു. കുട്ടിയുടെ മുഖത്തു കണ്ട കുറ്റബോധം എല്ലാ കാര്യങ്ങളും വെളിപ്പെടുത്തിയിരിക്കണം. മേനോൻ അകത്തു കയറി മുരളിയെ ചെവിക്ക് പിടിച്ച് എഴുന്നേല്പിച്ചു.

“മുട്ടയിൽനിന്നു വിരിയുന്നതിന്നു മുമ്പുതന്നെ തോന്ന്യാസം കാണിക്കാൻ ഒരുമ്പെടുന്നോ?” ഗർജ്ജിച്ചുകൊണ്ട് ചെവിയിലെ പിടി വിടാതെ മുരളിയെ വലിച്ചിഴച്ചു കൊണ്ടു പോയി.

അവർ പോയതുംനോക്കി അല്പനേരം അമ്മു ഇരുട്ടിൽ പകച്ചുനിന്നു. മേനോന്റെ ശകാരശബ്ദം കേൾക്കാം. പിന്നീട് റാന്തലിന്റെ തിരി ഉയർത്തി. വെളിച്ചത്തിൽ തന്റെ വസ്ത്രത്തിന്റെ നില കണ്ട് അമ്മു അമ്പരന്നു. ബ്ലൗസിന്റെ മുകളിലെ രണ്ടു കുടുക്കുകളും താഴെയുള്ള ഒരു കുടുക്കും ബന്ധം വിട്ട് മാറിടം ഏറെക്കുറെ വെളിയിൽ കാണാം. ഉടുത്തിരുന്ന മുണ്ട് ശരീരത്തിലില്ല; അരമുതൽ കാൽമുട്ടോളം മറയുന്ന ഒന്നര മാത്രമെയുള്ളു. ശരീരം അർദ്ധനഗ്നമായി മേനോൻ കണ്ടിരിക്കുന്നു. കുട്ടികളോടൊപ്പം കഴിയുമ്പോൾ വസ്ത്രധാരണത്തിൽ അശ്രദ്ധ കാണിച്ചതിന്റെ പരിണിതഫലം! മേനോൻ എന്താണ് കരുതിയിട്ടുണ്ടാകുക?

വസ്ത്രം ശരിയാക്കി റാന്തൽത്തിരി താഴ്ത്തിയശേഷം അമ്മു കിടന്നു. മുരളിയുടെ കുസൃതി മേനോനോട് പറയാതിരിക്കാമായിരുന്നു എന്ന ചിന്തയായിരുന്നു അപ്പോൾ മനസ്സിൽ. മുരളിയോട് ശബ്ദംവെച്ചതും തെറ്റ്. ശാന്തമായി പറഞ്ഞു മനസ്സിലാക്കിയാൽ മതിയായിരുന്നു.

പതിയെ അമ്മു നിദ്രയിൽ പതിച്ചു.

"അമ്മു ഉറങ്ങിയോ?" പതുങ്ങിയ ശബ്ദത്തിലുള്ള ചോദ്യം കേട്ട് അമ്മു ഞെട്ടിയുണർന്നു. റാന്തലിന്റെ നേരിയ വെളിച്ചത്തിൽ വാതിൽക്കൽ ഒരാളുടെ നിൽക്കുന്ന കറുത്ത രൂപം കാണാം.

"ആരാത്?" പെട്ടെന്ന് ഭയചകിതയായി അമ്മു ചോദിച്ചു. മനസ്സു വിറക്കുകയായിരിന്നു.

"ഞാനാ." മേനോന്റെ പതുങ്ങിയ, പക്ഷെ വ്യക്തമായ ശബ്ദം.

---

.

# അദ്ധ്യായം 3

ആ രാത്രിയുടെ ഓർമ്മകൾ മനസ്സിന്റെ അടിത്തട്ടിൽ മായാതെ കിടക്കുന്നു. ജീവിതത്തിന്റെ പാന്ഥാവ് എന്നന്നേക്കു മായി തിരിച്ചുവിട്ട ആ രാത്രിയെ എങ്ങനെയാണ് മറക്കാ നാവുക? കുറച്ചു വെള്ളം വേണമെന്ന ആവശ്യമായിട്ടാണ് മേനോൻ വന്നു വിളിച്ചത്. കുടിക്കാനുള്ള വെള്ളം സാധാരണ യായി പാറുവമ്മയാണ് മേനോന്റെ മുറിയിൽ നിറച്ചു വെക്കുക. പാറുവമ്മ മറന്നതായിരിക്കുമോ എന്നാണ് സംശയിച്ചത്. അവ രത് മറന്നതല്ലെന്നും, തന്നെ മുകളിലേക്കു വരുത്താനായി മേ നോൻ പ്രയോഗിച്ച ഒരു ഉപായമായിരുന്നു അത് എന്ന് പിന്നീട് മനസ്സിലായി. കൂജയിൽ വെള്ളം നിറച്ച് റാന്തലും തൂക്കി പിടിച്ച് മേനോന്റെ മുറിയിലെത്തിയപ്പോൾ അദ്ദേഹം കട്ടിലിൽ ശയിക്കുകയായിരുന്നു. കൂജ മേശപ്പുറത്ത് വെച്ചു മടങ്ങാൻ ഭാവിച്ചപ്പോൾ, മേനോൻ പറഞ്ഞു, “അമ്മു നിൽക്ക്.”

വാതിൽപ്പടിയിൽ നിന്ന് അമ്മു തിരിഞ്ഞുനോക്കി. റാന്തലിന്റെ ഇരുണ്ട വെളിച്ചത്തിൽ, മേനോൻ കട്ടിലിൽ എഴുന്നേറ്റു ഇരുന്നതായി കാണാമായിരുന്നു. സംസാരിക്കു മ്പോൾ മേനോന്റെ ശബ്ദം പതറിയിരുന്നു.

“കുഞ്ഞുക്കുട്ടി പോയിട്ട് എട്ടുമാസമായി. കുട്ടികളെ നോക്കാൻ ഒരാൾ ഇവിടെ കൂടിയേ തീരൂ. അമ്മുവിന്ന് ഇവിടെ സ്ഥിരമായി നിൽക്കാൻ വിരോധമില്ലല്ലോ?”

എന്തൊരു ചോദ്യമാണിത്? വിരോധമാണെന്നു പറ ഞ്ഞിട്ടില്ലല്ലോ.

അമ്മാമൻ ഇവിടെ നിൽക്കാൻ പറഞ്ഞപ്പോൾ വന്നു. തിരിച്ചു വിളിച്ചാൽ പോകും, അത്രത്തന്നെ! എന്റെ കാര്യങ്ങൾ ഞാനാണോ നിശ്ചയിക്കുന്നത്?

അമ്മു നിശ്ശബ്ദയായി നിന്നു.

“നിണക്ക് ഒരു ബുദ്ധിമുട്ടും വരില്യാ.” മേനോൻ തുടർന്നു, “നിണക്ക് ചെറുപ്പമാണ്. നിന്റെ കാര്യങ്ങളെല്ലാം ഞാൻ നോക്കിക്കൊള്ളാം.”

അമ്മായി അത് പറഞ്ഞതാണല്ലോ. അക്കാര്യത്തിൽ എനിക്ക് സംശയവുമില്ല. ഈ അർദ്ധരാത്രിക്കു വേണോ ഇതെല്ലാം പറയാൻ?

“ആ റാന്തലിവിടെ കൊണ്ടു വാ.”

വിളക്കുംകൊണ്ട് അകത്തേക്ക് വീണ്ടും കയറിയപ്പോൾ മേനോൻ കട്ടിലിൽനിന്നും എഴുന്നേറ്റു അടുത്തു വന്നു. മേനോൻ തൊട്ടടുത്ത് മുഖാമുഖമായി നിൽക്കുന്നത് കണ്ടപ്പോൾ മനസ്സിനകത്ത് കനത്ത സംഭ്രമം. എന്തിനുള്ള പുറപ്പാടാണോ എന്തോ?

“അമ്മു പേടിക്കേണ്ടാ. അമ്മുവിന്ന് ഒരു കഷ്ടപ്പാടും വരാതെ ഞാൻ നോക്കിക്കൊള്ളാം.”

കയ്യിൽനിന്ന് മേനോൻ റാന്തൽ വാങ്ങി. തിരി താഴ്ത്തി മുറിയുടെ ഒരു മൂലയിൽ വെച്ചു. തന്റെ തോളിൽപ്പിടിച്ച് അകത്തേക്കല്പം മാറ്റിനിർത്തി കതകടച്ച് അദ്ദേഹം സാക്ഷയിട്ടു.

ഈശ്വരാ! ശബ്ദം പൊങ്ങുന്നില്ല.

എന്താണിനി ചെയ്യേണ്ടത്? ഒന്നും തോന്നുന്നില്ല. മേനോൻ പറഞ്ഞതും കേട്ടും ചെയ്തും ഇരുന്നാൽ നല്ലതേ വരൂ എന്നു അമ്മായി പറഞ്ഞത് അപ്പോൾ ഓർമ്മ വന്നു. എന്തും വരട്ടെ, അദ്ദേഹമാണ് ഇപ്പോൾ തന്റെ ദൈവം. അമ്മു മനസ്സിൽ കരുതി.

തന്നെ കട്ടിലിൽ പിടിച്ച് ഇരുത്തിയതും, ആലിംഗനം ചെയ്തതും, പിന്നെ മെല്ലെ കിടത്തിയതും എല്ലാം ഒരു നേരിയ ഓർമ്മ. ഏറെക്കുറെ ഒരു അബോധാവസ്ഥയിലായിരുന്നു അപ്പോൾ അമ്മു. നിഷേധിക്കപ്പെട്ട എന്തോ കാര്യം ചെയ്യുന്നതിൽ സ്വന്തം ഇഷ്ടത്തിനെതിരെ തന്നെ പങ്കാളിയാക്കുകയാണെന്നും, പ്രതിഷേധിച്ച് ഉറക്കെ കരയണമെന്നും മനസ്സ് ബഹളം കൂട്ടി. പക്ഷെ ശരീരം വഴങ്ങിയില്ല. ശബ്ദം പൊങ്ങിയില്ല.

കരങ്ങൾ ആ ശക്തമായ ശരീരത്തെ പിടിച്ചു മാറ്റാൻ കൂട്ടാക്കിയില്ല. ശക്തമായ ആ കരവലയങ്ങളിൽപെട്ട് കരയാനും പ്രതിഷേധിക്കാനും കഴിയാതെ, അച്ഛനാകാൻ പ്രായമുള്ള ആ മനുഷ്യന്റെ അഭീഷ്ടങ്ങൾക്ക് വഴങ്ങിക്കൊടുക്കുമ്പോൾ, മേനോന്റെ വായിൽനിന്നു വമിച്ച താംബൂലത്തിന്റെ ഗന്ധം മാത്രമെ ഇന്നു മനസ്സിൽ കിടപ്പുള്ളു.

ആവശ്യം നിർവഹിച്ചുകഴിഞ്ഞപ്പോൾ മേനോൻ പറഞ്ഞു, “അമ്മു താഴെ പോയി കിടന്നോ.”

ചിന്തിക്കാൻ കഴിവില്ലാത്ത ഒരു പാവപോലെ, അനുസരിച്ചു. വസ്ത്രം ശരിയാക്കി അഴിഞ്ഞ മുടി വീണ്ടും കെട്ടി, റാന്തലുമെടുത്ത് അമ്മു താഴേക്ക് ഇറങ്ങിപ്പോയി.

പതിവുള്ള പ്രസരിപ്പ് ഇല്ലാതെ, നിശ്ശബ്ദയായി കഴിയുന്ന അമ്മുവിനെക്കണ്ട് പാറുവമ്മ ചോദിച്ചു, “അമ്മുവിന്ന് എന്തേ പറ്റീത്?”

ഒന്നും പറ്റിയിട്ടില്ല എന്നർത്ഥത്തിൽ അമ്മു തലയാട്ടി.

പിന്നീടും രണ്ടുമൂന്നു തവണ രാത്രികാലങ്ങളിൽ അമ്മു മുകളിലെ മുറിയിലേക്ക് വിളിക്കപ്പെട്ടു. അവൾ മറുത്തു പറയാതെ അനുസരിച്ചു.

“വേലുമേനോന്റെ രണ്ടാം കല്യാണത്തിന്റെ ഒരുക്കങ്ങൾ എത്രേടമായി?” അമ്മായിയുടെ ചോദ്യം അവിശ്വസനീയമായിരുന്നു അമ്മുവിന്ന്.

“രണ്ടാം കല്യാണോ? എനിക്കറിയില്ല.?“

വയസ്സിൽ തന്നെക്കാൾ പത്തിരുപത് വയസ്സ് മൂത്തതാണെങ്കിലും, മേനോൻ വിവാഹം ചെയ്യുമെങ്കിൽ ജീവിതത്തിൽ ഒര കഷ്ടപ്പാടും ഉണ്ടാവില്ലെന്നത് തീർച്ചയാണ്. സംരക്ഷിച്ചുകൊള്ളാമെന്ന് അദ്ദേഹം വാഗ്ദത്തം ചെയ്തതുമാണല്ലോ. എങ്കിലും ഇത്രയുംവേഗം വിവാഹം ചെയ്യുമെന്ന് കരുതിയില്ല. അമ്മാമനോട് ഒരു പക്ഷെ സംസാരിച്ചിരിക്കാം.

"അപ്പോ മേനോൻ നിങ്ങളോടെന്നും പറഞ്ഞില്ല്യേ? അല്ലെങ്കി പണിക്കാരോട് എന്തിനാ പറയ്ണ്?," അമ്മായി തുടർന്നു. "ഇവിടെ അമ്മാമൻ പറയ്ണ് കേട്ടതാ. വല്ല്യേ കുടുംബത്ത്ന്നാ. പണം ഇഷ്ടംപോലുണ്ട്. പെണ്ണിന് പത്തുമുപ്പത്തഞ്ചു വയസ്സുണ്ട്. എന്തേ ഇത്രകാലം കല്യാണം കഴിക്കാതിരുന്നേ എന്നറിയില്ല. ആൾക്കാര് അതൂതും പറയ്ണ്ണ്ട്. ആർക്കറിയാം യഥാർത്ഥസ്ഥിതി? ആൾക്കാർക്ക് ഇന്നതേ പറഞ്ഞൂടുള്ളു എന്നുണ്ടോ?"

കനത്ത ഒരു ആഘാതമായിരുന്നു ആ വാർത്ത. ഇടിത്തീ വീണതുപോലെ കേട്ടിരിക്കാനെ കഴിഞ്ഞുള്ളു. മേനോന്റെ ഭാര്യാപദം സാധാരണ ഗതിയിൽ ആശിക്കാവുന്നതല്ല. പക്ഷെ, മേനോന്റെ കിടക്ക പങ്കിടുമ്പോഴെല്ലാം മറ്റൊരു ചിത്രമാണ് അദ്ദേഹം തന്റെ മനസ്സിൽ വരച്ചിട്ടത്. ഈശ്വരാ, ഇനി എന്താണ് ഞാൻ ചെയ്ക?

മനസ്സിൽ നിറയെ ഭാവിയെ കുറിച്ചുള്ള ചിന്തകളായിട്ടാണ് അമ്മാമന്റെ വീട്ടിൽനിന്ന് മടങ്ങിപ്പോയത്. മേനോനുമായിട്ടുള്ള ബന്ധത്തെ കുറിച്ചൊന്നും അമ്മായിയോട് പറഞ്ഞതുമില്ല. അമ്മായി പറഞ്ഞത് കേട്ടതനുസരിച്ചതാണ് തെറ്റ്. അല്ലെങ്കിൽ അമ്മായിയെ പഴിക്കുന്നതെന്തിനാണ്? മേനോനു വഴങ്ങിക്കൊടുക്കാൻ അമ്മായി പറഞ്ഞുവോ? വീട്ടുകാര്യങ്ങളിൽ അനുസരിക്കണമെന്നേ അമ്മായി അർത്ഥമാക്കിയിരിക്കൂ.

മടങ്ങിവന്നശേഷം കുട്ടികളുടെ മുറിയിൽ വാതിലടച്ചിരുന്ന് കുറെനേരം കരഞ്ഞു. മനസ്സ് വിങ്ങിപ്പൊട്ടുമ്പോൾ ശബ്ദം വരില്ല. .കണ്ണുനീർ വീണ് ബ്ലൗസ് കുതിർന്നു; കവിളുകൾ ചീർത്തു. ലക്ഷ്മി എന്തെല്ലാമോ ചോദിക്കുന്നുണ്ടായിരുന്നു. ആ കുഞ്ഞിനോടെന്തു പറയാൻ?

പാറുവമ്മ തുടർച്ചയായി വിളിക്കുന്നതു കേട്ടിട്ടാണ് വാതിൽ തുറന്ന് പുറത്തു വന്നത്.. മുണ്ടിൻതലകൊണ്ട് മുഖം തുടച്ചിരുന്നുവെങ്കിലും കരഞ്ഞ കാര്യം പാറുവമ്മയിൽനിന്ന് ഒളിക്കാനായില്ല.

“എന്തിനാ കുട്ടി കരഞ്ഞോർന്നത്?” പാറുവമ്മ അന്വേഷിച്ചു.

ഒന്നുമില്ലെന്ന് തലയാട്ടി.

“അതല്ല, എന്തോ കാര്യംണ്ട്.” അവർ നിർബന്ധിച്ചുവെങ്കിലും വാസ്തവം പറഞ്ഞില്ല. കനത്ത തലവേദനയാണെന്നു പറഞ്ഞു.

“കുട്ടി ഒളിക്കണ്ടാ. കണ്ടാലറിയാലോ, വേറെന്തോ കാര്യാണ്ന്ന്. കുട്ടി വീട്ട്ന്ന് മടങ്ങിവന്നപ്പോ മുതല് ഞാൻ ശ്രദ്ധിക്ക്ണ്ടല്ലോ. എന്താ കാര്യംച്ചാൽ പറഞ്ഞോളൂ, പാറുവമ്മ സമാധാനംണ്ടാക്കാം.”

മുടിയിൽ തലോടി സമാധാനിപ്പിക്കാൻ അവർ ശ്രമിച്ചു. “ഒന്നൂലെങ്കില് കുട്ടീന്റെ അമ്മയുടെ പ്രായംണ്ടല്ലോ പാറോമ്മക്ക്.”

കാര്യം പറയാതെ അവർ വിടുമെന്ന് തോന്നിയില്ല. രക്ഷപ്പെടാനായി ഇത്രമാത്രം പറഞ്ഞു, “അമ്മായി കല്യാണക്കാര്യം പറഞ്ഞു.”

“അതിനാത്രെ കരയ്ണ്? പെങ്കുട്ട്യേളായാല് കല്യാണം കഴിക്കണ്ടേ? അതിനിപ്പൊ എന്താത്രെ കരയാൻള്ളത്? എന്നും കണ്ടോര്ടെ വീട്ടിലെ അടുക്കളപ്പണിട്ത്തും കുട്ട്യോളെ നോക്കീം കഴിഞ്ഞാ മത്യോ?”

തന്റെ വിവാഹക്കാര്യമാണെന്നാണ് അവർ ധരിച്ചത്. അങ്ങനെത്തന്നെ വിചാരിക്കട്ടെ.

കുറെനേരം അതുമിതും പറഞ്ഞ് അവർ ആശ്വസിപ്പിച്ചു. കുറച്ചു കരഞ്ഞപ്പോൾ മനസ്സിലെ ഭാരവും അല്പം ഒഴിഞ്ഞു.

രാത്രി എല്ലാവരും ഉറങ്ങിയെന്നു ഉറപ്പായപ്പോൾ ശബ്ദമുണ്ടാക്കാതെ എഴുന്നേറ്റ് മുകളിലേക്കുള്ള കോണി കയറി. മേനോൻ കൂർക്കം വലിച്ചുറങ്ങുന്നതിന്റെ ശബ്ദം കേട്ടപ്പോൾ

കോപമാണ് മനസ്സിൽ വിരിഞ്ഞത്. വഞ്ചകൻ! എന്നെ കണ്ണീര് കുടിപ്പിച്ച് സുഖമായി ഉറങ്ങുന്നു!

വാതിൽക്കൽനിന്ന് കുറച്ചുനേരം അകത്തേക്ക് നോക്കി നിന്നു. ഉറങ്ങുന്ന ആളിന്ന് ഒരു വ്യത്യാസവുമില്ല. കണ്ണുകളിൽ വെള്ളം നിറഞ്ഞു കവിളിലേക്ക് ഒഴുകി. കണ്ഠത്തിൽ ഗദ്ഗദം ഉരുണ്ടുകൂടി പുറത്തേക്ക് ഒഴുകി.

"ആരാണത്?" മേനോന്റെ ശബ്ദം.നോക്കുമ്പോൾ മേനോൻ എഴുന്നേറ്റിരിക്കുന്നു.

മറുപടി പറഞ്ഞില്ല.

"അമ്മുവാണോ? "

"ഉം" .മൂളാൻ മാത്രമെ കഴിഞ്ഞുള്ളു.

"എന്താ അമ്മു വന്നത്? "

"എന്നെ.... " വാക്കുകൾ മുഴുവിക്കാനായില്ല.

"എന്താ വന്നത്? കരയാതെ കാര്യം പറയ്. " പരുക്കൻ വാക്കുകൾ.

"കല്യാണം കഴിക്കാൻ പോവാന്ന് കേട്ടു. "

വീണ്ടും തേങ്ങൽ.

"കേട്ടത് ശരിയാ. കുട്ടികളെ നോക്കാൻ ഒരാള് വേണ ല്ലോ. എന്നും അമ്മു ഉണ്ടാവ്വോ ഇവിടെ? "

"അതിന് ഞാനുണ്ടല്ലോ ഇവിടെ."

"മണ്ടി! കുറച്ചു കഴിഞ്ഞാൽ നീ കല്യാണം കഴിച്ച് പോവില്ലേ? അപ്പോൾ ആരാ കുട്ട്യോളെ നോക്കാൻ? " ശബ്ദം അല്പം മൃദുവായി.

"എനിക്ക് കഷ്ടപ്പാടുണ്ടാവില്ല; എന്നെ നോക്കിക്കൊ ള്ളാം എന്നൊക്കെ പറഞ്ഞിട്ട്... "

"നെന്നെ കഷ്ടപ്പാടുണ്ടാവാതെ ഞാൻ രക്ഷിച്ചോളാം. പക്ഷെ എനിക്കെന്നും ഇങ്ങനെ കഴിയാൻ പറ്റ്വോ? ഞാൻ കല്യാണം കഴിച്ചാലും നെണക്ക് ഇവിടെ കഴിയാം."

“എനിക്ക് അങ്ങനെ കഴിയണ്ടാ. ഞാൻ പോവും.” തന്റെ കണ്ണുനീർ ഇരുട്ടിൽ അദ്ദേഹത്തിന്ന് കാണാൻ കഴിയുന്നുണ്ടാവില്ല.

“പൊവ്വാണെങ്കി പോ. നെണക്ക് ചെലവിന് ഞാൻ തരും.” വാക്കുകളുടെ പരുക്കൻ സ്വഭാവത്തിൽനിന്ന് അവ അദ്ദേഹത്തിന്റെ അന്തിമതീരുമാനമാണെന്ന് മനസ്സിലായി.

ഏങ്ങലടിച്ചു കരയാൻ മാത്രമെ കഴിഞ്ഞുള്ളു.

“അമ്മു കരയാതെ പോ. വീട്ടില് പോണംച്ചാൽ കല്യാണം കഴിഞ്ഞ ഉടനെ പോവാം.”

മേനോൻ മെത്തയിലേക്ക് ചെരിഞ്ഞു. വീണ്ടും ഉറങ്ങാനുള്ള പുറപ്പാടാണ്. ദൈവമേ, ഞാനിനി എന്താണ് ചെയ്യുക?

കട്ടിലിന്നരികിലേക്ക് അടുത്തു. മേനോൻ വീണ്ടും എഴുന്നേറ്റിരുന്നു. കൈത്തണ്ടമേൽ പിടിച്ചു.

“അമ്മുവിന്ന് എന്താ വേണ്ടത് ന്ന്ച്ചാൽ പറയ്.”

“എന്നെ കല്യാണം കഴിച്ചൂടെ?” വാക്കുകൾ പതുക്കെയാണ് പുറത്ത് വന്നത്.

“അമ്മുവിനെ കല്യാണം കഴിക്ക്യേ? അമ്മു ഇവ്ട്ത്തെ പണിക്കാരിയല്ലേ?” ചിരിയുടെ ശബ്ദം.

“പണിക്കാരിയാണെങ്കി പിന്നെന്തിനാ എന്നെ...” വാക്കുകൾ മുഴുവിച്ചില്ല. അതിനുമുമ്പെ മേനോന്റെ കരങ്ങൾ അവളെ തഴുകി. അമ്മു കുതറി മാറിനിന്നു.

“വേണ്ടാ, എന്നെ തൊടണ്ടാ. എന്നെ നശിപ്പിച്ചിട്ട്.....”

“ഞാൻ അമ്മുവിനെ കല്യാണം കഴിക്കാം എന്നു പറഞ്ഞിട്ടില്ലല്ലോ. നോക്കിക്കൊള്ളാം എന്നേ പറഞ്ഞിട്ടുള്ളു. നോക്കേം ചെയ്യും. അമ്മു ഇപ്പൊ പോ. നേരം പുലരട്ടെ; എന്നിട്ട് ആലോചിക്കാം.”

അമ്മു പിന്നെ അവിടെ നിന്നില്ല. ധൃതിയിൽ കോണി യിറങ്ങി കുട്ടികൾ കിടക്കുന്ന മുറിയിലേക്ക് പോയി വാതി ലടച്ചു.

എന്താണ് ചെയ്യേണ്ടത് എന്ന് രാവിലെയായപ്പോ ഴേക്കും അമ്മു തീരുമാനിച്ചുറച്ചിരുന്നു. മേനോൻ സമ്മാനിച്ച വസ്ത്രങ്ങളെല്ലാം ഒരു തുണിയിൽ കെട്ടി, അദ്ദേഹം എഴുന്നേ ൽക്കുന്നതിന്നു മുമ്പുതന്നെ, അവൾ അദ്ദേഹത്തിന്റെ മുറിക്കു മുമ്പിൽ കാത്തുനില്പായി. മേനോൻ പുറത്തു വരുമ്പോൾ ദേഷ്യത്താൽ മുഖം ചുവപ്പിച്ചു നിൽക്കുന്ന അമ്മുവിനെയാണ് കണി കണ്ടത്.

"നീ എന്തു ചെയ്യാൻ ഭാവിച്ചാണ് ഇവ്ടെ നിക്ക് ണത്?" ഗൗരവം നിറഞ്ഞതായിരുന്നു ചോദ്യം.

"ഞാൻ വീട്ടിൽ പോവ്വാണ്." നിർവ്വികാരമായിരുന്നു അവളുടെ ശബ്ദം.

എന്താണ് പറയേണ്ടത് എന്നറിയാതെ മേനോൻ അവളെ നോക്കിനിന്നു. മേനോന്റെ നോട്ടം കൂസലില്ലാതെ അവൾ നേരിട്ടു. ഏതാനും നിമിഷങ്ങൾക്കുശേഷം അവൾ തുണിക്കെട്ട് അദ്ദേഹത്തിന്റെ മുമ്പിൽവെച്ചു.

"എന്താണിത്?"

"എനിക്ക് തന്ന തുണികളാണ്."

"അത് നിണക്ക് കൊണ്ടോവാം. മടക്കിത്തരേണ്ട ആവശ്യല്യാ."

"വേണ്ടാ; എനിക്ക് ആവശ്യല്യാ. ഇനി വര്ണ പണിക്കാരിക്ക് കൊടുക്കാം"

അവൾ തിരിഞ്ഞുനടന്നു. ഒന്നും മിണ്ടാനാകാതെ നോക്കിനിൽക്കാനെ മേനോനു കഴിഞ്ഞുള്ളു.

അടുക്കളവാതിൽക്കൽ ചെന്നപ്പോൾ ഒരു ഗ്ലാസിൽ ചായയുമായി പാറുവമ്മ പുറത്തേക്കു വന്നു.

"എനിക്ക് ചായ വേണ്ട പാറ്വോമ്മേ. ഞാൻ പൊവ്വാ."

പറഞ്ഞത് മനസ്സിലാകാതെ പാറുവമ്മ അവളെ സൂക്ഷി ച്ചുനോക്കി. അമ്മു അവളുടെ പഴയ വസ്ത്രങ്ങളാണ് ധരിച്ചിരി ക്കുന്നത്. അമ്മുവിന്റെ വേഷവും ഭാവവും കണ്ടപ്പോൾ, കാര്യം നിസ്സാരമല്ലെന്ന് അവർക്ക് മനസ്സി ലായി.

"എവ്ടക്കാ നീ പോണത്, ഈ വെളിച്ചാവാംകാലത്ത്?"

"ഞാൻ എന്റെ വീട്ടിൽപ്പോവ്വാ."

ഇത്രയും പറഞ്ഞപ്പോഴേക്കും അമ്മുവിന്റെ കണ്ണുകളി ൽനിന്ന് ധാരധാരയായി വെള്ളമൊഴുകി. കരച്ചിൽ നിയന്ത്രി ക്കാനാകാതെ അവൾ പുറത്തേക്ക് ഓടിപ്പോയി.

മുറ്റത്തെ മാവിൻചുവട്ടിൽ പല്ലു തേച്ചുകൊണ്ടിരുന്ന കോവുണ്ണിനായരാണ് കരഞ്ഞുകൊണ്ട് കയറിവരുന്ന അമ്മുവി നെ ആദ്യം കണ്ടത്. പെട്ടെന്നുള്ള അവളുടെ വരവ് കണ്ട പ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ പരിഭ്രാന്തിയാണ് ആദ്യം ഉയർന്നത്. ഇന്നലെയല്ലേ അവൾ വന്നു പോയത്? എന്നിട്ടി പ്പോൾ ഇന്ന് ഇത്ര നേരത്ത് വരാൻ എന്താണ് കാര്യം?

"എന്തേ അമ്മു, ഇത്ര നേരത്തേ?" അമ്മാമന്റെ ഉൽക്ക ണ്ഠ നിറഞ്ഞ ചോദ്യം.

ഒന്നും മിണ്ടാനാകാതെ അവൾ അകത്തേക്ക് ഓടി പ്പോയി.

"ചിരുതേവീ, അമ്മു വന്നിരിക്ക്ണു...." അദ്ദേഹം അക ത്തേക്ക് വിളിച്ചുപറഞ്ഞു. അതിന്നുശേഷം മുഖം കഴുകാനായി ധൃതിയിൽ കിണറ്റിനരികിലേക്കു നടന്നു.

ഏറെനേരത്തെ കുത്തിക്കുത്തിയുള്ള ചോദ്യങ്ങൾക്കു ശേഷമാണ് സംഭവങ്ങളുടെ ഏതാണ്ടൊരു രൂപം ചിരുതേവി യമ്മക്കു പിടി കിട്ടിയത്. യാഥാർത്ഥ്യം ചോദിച്ചറിയാൻ ഭാര്യ യെ ഏല്പിച്ച് കോവുണ്ണി നായർ കോവിലിലേക്ക നടന്നു.

ഉച്ചക്കു ഊണു കഴിക്കാൻ വന്നപ്പോൾ വീട്ടിൽ നിശ്ശ ബ്ദത തളം കെട്ടിനിൽക്കുന്നു. ഉമ്മറത്തെ മരപ്പടിയിൽ ഭാര്യ താടിക്ക് കയ്യും കൊടുത്ത് ഇരിക്കുന്നു. അകത്തെ മുറിയിൽ അമ്മു കരഞ്ഞുകൊണ്ട് കട്ടിലിൽ കിടക്കുന്നു.

വാക്കുകളുടെ സഹായമില്ലാതെതന്നെ, ഒരു നോട്ടം കൊണ്ട് കോവുണ്ണിനായർ ഭാര്യയോട് കാര്യം അന്വേഷിച്ചു. ഉത്തരമൊന്നും പറയാതെ അവർ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് അകത്തേക്ക് നടന്നു. കാര്യം ഗൗരവം നിറഞ്ഞതാണെന്ന് പറയാതെത്തന്നെ അദ്ദേഹത്തിന്നു മനസ്സിലായി. അദ്ദേഹം ഭാര്യയെ അനുഗമിച്ചു.

അമ്മായി പതുങ്ങിയ ശബ്ദത്തിൽ അമ്മാമനോട് സംസാരിക്കുന്നത് അകത്ത് മുറിയിൽ കിടക്കുന്ന അമ്മുവിന്ന് കേൾക്കാമായിരുന്നു. അമ്മാമന്റെ ശബ്ദം അപൂർവ്വമായേ കേൾക്കാമായിരുന്നുള്ളു. കോപിഷ്ടനായ അമ്മാമനെ എങ്ങനെയാണ് നേരിടുക എന്നതാണ് അമ്മുവിനെ അഭിമുഖീകരിക്കുന്ന ഇനിയത്തെ പ്രശ്നം.

ഊണു കഴിഞ്ഞശേഷം അമ്മാമനും അമ്മായിയും ഉമ്മറത്തേക്കു മടങ്ങുന്ന കാലടിശബ്ദം കേട്ടു. അമ്മാമൻ ഇപ്പോൾ തന്നെ വിളിക്കുമെന്ന് അമ്മു പ്രതീക്ഷിച്ചു. പക്ഷെ അതു സംഭവിച്ചില്ല. ഒരുപക്ഷെ തറവാടിന്റെ മാനം കെടുത്തിയ തന്നെ സ്വന്തം വീട്ടിലേക്ക് മടക്കി അയക്കുമായിരിക്കും.

ഈശ്വരാ, എങ്ങനെയാണ് അമ്മയേയും മറ്റുള്ളവരേയും അഭിമുഖീകരിക്കുക?

ഏതാണ്ട് നാലുമണിയായിക്കാണും, അമ്മാമൻ മുറിയുടെ വാതിൽക്കൽവന്ന് വിളിച്ചപ്പോൾ.

"അമ്മൂ, എണീക്ക്. നീ ഇതുവരെ ഒന്നും കഴിച്ചതല്ലല്ലോ. എണീറ്റ് വല്ലതും കഴിയ്ക്ക്." സ്നേഹമസൃണമായിരുന്നു ആ ശബ്ദം. കൊല്ലുന്നതിന്നുമുമ്പ് ആടിന്നു വെള്ളം കൊടുക്കുമ്പോൾ കാണിക്കാറുള്ള ആ സ്നേഹവും വാത്സല്യവും.

അമ്മു ഒന്നു ഏങ്ങിയതല്ലാതെ പ്രതികരിച്ചില്ല. എഴുന്നേറ്റതുമില്ല. മുഖം തലയണയിൽ അമർത്തിക്കിടന്നു.

"അമ്മൂ, എണീക്ക്. നടന്നത് നടന്നു. ഇനി കരഞ്ഞിട്ട് എന്താണ് കാര്യം?" അമ്മായിയുടെതാണ് സ്വരം.

അനങ്ങിയില്ല.

അമ്മായി അകത്തേക്ക് വന്നു. അമ്മുവിനെ തോളിൽപ്പിടിച്ച് എഴുന്നേല്പിച്ചു. കവിളിലെ കണ്ണീർ മുണ്ടിന്റെ അറ്റംകൊണ്ട് തുടച്ചു.

“നിന്നെ മേനോന്റവിടേക്ക് അയച്ചത് ഞങ്ങളുടെ തെറ്റാണ്. ഒട്ടും പൊട്ടും തിരിയാത്ത നിന്നെ കുറ്റം പറഞ്ഞിട്ട് കാര്യല്യാ. കൊഴപ്പോന്നും ണ്ടാവാത്തത് ദൈവസഹായം കൊണ്ടാ. നീ കരയാതെ എണീറ്റ് വല്ലതും കഴിക്ക്.” അമ്മായി പുറം തടവിക്കൊണ്ട് ആശ്വസിപ്പിച്ചു.

അമ്മു മെല്ലെ എഴുന്നേറ്റ് അമ്മായിയോടൊപ്പം അടുക്കളഭാഗത്തേക്ക് നീങ്ങി.

രാത്രി വളരെ വൈകിയാണ് അമ്മാമൻ വന്നത്. മദ്യപിച്ചതിന്റെ ലക്ഷണമുണ്ട്. കണ്ണുകൾ ചുകന്നു കലങ്ങിയി രിക്കുന്നു. മുഖം കോപാകുലമാണ്. തോളിലിട്ടിരുന്ന രണ്ടാം മുണ്ട് മണ്ണു പുരണ്ടിരുന്നു. ആടിയാടി വരുന്ന അമ്മാമനെ കണ്ടിട്ട് അമ്മായി പതിവിന്നു വിരുദ്ധമായി കോപിച്ചില്ല.

“മേനോൻ എന്തു പറഞ്ഞു?” അമ്മായിയുടെ ചോദ്യം കേട്ടപ്പോൾ അമ്മുവിന്ന് മനസ്സിലായി, അമ്മാമൻ മേനോനെ കാണാൻ പോയതായിരുന്നെന്ന്. എന്നാൽ പോയ ഉദ്ദേശ്യം സാധിച്ചിട്ടില്ലെന്ന് അമ്മാമന്റെ മുഖഭാവം കണ്ടാൽത്തന്നെ അറിയാം.

“നായിന്റെമോൻ! പണക്കാരനാണെന്നു വെച്ചു എന്തും ചെയ്യാമെന്നോ? ഞാൻ അമ്മയെ സേവിച്ചതിന്നു വല്ല ഫലോം ണ്ടെങ്കിൽ, അയാൾ അനുഭവിക്കും ഇതിന്ന്...” അമ്മാമൻ കലി കൊണ്ടെന്നപോലെ വിറക്കുകയായിരുന്നു.

“അയാൾ പറഞ്ഞതെന്താച്ചാൽ പറയൂ, അതൂതും പറയാതെ.” അമ്മായി വിവരം അറിയാൻ ആകുലയായിരുന്നു.

“കല്യാണം കഴിഞ്ഞാലും അമ്മൂനെ വെച്ചോണ്ടിരി ക്കാൻ അയാൾക്ക് വിരോധംല്യാന്ന്. നമ്മക്ക് പണംമാത്രേ ഇല്യായുള്ളു. അഭിമാനം ഇല്യാതായിട്ടില്യാ.”

അമ്മാമന്റെ വാക്കുകൾ ഉറച്ചതായിരുന്നു.

അമ്മാമൻ എന്തിനാണ് മേനോനോട് ചോദിക്കാൻ പോയത്? മേനോന്റെ ഭാര്യയാവാനുള്ള ആശ എപ്പോഴേ വേണ്ടെന്നു വെച്ചതായിരുന്നല്ലോ.

മേനോന്റെ രണ്ടാംകല്യാണം അദ്ദേഹത്തിന്റെ നില യ്ക്കും വിലയ്ക്കും ഒത്തോണം ഗംഭീരമായി നടന്നു. ഭാ ഗിനേയിയോട് കാണിച്ച വഞ്ചന മനസ്സിനെ നീറ്റുന്നുണ്ടായിരു ന്നുവെങ്കിലും, നാട്ടുകാരെ ബോദ്ധ്യപ്പെടുത്താനായി കോവുണ്ണി നായരും അതിൽ പങ്കു കൊണ്ടിരുന്നു. താൻ പങ്കെടുത്താൽ, മേനോൻ തന്റെ കുടുംബത്തെ അപമാനിച്ച കാര്യം അവർ അറിയുകയില്ലെന്ന് ആ ശുദ്ധൻ ഒരു പക്ഷെ വിചാരിച്ചിരു ന്നിരിക്കണം. അല്ലെങ്കിൽ, ദരിദ്രനായ താൻ ഒരു കുബേരനോട് എങ്ങനെയാണ് ഏറ്റുമുട്ടുക എന്ന യാഥാർത്ഥ്യബോധം അദ്ദേഹത്തെ കീഴടങ്ങാൻ പ്രേരിപ്പിച്ചിരിക്കണം.

# അദ്ധ്യായം 4

വേലുമേനോന്റെ രണ്ടാംവിവാഹം നാട്ടിലെ സംസാരവിഷയമായിരുന്നു. കോഴിക്കോട്ടെ ഒരു പ്രസിദ്ധ കുടുംബമായ പൂങ്കാവ് തറവാട്ടിലെ സരോജിനിയമ്മയെ മേനോൻ വിവാഹം കഴിച്ചതിന്റെ പിന്നിലെ കഥ അറിയാതെ നാട്ടുകാർക്ക് ഉറക്കം വരില്ല.

സുന്ദരിയായ ഭാര്യയെ നാട്ടുകാർ നന്നായി കാണട്ടെ എന്നു കരുതിയിട്ടാകണം, നാട്ടിലെ ധനികരായ സുഹൃത്തുക്കളുടെ ഭവനങ്ങളിലേക്ക് മേനോൻ അവരേയും കൂട്ടി നടന്നു പോയി. കാറുണ്ടായിട്ടും അതു ഉപയോഗിക്കാതെ നടന്നുപോകുന്ന ദമ്പതികളെ കണ്ട് ചിലരെല്ലാം അന്യോന്യം കുശുകുശുത്തു, മേനോൻ ഭാര്യയെ പ്രദർശിപ്പിക്കാൻ കൊണ്ടു നടക്കുകയാണെന്ന്.

മുപ്പത്തഞ്ചോളം വയസ്സുള്ള ദൃഢഗാത്രിയായ സരോജിനിയമ്മക്ക് സ്വർണനിറമായിരുന്നു. സ്വർണക്കസവുള്ള മുണ്ടും വേഷ്ടിയും, കയ്യിലും കഴുത്തിലും നിറയെ ആഭരണങ്ങൾ അണിഞ്ഞ് മേനോന്റെ തൊട്ടുപുറകിൽ നടന്നുപോകുന്ന അവരെക്കണ്ട് കാണികളിലൊരാൾ അടുത്തുണ്ടായിരുന്ന ആളോട് പറഞ്ഞു, രണ്ടുപേരുടേയും വസ്ത്രങ്ങൾക്ക് നല്ല ചേർച്ചയുണ്ടെന്ന്. കറുത്ത് തടിച്ച് ദീർഘഗാത്രനായ മേനോനേയും പത്നിയേയും സൂക്ഷിച്ചൊന്നു വീക്ഷിച്ചശേഷം മറ്റെയാൾ അത് ശരിവെക്കുകയും ചെയ്തു.

സുന്ദരിയും സമ്പന്നയുമായ ആ സ്ത്രീ ഇത്രയും കാലം വിവാഹിതയാകാതെ, ഒരു രണ്ടാംകെട്ടുകാരനെ, അതും കാക്കയുടെ നിറമുള്ള ഒരാളെ, വിവാഹം ചെയ്യാനെങ്ങനെ സമ്മതം മൂളി എന്നതായിരുന്നു നാട്ടുകാരെ വിഷമിപ്പിച്ച ചോദ്യം. ഇക്കാര്യത്തിൽ ഗവേഷണം നടത്താനായി ചില അസൂയാലുക്കളായ ചങ്ങാതിമാർ കോഴിക്കോട്ടു പോയെന്നും, അവരുടെ അ

ന്വേഷണത്തിൽ ആ സ്ത്രീ കുടുംബകാര്യസ്ഥന്റെ പുത്രനു മായി പ്രണയത്തിലായിരുന്നെന്നും, വിവരം വെളിപ്പെട്ടപ്പോൾ അവനെ വീട്ടുകാർ നാട്ടിൽനിന്ന് ഓടിച്ചെന്നും, ഒരു ഡോക്ട റുടെ സഹായത്തോടെ കുടുംബത്തിന്റെ മാനം വീണ്ടെടുത്തെ ന്നും വെളിവായി. അരമനരഹസ്യം അങ്ങാടിയിൽ പരസ്യം എ ന്ന ചൊല്ലിന്റെ ബലത്തിൽ, മറ്റു സമ്പന്നനായർ കുടുംബ ങ്ങളിലെ യുവാക്കൾ ഇവരെ വേൾക്കാൻ തയ്യാറാകാത്ത തിനാൽ, അവർ അവിവാഹിതയായി തുടർന്നെന്നും; അതല്ല, കാമുകനുവേണ്ടിയുള്ള ദീർഘകാല കാത്തിരുപ്പ് നിഷ്ഫലമായ തിനാൽ, അവർ മേനോനെ വിവാഹം ചെയ്യാൻ നിർബന്ധിത യായെന്നുമാണ് പൊതുജനത്തിന്റെ ഭാഷ്യം.

വേലുമേനോനുമായി പിണങ്ങി പോന്നതിന്നുശേഷം അമ്മു സ്വന്തം വീടുവിട്ട് പുറത്തിറങ്ങിയിട്ടില്ല. സന്തോഷം അവളിൽനിന്ന് വിട്ടകന്നു. ചിരിയില്ല, കളിയില്ല, ആരോടും സംസാരവുമില്ല. ലോകത്തോടുതന്നെ ഒരു വിമുഖത. അമ്മായി എന്തെങ്കിലും ചോദിച്ചാൽത്തന്നെ ഉത്തരം ഒരു മൂളലിൽ ഒതു ങ്ങും; അല്ലെങ്കിൽ ഒരു തലയാട്ടത്തിൽ. ആ പെൺകിടാവിൽ വന്ന മാറ്റം കോവുണ്ണിനായരേയും ഭാര്യയേയും അതിയായി വ്യസനിപ്പിച്ചു. എന്തൊരു പ്രസരിപ്പുള്ള ഒരു പെൺകുട്ടിയാ യിരുന്നു അവൾ! ഇപ്പോൾ എങ്ങനെ കോലം കെട്ടു! അവളുടെ മനസ്സിനേറ്റ ആഘാതം മാറ്റാൻ കാലത്തിന്നു മാത്രമെ കഴിയൂ എന്ന് അവർക്കറിയാം.

അവളെ തിരിച്ചു നാട്ടിലേക്ക് അയച്ചാലോ എന്ന് കോവു ണ്ണിനായർ ആലോചിക്കാതിരുന്നില്ല. പക്ഷെ എന്റെ മകൾക്ക് എന്തു പറ്റി എന്നു പെങ്ങൾ ചോദിച്ചാൽ, എന്തു മറുപടിയാണ് നൽകുക എന്നതായിരുന്നു കോവുണ്ണി നായരുടെ ആധി. ഏതെങ്കിലും നല്ല ആലോചന വന്നാൽ അവളെ വിവാഹം ക ഴിപ്പിച്ച് അയക്കാമായിരുന്നു. പക്ഷെ അതിനുമുണ്ടല്ലോ ചിലവ്. ചിരുതേവിയുടെ ചികിത്സക്കു തന്നെ പണമില്ല. ഈയിടെയായി അവളുടെ അസുഖത്തിന്നും കുറവില്ല. നാട്ടുവൈദ്യന്റെ കഷാ

യം കൊണ്ടൊന്നും വലിയ വ്യത്യാസം കാണുന്നില്ല. ജില്ലാ സ്പത്രിയിൽ കൊണ്ടുപോയാൽ അസുഖം മാറിക്കൂടായ്കയില്ല എന്നു പലരും പറഞ്ഞതാണ്. പക്ഷെ കൂടെ താനും അമ്മുവും പോകേണ്ടിവരും. ചിരുതേവിയുടെ മരുന്നിന്നും, മൂന്നുപേരുടെ ചിലവിന്നും, ആസ്പത്രിക്കു പുറത്തുള്ള താമസത്തിന്നും എ ല്ലാം പണം വേണമല്ലോ. കയ്യിലാണെങ്കിൽ, നിത്യവൃത്തി കഴി യാൻതന്നെ നിവൃത്തിയില്ലാത്ത അവസ്ഥയും. കോവിലിൽനി ന്നുള്ള വരുമാനംകൊണ്ട് ദിവസം കഴിച്ചുകൂട്ടാനുള്ള വക തന്നെ കിട്ടുന്നില്ല. മന്ത്രവാദത്തിന്നും ഈയിടെയായി ആരും വരാറില്ല. ആളുകൾക്ക് അതിലൊന്നും വിശ്വാസം ഇല്ലാതായി കൊണ്ടിരിക്കയാണ്. ദേവീ, നീ എന്തിനിങ്ങനെ എന്നെയും എന്റെ കുടുംബത്തേയും വലയ്ക്കുന്നു? കോവുണ്ണി നായരുടെ ദൃഷ്ടി ദേവിയെ അന്വേഷിച്ചിട്ടെന്നപോലെ മാനത്തേക്കു ഉയർന്നു.

ഒരു ദിവസം രാവിലെ കോവുണ്ണി നായർ പല്ലു തേച്ചു നിൽക്കുമ്പോഴാണ്, വീടിന്റെ പുറകിൽനിന്ന് ആരോ ഓക്കാനി ക്കുന്ന ശബ്ദം കാതിൽ വന്നുപതിച്ചത്. ചിരുതേവിയുടെ അസു ഖം അധികമായോ എന്ന ഉൽക്കണ്ഠയോടെ പുറകുവശത്ത് എത്തിയപ്പോഴാണ് ചിരുതേവിയല്ല, അമ്മുവാണ് ഓക്കാനിക്കു ന്നത് എന്നു മനസ്സിലായത്.

“എന്തേ നിണക്ക് പറ്റിയത്?” എന്ന് അമ്മുവിനോട് ചോദിച്ചുവെങ്കിലും, അവളുടെ മറുപടി വരുന്നതിന്നു മു മ്പുതന്നെ കോവുണ്ണി നായർ ഭാര്യയേയും വിളിച്ചു.

ഭർത്താവിന്റെ നിലവിളി കേട്ട് “എന്തേ പറ്റീത്?” എന്ന ന്വേഷിച്ചുകൊണ്ട് ചിരുതേവിയമ്മ ഓടിവന്നു. തെങ്ങിൻതട ത്തിന്ന് അരികിലിരുന്ന് ഓക്കാനിക്കുന്ന അമ്മുവിനേയും അടുത്ത് പരിഭ്രമിച്ചുനിൽക്കുന്ന ഭർത്താവിനേയും കണ്ട് അവർ ശിരസ്സിൽ കൈവെച്ച് നിലവിളിച്ചുപോയി.

“ഹെന്റെ ഗുരുവായുരപ്പാ... ചതിച്ചോ?”

ഇത്രയും ദിവസം തന്റെ മനസ്സിൽ കൊണ്ടു നടന്ന ഭയം വൃഥാവിലാകണേ എന്നു പ്രാർത്ഥിക്കുകയും, ഗുരുവായൂരപ്പ ന്നു വഴിപാട് നേരുകയും ചെയ്തത് ഫലിച്ചില്ലല്ലോ എന്നു ധരിക്കാൻ അവർക്ക് അധികസമയം വേണ്ടിവന്നില്ല.

ഓടിച്ചെന്ന് അവർ അമ്മുവിനെ പിടിച്ചെഴുന്നേല്പിച്ചു. പുറത്തു തലോടി. അമ്മുവിനോട് എന്തെങ്കിലും ചോദിക്കണം എന്നുതന്നെ അവർക്കു തോന്നിയില്ല. അമ്മുവിനെ അകത്തേ ക്കു ആനയിക്കുമ്പോൾ, അവർ ഭർത്താവിന്റെ നേർക്കയച്ച ഒറ്റനോട്ടംകൊണ്ട് അദ്ദേഹത്തിന്നും കാര്യം മനസ്സിലായി. ഇടി വെട്ട് തലയിൽ വീണപോലെ, അദ്ദേഹം മരവിച്ച് അവിടെ ത്തന്നെ നിന്നുപോയി.

വേലുമേനോന്റെ ഡ്രൈവർ അപ്പുക്കുട്ടൻ നായരുമായി തന്റെ വിവാഹം നിശ്ചയിച്ചെന്ന് അമ്മായി പറഞ്ഞപ്പോൾ, തികഞ്ഞ നിർവികാരതയാണ് അമ്മു പ്രദർശിപ്പിച്ചത്. തന്റെ ഗർഭപാത്രത്തിൽ മേനോന്റെ ബീജം ഒരു ശിശുവിന്ന് രൂപം നൽകിക്കൊണ്ടിരിക്കയാണ് എന്നറിഞ്ഞപ്പോൾ, അതുവരെ മന സ്സിൽ കൊണ്ടുനടന്നിരുന്ന സ്വപ്നങ്ങളെല്ലാം കത്തിച്ചാമ്പലായി. ജീവിതം ഒരു ഉല്ലാസയാത്ര മാത്രമായിരുന്നു അടുത്ത കാലം വരെ. അല്ലലും അലമ്പലുമില്ലായിരുന്നു. നഗരജീവിതത്തെ ക്കുറിച്ച് പാഠപുസ്തകങ്ങളിൽനിന്നുള്ള അറിവ് മാത്രമെ ഉണ്ടാ യിരുന്നുള്ളു. ആവശ്യങ്ങൾ പരിമിതം. ഉണ്ണാനും ഉടുക്കാനും ബുദ്ധിമുട്ടില്ല. കനത്ത ബാദ്ധ്യതകളോ ഉത്തരവാദിത്തമോ ഇല്ല. എല്ലാ ആവശ്യങ്ങളും കണ്ടറിഞ്ഞ് നിവർത്തിച്ചുതരാൻ അമ്മാമ ൻ സദാ സന്നദ്ധൻ. ആഗ്രഹങ്ങൾ തീരെ ഇല്ലായിരുന്നു. മനസ്സി ൽ ആഹ്ലാദം മാത്രം. പക്ഷെ ജീവിതത്തിലെ ഏതാനും രാത്രിക ൾ ആ സംതൃപ്തിക്കും സന്തോഷത്തിന്നും പൂർണ്ണ വിരാമമിട്ടു. പതിതയെന്ന കളങ്കം വളരെ വേഗം സമൂഹത്തിന്റെ മുമ്പിൽ തന്നെ ഒരു പരിഹാസപാത്രമാക്കും. ഇടങ്കണ്ണിട്ടു നോക്കി കുശു കുശുക്കുന്ന വർത്തമാനങ്ങൾ, പരിഹാസത്തിൽ ചാലിച്ചെടുത്ത ചിരി. സാമൂഹ്യസദസ്സുകളിൽനിന്ന് അകറ്റി നിർത്തുന്ന തരത്തി

ലുള്ള പെരുമാറ്റങ്ങൾ. ഇതെല്ലാം എങ്ങനെ സഹിക്കാനാകും? ജീവിതം ഒരു ഭാരമായി തോന്നിത്തുടങ്ങിയ അവസരത്തിലാണ് ഈ വിവാഹം നടക്കുന്നത്. ചിരിക്കണോ, അതോ കരയണോ?

തന്റെ അമ്മയേയും സഹോദരങ്ങളേയും കൂട്ടിക്കൊണ്ടു വരാനായി അമ്മാമൻ നാട്ടിലേക്കു പോയ അവസരത്തിലാണ് വിവാഹത്തെ സാംബന്ധിക്കുന്ന സംഭവവികാസങ്ങളെ കുറിച്ച് അമ്മു അറിഞ്ഞത്. സമയം കിട്ടുമ്പോഴെല്ലാം അമ്മായി അടുത്തുവന്നു ഇരിക്കുമായിരുന്നു. ഒറ്റക്കിരുത്തിയാൽ താൻ എന്തെങ്കിലും സാഹസം ചെയ്തേക്കുമോ എന്ന ഭയം അവരുടെ മനസ്സിനെ ഗ്രസിച്ചിരുന്നു എന്നു അമ്മുവിന്നു വ്യക്തമായിരുന്നു. തന്റെ പതനത്തിന്ന് അവരാണ് ഉത്തരവാദികൾ എന്ന കുറ്റബോധം അവരിരുവരേയും ശല്യപ്പെടുത്തുന്നുണ്ട് എന്ന് അമ്മു മനസ്സിലാക്കിയിരുന്നു. കുറ്റവാളി അവരല്ല, തന്റെ നിഷ്ക്കളങ്കതയാണെന്ന് അമ്മുവിനറിയാം.

അമ്മു ഗർഭിണിയാണെന്ന വിവരം അമ്മാമൻ മേനോനെ അറിയിച്ചെന്നും, കുടുംബത്തിന്റെ സൽപ്പേർ നിലനിർത്താനായി മേനോൻ ഏർപ്പാടാക്കിയതാണ് ഈ വിവാഹം എന്നും അമ്മായിയിൽനിന്നും അമ്മു മനസ്സിലാക്കിയിരുന്നു. പക്ഷെ വധു വിവാഹത്തിന്നു മുമ്പുതന്നെ മറ്റൊരാളിൽനിന്നും ഗർഭിണിയായതാണെന്ന് അപ്പുക്കുട്ടൻ നായർ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് അവ്യക്തമായിരുന്നു. അബദ്ധമൊന്നും പറഞ്ഞേക്കല്ലേ എന്നു മാത്രമാണ് അമ്മായി പറഞ്ഞത്.

ചാരിത്രശുദ്ധി നഷ്ടപ്പെട്ട ഒരുവളെ ഭാര്യയായി സ്വീകരിക്കാൻ ഏതെങ്കിലും പുരുഷൻ തയ്യാറാകുമോ എന്ന് അമ്മുവിന്ന് അറിഞ്ഞുകൂടാ. മുതലാളിയുടെ പാപഭാരത്തെ പേറിനടക്കാൻ എന്തു കൂലിയാണ് ജോലിക്കാരൻ ആവശ്യപ്പെട്ടിട്ടുണ്ടാവുക? പണത്തിന്നു മീതെ പരുന്തും പറക്കില്ല എന്നല്ലേ പറഞ്ഞു കേട്ടിട്ടുള്ളത്?

രണ്ടോ മൂന്നോ തവണ മാത്രമെ അമ്മു അപ്പുക്കുട്ടൻ നായരെ കണ്ടിട്ടുള്ളു. അതും മേനോന്റെ കുട്ടികളെ നോക്കാ

നായി അദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കുമ്പോൾ. ഇരുപത്ത ഞ്ചോളം വയസ്സു പ്രായമുണ്ടാകാം. നല്ലപോലെ കായികാദ്ധ്വാ നം ചെയ്യുന്ന ആളാണെന്നു ദേഹപ്രകൃതി കണ്ടാൽ അറിയാം. ലോറിയിലെ ഡ്രൈവറായിരുന്നു ആദ്യം. പിന്നീട് കാറിലെ ഡ്രൈവറായി. മുണ്ട് മടക്കിക്കുത്തി, 'പോടാ പുല്ലേ' എന്നൊരു ഭാവമാണ് എപ്പോഴും. അമ്മയുടെ ഏകസന്താനമാണ്. അച്ഛനാ രെന്ന് ആർക്കും അറിഞ്ഞുകൂടാ. എട്ടാംക്ലാസുവരെ പഠിച്ചി ട്ടുണ്ട്. മേനോൻ പറയുന്നത് വള്ളിപുള്ളി തെറ്റാതെ അനുസരി ക്കും. പക്ഷെ മറ്റുള്ളവർക്ക് അപ്പുക്കുട്ടൻ നായരെ അല്പം ശങ്കയാണത്രെ. അമ്മുവിനെ നല്ല സ്നേഹത്തോടെ നോക്കി സംരക്ഷിച്ചുകൊള്ളുമെന്ന് ഉറപ്പാണ് എന്ന് അമ്മായി പറഞ്ഞു. ഒരുപക്ഷെ തന്റെ കഥകളെല്ലാം പറഞ്ഞിട്ടുതന്നെയായിരിക്കാം മേനോൻ അപ്പുക്കുട്ടൻനായരെ സമ്മതിപ്പിച്ചിരിക്കുക.

അങ്ങാനെയാണെങ്കിൽ സഹാനുഭൂതി കൊണ്ടായിരി ക്കാം വിവാഹം ചെയ്യാൻ സമ്മതിച്ചിരിക്കുക. അല്ലാത്തപക്ഷം മേനോൻ വാഗ്ദത്തം ചെയ്ത സമൃദ്ധിയുടെ കുമ്പാരത്തിൽപെട്ട് കണ്ണു മഞ്ഞളിച്ചിട്ടായിരിക്കാം. ഒരു വിവാഹത്തിന്റെ പ്രാരംഭ ച്ചടങ്ങായ പെണ്ണുകാണലോ, ജാതകം നോക്കലോ, നാ ട്ടുപ്രമാണിമാരെ വിളിച്ചുവരുത്തി ഒരു നിശ്ചയച്ചടങ്ങോ നടന്നി ട്ടില്ല. വിവാഹത്തിന്നു സമ്മതമാണോ എന്ന് അമ്മുവിനോട് ആരും ചോദിക്കുകയും ഉണ്ടായിട്ടില്ല. വരുന്നപോലെ കാണാം, അമ്മു നിശ്ചയിച്ചു. തലയിൽ വരച്ചത് വഴിയിൽ തങ്ങില്ലല്ലോ.

നാട്ടിൽനിന്ന് അമ്മയും അനിയനും അനിയത്തിയും വന്നു. അവരെ കണ്ടിട്ട് വളരെ നാളുകളായിരിക്കുന്നു. അമ്മ ആദ്യം കെട്ടിപ്പിടിച്ച് ഏറെ കരഞ്ഞു. പിന്നീട് സന്തോഷത്തോ ടെ തലയിൽ തലോടി അനുഗ്രഹിച്ചു. മകൾക്ക് നൽകാനായി കയ്യിലൊന്നു ഇല്ലല്ലോ എന്ന് സങ്കടപ്പെട്ടു. അമ്മു അനിയ ത്തിയെ ആശ്ലേഷിച്ച് കവിളിൽ ഉമ്മ വെച്ചു. വിവാഹത്തി ന്നായി വാങ്ങിവച്ചിരുന്ന പുത്തൻ മുണ്ടുകളിൽനിന്ന് ഒന്നെടു ത്ത് അവൾക്ക് സമ്മാനിച്ചു. അനിയനെ നോക്കി സ്നേഹമ

സ്യണമായി പുഞ്ചിരിച്ചു. അവൻ എന്താണ് ചെയ്യേണ്ടത് എന്ന് അറിയാതെ, നാണത്തോടെ, മുഖം താഴ്ത്തി, ഷർട്ടിന്റെ കോള റുകൊണ്ട് മുഖം തുടച്ച് അവിടെനിന്നു പോയി.

അനാർഭാടമായിട്ടായിരുന്നു വിവാഹച്ചടങ്ങുകൾ. അ മ്മൻ കോവിലിൽവെച്ച് വരൻ വധുവിന്ന് പുടവ കൊടുത്തു. മുല്ല, പിച്ചകം, ജമന്തി തുടങ്ങീയ പുഷ്പങ്ങളെക്കൊണ്ട് തീർ ത്ത മാലകൾ അന്യോന്യം അണിയിച്ചു. കോവിലിന്നു ചുറ്റും മൂന്നു പ്രദക്ഷിണം ചെയ്തശേഷം വധുവരന്മാരും, ചടങ്ങിൽ പ ങ്കെടുത്ത പത്തുപന്ത്രണ്ടുപേരും വധുവിന്റെ ഗൃഹത്തിലേക്ക് തിരിച്ചു. അവിടെ അവർക്കായി ചെറിയ രീതിയിൽ ഒരു സദ്യ ഒരുക്കിയിട്ടുണ്ടായിരുന്നു. വിവാഹച്ചടങ്ങിന്നു മുമ്പുതന്നെ വേലു മേനോൻ കോവിലിൽ എത്തിച്ചേർന്നിരുന്നു. അമ്മു അ ദ്ദേഹത്തെ കണ്ടെങ്കിലും, കണ്ടതായി നടിച്ചില്ല. നടക്കൽ വെ ച്ചുള്ള ഹാരാർപ്പണത്തിന്നുശേഷം മേനോൻ വധൂവരന്മാരെ അ നുഗ്രഹിക്കാനായി അടുത്തു വന്നു. രണ്ടുപേരുടേയും കൈകളി ലേക്ക് അഞ്ചുറുപ്പികയുടെ നാണയങ്ങൾവീതം ഇട്ടുകൊടു ത്തു. തിരക്ക് ഉണ്ടെന്നു പറഞ്ഞ് സദ്യയിൽ പങ്കെടുക്കാതെ ത്തന്നെ അദ്ദേഹം പെട്ടെന്നു സ്ഥലം വിട്ടു.

സന്ധ്യയാകുന്നതിന്നു മുമ്പുതന്നെ അപ്പുക്കുട്ടൻ നായ ർ വധുസമേതനായി സ്വഗൃഹത്തിൽ എത്തി. ചായ സൽക്കാരം കഴിഞ്ഞതോടെ, വധുവിനെ അനുഗമിച്ചെത്തിയ ആൾക്കാർ ഓരോരുത്തരായി മടങ്ങിപ്പോയി. രാത്രിയാകുമ്പോഴേക്കും ആ വീട്ടിൽ അമ്മയും മകനും വധുവും മാത്രം അവശേഷിച്ചു.

ആദ്യരാത്രി ഒരു കാളരാത്രിയായിരുന്നു, അമ്മുവിനെ സംബന്ധിച്ചേടത്തോളം. അപ്പുക്കുട്ടൻ നായർ എന്തെല്ലാമോ ചോദിക്കുന്നുണ്ടായിരുന്നു. ഒന്നിനും വ്യക്തമായി മറുപടി പറ യാതെ, ശിരസ്സു നമിച്ച് അവൾ മൂളി. വധുവിന്റെ സ്വാഭാവിക മായ ലജ്ജമൂലമാണ് സംസാരിക്കാത്തത് എന്ന് അയാൾ കരു തിയിരുന്നിരിക്കണം.

ഇത്രയുംകാലം അടക്കി നിർത്തിയിരുന്ന കാമവികാരത്തെ അണ പൊട്ടിച്ചു വിട്ടതോ, അതോ ഒരു പുരുഷനായി തനിക്ക് എത്രമാത്രം ശക്തിയുണ്ടെന്നു ഭാര്യക്ക് വ്യക്തമാക്കി കൊടുക്കാനോ എന്നറിയില്ല, അപ്പുക്കുട്ടൻ നായർ വളരെ അക്രമാസക്തനായിട്ടാണ് പെരുമാറിയത്. ക്ഷീണിതനായി ഉറങ്ങുമ്പോഴേക്കും നേരം വെളുക്കാറായിരുന്നു. ജീവനുള്ള ഒരു വ്യക്തിയാണ് താൻ എന്ന് ഭർത്താവ് ഓർത്തില്ലായിരിക്കാം. എങ്ങനെയാണ് താൻ പെരുമാറേണ്ടത് എന്ന് ആരും ഉപദേശിച്ചിരുന്നില്ല എന്നതിനാൽ, എന്തും വരട്ടെ എന്ന നിലപാടെടുത്ത് ഭർത്താവിന്റെ ആക്രമണത്തെ ചെറുക്കാതെ, അവൾ നിശ്ശബ്ദം വഴങ്ങിക്കൊടുത്തു.

വിവാഹം കഴിഞ്ഞിട്ടും അമ്മുവിന്റെ പെരുമാറ്റത്തിൽ കാര്യമായ വ്യത്യാസം കണ്ടില്ല. ഭർത്താവിനോടോ, അദ്ദേഹത്തിന്റെ അമ്മയോടോ ചോദ്യങ്ങൾക്ക് ഉത്തരമായല്ലാതെ, യാതൊന്നും സംസാരിക്കില്ല. ഒരു നവവധുവിൽ കാണുന്ന മാറ്റങ്ങളൊന്നുംതന്നെ അവളിൽ കണ്ടില്ല. അടുക്കളയിലെ ജോലികളെല്ലാംതന്നെ അവൾ ചെയ്തു. ഭർത്താവിന്റെയും അമ്മയുടെയും ആവശ്യങ്ങളെല്ലാം നിർവ്വഹിച്ചുകൊടുക്കുന്നതിൽ അവൾ ശ്രദ്ധാലുവായിരുന്നു. പക്ഷെ കഴിയുന്നതും അവരിൽനിന്നു ഒഴിഞ്ഞുമാറിനിൽക്കും. വീട്ടിന്നകത്ത് ജോലികൾ ഒന്നുംതന്നെ ഇല്ലെങ്കിൽ, അവൾ പറമ്പിലേക്കിറങ്ങും. ഭർത്താവിന്റെ അമ്മ നട്ടുവളർത്തിയിരുന്ന പച്ചക്കറിത്തോട്ടത്തിൽ ചുറ്റിനടക്കും, ചെടികളെ ശുശ്രൂഷിക്കും, നനക്കും. ഒന്നുംതന്നെ ചെയ്യാനില്ലെങ്കിൽ ഇലകളേയും പൂക്കളേയും തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരിക്കും. എല്ലാവരിൽനിന്നും ഒളിച്ചോടുകയാണ് എന്ന വിധത്തിലാണ് പെരുമാറ്റം മുഴുവനും.

വിവാഹപിറ്റേന്നുതന്നെ അപ്പുക്കുട്ടൻനായർ ജോലിക്കു പോയിത്തുടങ്ങി. വീട്ടിൽ മടങ്ങിവരുന്നതിന്നു കൃത്യമായ സമയമില്ല. പക്ഷെ വീട്ടിലെത്തിയാൽ വളരെ സ്നേഹത്തോടെ പെരുമാറും. അമ്മയും മകനും തമ്മിലുള്ള ബന്ധം വളരെ

ദൃഢമായിരുന്നു. മകന്റെ എല്ലാ കാര്യങ്ങളിലും അമ്മയുടെ കണ്ണു ചെന്നെത്തും. അവന്റെ കാര്യങ്ങൾ നോക്കാനായി വീട്ടിൽ ഒരു പുതിയ അംഗം വന്നെത്തിയിട്ടുണ്ടെന്ന ചിന്ത ആ അമ്മയെ ബാധിച്ചിട്ടില്ല. മകനും അങ്ങനെത്തന്നെ. കിടപ്പുമുറിയിൽ എത്തിയാൽ മാത്രമെ അതിന്നൊരു മാറ്റം വരൂ.

മരുമകളുടെ പ്രഭാതത്തിലെ ക്ഷീണവും, ഭക്ഷണം കഴിഞ്ഞാലുള്ള പുളിച്ചുതേട്ടലും വളരെ വേഗം അമ്മയുടെ കണ്ണിൽ പെട്ടു. വിവാഹം കഴിഞ്ഞ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മരുമകൾ ഗർഭിണി ആയിരിക്കുന്നു എന്ന് ആ പരിചയം നിറഞ്ഞ നേത്രങ്ങൾ കണ്ടുപിടിച്ചു. മകൻ ആള് മോശമില്ലല്ലോ എന്നവർ മനസ്സിൽ പറഞ്ഞ് കണ്ണകളിൽ പുഞ്ചിരിച്ചു. .മരുമകളോടു ചോദിച്ചപ്പോൾ, അതെയെന്ന അർത്ഥത്തിൽ അവളൊന്നു തല കുലുക്കിയതേയുള്ളു. ഗർഭിണിയായിരിക്കുന്നു എന്നറിയുമ്പോൾ നവവധുക്കളിൽ കാണാറുള്ള നാണമോ പുഞ്ചിരിയോ അവളിൽ കാണാതിരുന്നപ്പോൾ, മാതൃത്വം ഇത്രവേഗത്തിൽ കെട്ടിവെച്ചതിൽ അവൾക്ക് പ്രതിഷേധമുണ്ടെന്ന് ആ അമ്മ ധരിച്ചിരിക്കണം. അതുകൊണ്ടായിരിക്കാം പെണ്ണുങ്ങളുടെ ജോലി വീട്ടുഭരണവും കുട്ടികളെ പെറ്റുവളർത്തലുമാണെന്ന് അവർ പറഞ്ഞത്.

അന്നുരാത്രി അപ്പുക്കുട്ടൻ നായർ അമ്മുവെ കോരിയെടുത്ത് തുരുതുരെ ഉമ്മ വെച്ചിട്ട് ചോദിച്ചു: "എന്തേ ഇതുവരെ എന്നോടിക്കാര്യം പറഞ്ഞില്ലാ. അമ്മ പറഞ്ഞിട്ടുവേണോ ഞാനറിയാൻ?"

അമ്മു ഒന്നും ഉരിയാടാതെ ഇരുന്നതേയുള്ളു. അവളുടെ കണ്ണുകളിൽ സംശയത്തിന്റെ നാമ്പുകൾ മുളച്ചു.

"അമ്മു പറ, എന്തേ എന്നോടീക്കാര്യം പറയാതിരുന്ന്?"

സ്നേഹമസൃണമായ ആ ചോദ്യം കേട്ടപ്പോൾ പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

"എല്ലാം അറിഞ്ഞുകൊണ്ടല്ലേ എന്നെ കല്യാണം കഴിച്ചത്? "

നിലത്തേക്കു നോക്കി പതുങ്ങിയ ശബ്ദത്തിൽ അമ്മു അത് പറഞ്ഞപ്പോൾ അപ്പുക്കുട്ടൻ നായർക്ക് സ്വന്തം കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

“എന്തറിഞ്ഞു എന്നാണ് നീ പറയുന്നത്? എനിക്കൊന്നും അറിയില്ല.

മുരടൻ സ്വഭാവക്കാരനാണെങ്കിലും തന്റെ ഭർത്താവ് ഒരു ശുദ്ധഗതിക്കാരനാണെന്ന് അമ്മു മനസ്സിലാക്കി. ഇപ്പോൾ വേണമെങ്കിൽ തന്റെ കളങ്കം അദ്ദേഹത്തിൽനിന്ന് ഒളിച്ചുവെക്കാം. പക്ഷെ വിവാഹം കഴിഞ്ഞ് ഒമ്പതുമാസം തികയുന്നതിന്നുമുമ്പ് പ്രസവം നടക്കുമ്പോൾ എല്ലാവരും യാഥാർത്ഥ്യം മനസ്സിലാക്കുമെന്ന് ഉറപ്പാണ്. അപ്പോൾ ഒരു ഭൂകമ്പംതന്നെ പൊട്ടിപുറപ്പെട്ടേക്കാം. താൻ കളങ്കമുള്ളവളാണെന്ന് മാത്രമല്ല, വഞ്ചകി കൂടിയാണെന്ന് അപ്പോൾ മുദ്ര കുത്തപ്പെടും.

അമ്മു സംഭവിച്ചതെല്ലാം ഭർത്താവിനോട് തുറന്നു പറഞ്ഞു. മേനോനെ അനുസരിച്ച് നടക്കണമെന്നുള്ള അമ്മായിയുടെ ഉപദേശവും. മേനോൻ രാത്രി തന്നെ അദ്ദേഹത്തിന്റെ കിടപ്പുമുറിയിലേക്ക് വിളിച്ച് വഞ്ചിച്ചതും എല്ലാം അവൾ ഒളിക്കാതെ അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നുവെച്ചു. തന്റെ ഓരോ വാക്കും അദ്ദേഹം എങ്ങനെയാണ് സ്വീകരിച്ചതെന്ന് അമ്മുവിന്ന് അറിയില്ല. മുറിക്കകത്ത് കത്തിയിരുന്ന അമേരിക്കൻ ലാമ്പ് അദ്ദേഹത്തിന്റെ മുഖത്ത് കനത്ത നിഴൽ സൃഷ്ടിച്ചതിനാൽ ഭാവങ്ങളൊന്നും കാണാമായിരുന്നില്ല.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ, അദ്ദേഹം എഴുന്നേറ്റ് ഒരു ബീഡി കത്തിച്ചു ഒന്നു ആഞ്ഞുവലിച്ച് പുക മേല്പോട്ടു ഊതി. മുറിയ്ക്കകത്ത് ഏതാനും തവണ അങ്ങോട്ടുമിങ്ങോട്ടും നടന്ന് പിന്നീട് പുറത്തേക്ക് ഇറങ്ങിപ്പോയി. എങ്ങോട്ടാണ് പോകുന്നതെന്നു ചോദിച്ചില്ല; പറഞ്ഞതുമില്ല. ഇരുട്ടിലേക്ക് വൃഥാ തുറിച്ചുനോക്കി അമ്മു ഇരുന്ന ഇരുപ്പിൽ നേരം വെളുപ്പിച്ചു. പറയാനുള്ളത് പറഞ്ഞു കഴിഞ്ഞപ്പോൾ മനസ്സ് ഒഴിഞ്ഞു. തികഞ്ഞ ആശ്വാസം. എന്റെ ഭാവി ഇനി ഈശ്വരന്റെ കയ്യിലാണ്. അദ്ദേ

ഹം നിശ്ചയിച്ചതുപോലെ ഇനി അമ്മുവിന്റെ ജീവിതം മുന്നോട്ടു നീങ്ങും.

കോഴി കൂകുന്ന ശബ്ദം കേട്ടപ്പോൾ അമ്മു കട്ടിലിൽ നിന്നെഴുന്നേറ്റു പതിവുപോലെ അടുക്കളയിലേക്കു നടന്നു. മൂന്നു വ്യക്തികൾമാത്രം താമസിക്കുന്ന ആ വീട്ടിൽ അധികം ജോലിയില്ല. എങ്കിലും ചാണകം മെഴുകി ശുദ്ധീകരിച്ച് തീ കത്തിച്ച് ചായയ്ക്കു വെള്ളം വെച്ചു. ഭർത്താവ് എങ്ങോട്ടാണ് പോയിട്ടുണ്ടാവുക? അമ്മ ചോദിക്കുമ്പോൾ എന്തു മറുപടിയാണ് നൽകുക?

ചായ തിളച്ചപ്പോഴേക്കും അമ്മ എഴുന്നേറ്റുവന്നു. മകന്നുള്ള ചായ ഒരു ഗ്ലാസിലാക്കി അവർ കിടപ്പുമുറിയിലേക്കു നടക്കുമ്പോൾ തടഞ്ഞില്ല. കാര്യങ്ങൾ സ്വയം മനസ്സിലാക്കട്ടെ.

"അപ്പുട്ടൻ എണീറ്റ് പുറത്തേക്ക് പോയോ?"

"ഉം" ഒന്നു മൂളി.

"ഇന്ന് പോണ കാര്യൊന്നും ന്നലെ പറയ്ണ്ണ്ടായില്ലല്ലോ."

ഒന്നും മിണ്ടിയില്ല. ദോശക്കുവേണ്ടി അരച്ച മാവ് എടുത്ത് ദോശ ചുടാനുള്ള ഒരുക്കത്തിലായി അമ്മു.

"എവ്ടക്കാ പോണ്ന്ന് പറഞ്ഞോ?"

"ഇല്ല."

അടുക്കളയിലെ പണിയെല്ലാം കഴിഞ്ഞ് അമ്മു കുളിമുറിയിൽ കയറി. കുളി കഴിഞ്ഞ് പുറത്തു വന്നപ്പോൾ അപ്പുക്കുട്ടൻ നായർ മുറ്റത്ത് ഉലാത്തുന്നുണ്ടായിരുന്നു. ഒഴിഞ്ഞ ഗ്ലാസ് തിണ്ടിന്മേൽ ഇരിപ്പുണ്ട്. അമ്മ എന്തെല്ലാമോ ചോദിക്കുന്നുണ്ടെങ്കിലും കേട്ടതായ ഭാവമില്ല.

"ഒരു ഉത്തരവാദിത്ത്വാം ല്യാതെ ഇനി നടന്നാ പറ്റ്വോ? കുടുംബഭാരോം കൂടിവര്വാന്ന് അറിയില്യേ?" അമ്മ ശാസിക്കുന്നതും കേട്ടാണ് അമ്മു പൂമുഖത്തേക്ക് വന്നത്. ശാന്തമായിരുന്നു അവളുടെ മനസ്സ്. അതുകൊണ്ട് പെരുമാറ്റവും

അങ്ങനെത്തന്നെ. വിശേഷങ്ങളൊന്നും അമ്മയോട് പറഞ്ഞിട്ടി ല്ലെന്ന് വ്യക്തം.

അമ്മുവെ കണ്ടപ്പോൾ അപ്പുക്കുട്ടൻ നായർ മുഖം തിരിച്ച് അവളുടെ മുഖത്തേക്ക് ശരിയായി നോക്കി. ഇമ വെട്ടാതെ അവൾ ആ നോട്ടം തിരിച്ചുകൊടുത്തു.

"അമ്മു പുറപ്പെട്ടോ. ചായ കുടിച്ചു കഴിഞ്ഞാൽ വീട്ടിൽ പോകാം."

അപ്പോൾ തന്നെ വീട്ടിൽ തിരിച്ചു കൊണ്ടുവിടാനുള്ള തീരുമാനമായിരിക്കുന്നു.

"ഞാൻ ചായ കഴിക്കിണില്യാ. ഇപ്പോള് പുറപ്പെട്ടു വരാം." അവൾ അകത്തേക്കു പോയി.

"എന്താപ്പൊ അവൾടെ വീട്ടിൽ വിശേഷം? എന്താ ത്രെ ധൃതി?" അമ്മ അന്വേഷിക്കുന്നതു കേട്ടു. മറുപടി പറയു ന്നത് കേൾക്കാൻ നിൽക്കാതെ മുറിക്കകത്തു കയറി വാതി ലടച്ചു.

സ്വന്തം വസ്ത്രങ്ങൾ ഒരു സഞ്ചിയിലാക്കി രണ്ടാംമുണ്ട് മാറിലിട്ടു. മുടി ചീകാനോ പൊട്ടു തൊടാനോ ഒരുമ്പടേണ്ട ആവശ്യം ഇപ്പോഴില്ല.

അപ്പുക്കുട്ടൻ നായർ അമ്മു വരുന്നതും കാത്ത് മുറ്റത്തുതന്നെ നില്പാണ്. അമ്മ തിണ്ടിന്മേൽ ഇരിപ്പുതന്നെ.

"പോട്ടെ അമ്മേ," യാത്ര ചോദിക്കുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു.

"പോട്ടെ എന്നല്ല; പോയിട്ട് വരട്ടെ എന്നു പറ." അമ്മ ചിരിച്ചു.

പടി കടക്കുമ്പോൾ ഒന്നു തിരിഞ്ഞുനോക്കി. അമ്മ തന്നെത്തന്നെ നോക്കി ഇരിക്കുന്നു.

ഭർത്താവിന്റെ സ്നേഹനിധിയായ അമ്മയെ അമ്മു അവസാനമായി ജീവനോടെ കണ്ടത് അപ്പോഴായിരുന്നു.

---

## അദ്ധ്യായം 5

അപ്പുക്കുട്ടൻ നായരുടെ വീട്ടിൽനിന്ന് കോവുണ്ണി നായരുടെ വീട്ടിലേക്ക് ഏതാണ്ട് ഒന്നര നാഴിക ദൂരമുണ്ട്. അത്രയും ദൂരം നടക്കുന്നതിന്നിടയിൽ അപ്പുക്കുട്ടൻ നായരും അമ്മുവും തികഞ്ഞ മൗനം പാലിച്ചു. വീട്ടിൽനിന്ന് ഇറങ്ങുന്നതിന്നു മുമ്പ് അവർ കൈമാറിയ വാക്കുകളിൽനിന്ന് അവർക്കിടയിൽ എന്തെങ്കിലും ഭിന്നതയുണ്ടെന്ന് മനസ്സിലാക്കാൻ ഒരന്യവ്യക്തിക്ക് പ്രയാസമായിരുന്നു. ആദ്യമായി ഗർഭം ധരിച്ച ഒരു യുവതി സ്വന്തം ബന്ധുക്കളെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സ്നേഹസമ്പന്നനായ ഭർത്താവ് പ്രേയസിയുടെ ആഗ്രഹനിവൃത്തി വരുത്തുന്നു എന്നേ അമ്മപോലും ധരിച്ചിരിക്കൂ. അതു കൊണ്ടാകണമല്ലോ യാത്രാനുമതി തേടിയപ്പോൾ അവർ ചിരിച്ചുകൊണ്ട് അനുമതി നൽകിയത്.

ജീവിതത്തിന്റെ എല്ലാ ചലനങ്ങളും ദൈവത്തിൽ അർപ്പിച്ചതോടെ അമ്മുവിന്ന് യാതൊരുവിധത്തിലുള്ള പ്രതിഷേധമോ, കാലുഷ്യമോ ഇല്ലാതെ അപ്പുക്കുട്ടൻ നായരോട് പെരുമാറാൻ കഴിഞ്ഞു. ജീവിക്കുന്നതുതന്നെ മൃതപ്രായത്തിലാണെന്നിരിക്കെ, ഭീതിക്കെവിടെ സ്ഥാനം? പക്ഷെ അപ്പുക്കുട്ടൻ നായരുടെ മനസ്സിൽക്കൂടി കടന്നുപോകുന്ന വിചാരധാരകൾ എന്തായിരിക്കുമെന്ന് അമ്മുവിന്ന് ഊഹിക്കാനായില്ല. തന്നോടു കാണിച്ച വഞ്ചനയിൽ, വേലുമേനോനോടും, കോവുണ്ണിനായരോടും അമ്മുവിനോടും അദ്ദേഹത്തിന്ന് കോപമുണ്ടായിരിക്കാം. തള്ളക്കുരങ്ങ് കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് വാരിക്കുന്നതുപോലെ, മേനോൻ തന്നോട് പെരുമാറിയതാണെന്ന് അദ്ദേഹത്തിന്ന് തോന്നിയിരിക്കുമോ?

വഴിക്ക് രണ്ടോ മൂന്നോ പരിചയക്കാർ അപ്പുക്കുട്ടൻനായരോട് എന്തെല്ലാമോ സംസാരിക്കുന്നത് കണ്ടു. ലോഗ്യം

ചോദിച്ചതായിരിക്കാം. കടന്നുപോകുമ്പോൾ അവർ അമ്മുവി നോടും ചിരിച്ചു.

"അമ്മാമന്റോടത്തായിരിക്കും, ല്ലേ?" ഒരാൾ ചോദിക്കു കയും ചെയ്തു.

ആണെന്നോ അല്ലെന്നോ അമ്മു പറഞ്ഞില്ല. മറുപടി ക്കു കാത്തുനിൽക്കാതെ അവർ കടന്നുപോകുകയും ചെയ്തു.

വീട്ടിന്നടുത്ത് എത്താറായപ്പോഴേക്കും, അപ്പുക്കുട്ടൻനാ യർ നടത്തത്തിന്റെ വേഗത കുറച്ചു. അമ്മു ഒപ്പമെത്തിയപ്പോൾ, സങ്കോചത്തോടെ പറഞ്ഞു, "എനിക്ക് നിന്നോട് അലോഗ്യം ഒന്നൂല്യാ. പക്ഷെ കല്യാണത്തിന്റെ മുമ്പന്നെ ന്നോട് പറയാര് ന്നു. വേറൊരാളുടെ വിഴുപ്പെടുക്കാൻ ന്നെക്കൊണ്ടാവില്യാ."

മറുപടി പറയേണ്ടാ എന്നാണ് ആദ്യം കരുതിയത്. പക്ഷെ, പിന്നീട് തന്റെ ഭാഗം പറയാൻ അവസരം കിട്ടിയില്ലെ ങ്കിലോ എന്നു കരുതി ചോദിച്ചു, "എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞിട്ടുണ്ടെന്ന് അമ്മാമൻ പറഞ്ഞൂലോ."

"ങ്ഹും. നിന്നെ കല്യാണം കഴിക്കണംന്ന് പറഞ്ഞിട്ട് കോവുണ്യാര് ൻറടുത്ത് വര്വേ, ഞാൻ കോവുണ്യാര്ടെ അടുത്ത് പോവ്വേ ണ്ടായിട്ടില്യാ. മേനോനാ കല്യാണക്കാര്യം പറഞ്ഞത്. ജോലിക്കാരനാണെന്നുവെച്ച് സ്വന്തം കുട്ടീടെ പിതൃ ത്വം ന്റെ തലേല് വെച്ച് കെട്ടണ്ടായിരുന്നു."

സ്വരത്തിൽ സങ്കടത്തിന്റെയും അമർഷത്തിന്റെയും പരി വേഷം കലർന്നിരുന്നു.

"നിക്കൊന്നും അറീല്യാ. ന്റെ വിധി!" അമ്മു തേങ്ങി.

"നീ കരേണ്ടാ. നിന്റെ കുറ്റം അല്ല. നിന്റെ അച്ഛനാ വാൻ പ്രായംള്ള ആ മേനോനുണ്ടല്ലോ, അയാളെയാ പറയേ ണ്ടത്. പണത്തിന്റെ അഹങ്കാരാ അയാള് കാണിച്ചത്." ഉള്ളിൽ നിന്ന് അമർഷം തികട്ടി വരുന്നത് വാക്കുകളിൽ സ്ഫുരിക്കുന്നു ണ്ടായിരുന്നു.

രണ്ടുപേരും തല താഴ്ത്തി നടത്തം തുടർന്നു. സംസാരം നിലച്ചു. അപ്പുക്കുട്ടൻ നായരുടെ മനസ്സിൽ നടക്കുന്ന കോളിളക്കം ആ നടത്തത്തിൽ കാണാമായിരുന്നു.

വീടിന്റെ മുറ്റത്ത് കയറിച്ചെന്നപ്പോൾ അമ്മാമനെ ഉമ്മറത്തു കണ്ടില്ല. അമ്മു ഉമ്മറത്തേക്കു കയറി. .അപ്പുക്കുട്ടൻ നായർ മുറ്റത്ത് നിന്നതേയുള്ളു. മനസ്സിലെ വിമ്മിഷ്ടം അണപൊട്ടി ഒരു കരച്ചിലായി അമ്മുവിന്റെ കണ്ഠത്തിൽക്കൂടി പുറത്തു വന്നു. അവൾ അകത്തേക്കു ഓടിപ്പോയി.

അമ്മായി അകത്ത് കട്ടിലിൽ കിടക്കുകയായിരുന്നു. ഓടി അകത്തു കയറിയ അമ്മുവിനെ കണ്ട് അമ്മായി എഴുന്നേൽക്കാൻ ശ്രമിച്ചു. "എന്തേ... എന്തേ അമ്മു വന്നത്? എന്താ കാര്യം? "

അമ്മു പെട്ടെന്നു കരച്ചിലിനെ നിയന്ത്രിച്ചു. മുണ്ടിന്റെ അറ്റംകൊണ്ട് കണ്ണുനീർ തുടച്ചു. "ഒന്നൂല്യാ... ഒന്നൂല്യാ അമ്മായി. " കരഞ്ഞുവീർത്ത കവിൾത്തടങ്ങളിൽ കണ്ണുനീരിന്റെ തിളക്കം മുറുയ്ക്കകത്തെ അരണ്ട വെളിച്ചത്തിലും അമ്മായിക്ക് കാണാമായിരുന്നു. അവർ എഴുന്നേറ്റിരിക്കാൻ പണിപ്പെട്ടു. അമ്മു അടുത്തുചെന്നു അവരെ എഴുന്നേൽക്കാൻ സഹായിച്ചു.

"എന്തേ അമ്മായിക്ക്?"

"കാര്യായിട്ടൊന്നൂല്യാ. വയറ്റില് വല്ലാത്ത വേദന. ഭക്ഷണം കഴിക്കാനൊന്നും വയ്യ. ഇന്ന് അമ്മാമൻ തന്ന്യാ അടുക്കളേ കയറീത്. നീയ് വന്നത് നന്നായി. അമ്മാമന്ന് അടുക്കള പണ്യ്യൊന്നും വശംല്യാ. നീയൊന്ന് അങ്ങട് ചെല്ല്. "

അമ്മു അടുക്കളയിലേക്ക് പോകാനായി തിരിഞ്ഞപ്പോൾ വീണ്ടും അന്വേഷണം.

"അപ്പുട്ടൻ വന്നിട്ടില്ല്യേ? "

"ഉവ്വ്, ഉമ്മറത്തുണ്ട്."

കോവുണ്ണിനായർ അടുപ്പത്തുനിന്ന് ചായപ്പാത്രംവാങ്ങിവെക്കുകയായിരുന്നു, അമ്മു കയറിച്ചെന്നപ്പോൾ.

“ങ്ഹാ.. അമ്മ്വോ? അപ്പുട്ടൻ വന്നിട്ടില്യേ?

“ഉവ്വ്, ഉമ്മറത്തുണ്ട്.”

“ന്നാ രണ്ടു ഗ്ലാസ് ചായ വേറെ ണ്ടാക്കിക്കോ. ഞാൻ ണ്ടാക്കിയ ചായ വേറൊരാൾക്ക് കൊടുക്കാൻ പറ്റില്യാ.”

കോവുണ്ണിനായർ അടുക്കളയിൽനിന്ന് ഇറങ്ങിപ്പോയി.

“അപ്പുട്ടനെന്താ മുറ്റത്തന്നെ നിക്കണ്? കയറി ഇരിക്ക്.”

അമ്മാമൻ സംസാരിക്കുന്നത് അടുക്കളയിൽ കേൾക്കാമായിരുന്നു.

“വേണ്ടാ, പോവ്വാൻ ധൃതിണ്ട്. അമ്മൂനെ കൊണ്ടാക്കാൻ വന്നതാ.”

“അപ്പൊ ചിരുതേവിക്ക് സുഖംല്യാന്ന് ആരേ പറഞ്ഞത്?”

“അമ്മായിക്ക് സുഖംല്യേ?”

“രണ്ടീസായിട്ട് അവൾക്ക് വയറ്റിൽവേദന മാറ്ണ്ല്യാ.”

അല്പനേരത്തെ നിശ്ശബ്ദത. വീണ്ടും അപ്പുക്കുട്ടൻ നായരുടെ ശബ്ദം.

“ഞാൻ അമ്മൂനെ കൊണ്ടന്നാക്കാൻ വന്നതാ. മേനോന്റെ വിഴുപ്പ് ചുമക്കാൻ ന്നെ നോക്കണ്ടാ. ഞാൻ പൊവ്വാ.”

“അപ്പുട്ടാ... നിക്ക്. പറയട്ടെ ”

“ഇനി പറയൊന്നും വേണ്ടാ. ന്നാലും ന്നോട് ഈ ചതി വേണ്ടേര്ന്നു.”

നടന്നു നീങ്ങുന്ന ചെരുപ്പുകളുടെ ശബ്ദം.

അമ്മു ചായയുമായി ഉമ്മറത്തേക്കു വന്നപ്പോൾ അമ്മാമൻ ഉമ്മറത്തിണ്ണമേൽ ഇരിക്കുകയായിരുന്നു. അമ്മുവിന്റെ കാലടിശബ്ദം കേട്ടപ്പോൾ, അദ്ദേഹം മുഖം തിരിച്ച് അവളെ നോക്കി. ആ കവിളുകൾ കണ്ണുനീർ ഒഴുകി നനഞ്ഞിരുന്നു. ചായഗ്ലാസ് നീട്ടിയപ്പോൾ അദ്ദേഹം ദയനീയമായി അവളെ നോക്കി. ഉടനെ കണ്ണുകളിൽനിന്ന് പുതിയതായി ബാഷ്പധാര പുറപ്പെട്ടു. അടക്കാനാവാതെ അദ്ദേഹം തല തിരിച്ച് ഇരുകൈ

കൾകൊണ്ടും മുഖംപൊത്തി തേങ്ങിത്തേങ്ങി കരഞ്ഞു. ഇതികർത്തവ്യതാമൂഢയായി അമ്മു ഗ്ലാസ് കയ്യിൽ പിടിച്ച് അവിടെത്തന്നെ മിഴിച്ചു നിന്നു.

ഉണ്ടായ സംഭവങ്ങൾ കുറേശ്ശെയായി അമ്മു അമ്മായിയെ ധരിപ്പിച്ചു. അവർക്ക് ഒന്നുംതന്നെ പറയാനുണ്ടായിരുന്നില്ല. നിശ്ശബ്ദയായി അവർ എല്ലാം കേട്ട് ഇരുന്നു. വിവാഹം കഴിഞ്ഞ് ഒരു മാസംകൂടി പൂർത്തിയാക്കാനാകാതെ, അപമാനിതയായി അവൾക്ക് തിരികെ വീട്ടിൽ മടങ്ങിവരേണ്ടിവന്നുവല്ലോ എന്നോർത്ത് കണ്ണുനീർ ഒഴുക്കാനല്ലാതെ അവർക്കെന്തു ചെയ്യാനാകും? വൃദ്ധരായ തങ്ങളുടെ കാലം കഴിഞ്ഞാൽ ആരാണ് അവൾക്കൊരു തുണ എന്നറിയാകാതെ അവർക്ക് ഉറക്കം വന്നില്ല. മനസ്സിലെ അശാന്തിക്ക് മുൻതൂക്കം കിട്ടിയതുകൊണ്ടോ എന്തോ, അവരുടെ വയറ്റിൽവേദനക്ക് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അല്പം കുറവ് കണ്ടു. അവർ എഴുന്നേറ്റ് വീട്ടിനകത്ത് നടക്കാനും മറ്റും ആരംഭിച്ചു.

താൻ അടുത്തില്ലെന്നു ഉറപ്പായാൽ അമ്മാമനും അമ്മായിയും ഒച്ച കൂട്ടാതെ ദീർഘനേരം സംസാരിക്കുന്നത് തന്നെ കുറിച്ചാണെന്ന് ആരും പറയാതെത്തന്നെ അമ്മുവിന്നറിയാം. ഒരു ദിവസം അവരിരുവരും ഉമ്മറത്തിരുന്ന് സംസാരിക്കുന്നത് അമ്മു അകത്തിരുന്ന് ശ്രദ്ധിച്ചു. അപ്പുക്കുട്ടൻ നായരും വേലുമേനോനും ഓഫീസിൽവെച്ച് ഗംഭീരമായ വാക്കേറ്റമുണ്ടായെന്നും, മേനോന്റെ ജോലി ഉപേക്ഷിച്ച് അയാൾ പോയെന്നും അവരുടെ സംസാരത്തിൽ നിന്ന് അമ്മു അറിഞ്ഞു. അപ്പുക്കുട്ടൻ നായർ മേനോനെ തെറികൊണ്ട് അഭിഷേകം ചെയ്തപ്പോൾ ചുറ്റുവട്ടങ്ങളിൽ അയാൾക്ക് ഒരു ജോലി ലഭിക്കുന്നത് തനിക്കൊന്നു കാണണമെന്ന് മേനോൻ പറഞ്ഞത്രെ. അതിന്നുശേഷം ജോലിയൊന്നുമില്ലാതെ അപ്പുക്കുട്ടൻനായർ അങ്ങാടിയിൽ തെണ്ടിത്തിരിഞ്ഞ് നടക്കുകയാണത്രെ. തനിക്ക് പറ്റിയ ചതി ഇപ്പോൾ നാട്ടിലൊക്കെ പാട്ടായിട്ടുണ്ടാകും.

അമ്മാമൻ മേനോനെ കണ്ടെന്നും, തന്റെ ഭാവിയെക്കുറിച്ച് അദ്ദേഹവുമായി ചർച്ച ചെയ്തെന്നും അമ്മായിതന്നെ അമ്മുവിനോട് പറഞ്ഞു. പ്രസവംവരെയുള്ള കാലത്തെ തന്റെ ചിലവും, പ്രസവച്ചിലവും തരാമെന്ന് മേനോൻ ഏറ്റിട്ടുണ്ടത്രെ. പ്രസവം കഴിഞ്ഞാലോ? അതൊന്നും അദ്ദേഹത്തിന് ഏൽക്കാനാവില്ലെന്ന്. രണ്ടോ മൂന്നോ ദിവസം കൂടെ കിടന്നതിന് ഇതിലേറെയൊന്നും നൽകാനാവില്ലെന്ന് അദ്ദേഹം തീർത്തു പറഞ്ഞുവത്രെ. തന്റെ രാത്രികൾക്ക് വില കെട്ടിയ മേനോൻ തന്റെ ജീവിതത്തിനെന്തേ വില കെട്ടിയില്ല എന്ന് അമ്മു തന്നോടുതന്നെ ചോദിച്ചു; ഉത്തരം കിട്ടിയില്ല.

മേനോൻ പറഞ്ഞതിന് അമ്മാമന്റെ പ്രതികരണമെന്തായിരുന്നു എന്ന അമ്മുവിന്റെ ചോദ്യത്തിന് അമ്മായി മറുപടി നൽകിയില്ല. പക്ഷെ ആ മൗനംതന്നെ അമ്മുവിന്ന് മതിയായ ഉത്തരമായിരുന്നു. പണത്തിന്റെ പഞ്ഞത്താൽ വലയുന്ന അമ്മാമൻ മേനോൻ വെച്ചു നീട്ടിയ അച്ചാരം സ്വീകരിച്ചിരിക്കുന്നു എന്ന സാരം.

നാട്ടുകാർ തന്നെപ്പറ്റി എന്തെല്ലാമായിരിക്കും പറഞ്ഞു നടക്കുന്നത് എന്ന ചോദ്യം അമ്മുവിന്റെ മനസ്സിൽ ഉയരാതിരുന്നില്ല. പക്ഷെ ഈ ചെറിയ ഗ്രാമത്തിൽ അധികം ആൾക്കാരെ കാണേണ്ട ആവശ്യമില്ലല്ലോ എന്നോർത്ത് അവൾ ആശ്വസിച്ചു. അമ്മാമന്റെ വീട്ടിലേക്ക് മടങ്ങിവന്നശേഷം, അവരിരുവരേയുമല്ലാതെ താനാരേയും കാണാനിടയായിട്ടില്ലല്ലോ. പക്ഷെ അമ്മാമന്റെ സ്ഥിതി വളരെ വിഭിന്നമായിരിക്കും. താൻ കാരണം അദ്ദേഹത്തിന് നാട്ടിൽ തല ഉയർത്തി നടക്കാനാകില്ല എന്നവൾക്ക് ഉറപ്പായിരുന്നു. തന്നോടുള്ള സ്നേഹം കൊണ്ടായിരിക്കണം അദ്ദേഹം അതെല്ലാം സഹിച്ചിരിക്കുക. എത്ര ജന്മം പിറന്നാലും ഈ സ്നേഹത്തിന്റെ കടം വീട്ടാനാകില്ല.

ഗർഭത്തിന്റെ ആലസ്യം വല്ലാതെ ഉണ്ടായിരുന്നെങ്കിലും അതൊന്നും വക വെക്കാതെ വീട്ടുജോലികളുമായി അവൾ മുന്നോട്ടു പോയി. അസുഖം കാരണം തനിക്കു സഹായി

ക്കാനായില്ലെങ്കിലും, വീട്ടുജോലികൾ പ്രസവത്തെ എളുപ്പമാക്കുമെന്ന് അമ്മായി പറയുമായിരുന്നു.

അമ്മു ബാലകൃഷ്ണനെ പ്രസവിക്കുമ്പോൾ, അമ്മായി അസുഖമായി ശയ്യാവലംബിയായിരുന്നു. പക്ഷെ പ്രസവശുശ്രൂഷക്കായി നാട്ടിൽനിന്ന് അമ്മ വന്നിരുന്നു, സഹോദരങ്ങളോടൊപ്പം. വന്നു രണ്ടു ദിവസം പിന്നിട്ടശേഷമാണ് മകളുടെ ഗർഭത്തിന്റെ പിന്നിലെ ചരിത്രം ആ അമ്മ അറിഞ്ഞത്. സങ്കടം സഹിക്കവയ്യാതെ, മകളെ വേണ്ട പോലെ നോക്കാതിരുന്നതിന് അമ്മാമനേയും അമ്മായിയേയും അവർ പഴി പറഞ്ഞു. തന്റേയും മക്കളുടെയും നിർഭാഗ്യത്തിന് ദൈവത്തേയും ശപിച്ചു.

അമ്മു പ്രസവിച്ച് മുപ്പതു ദിവസം കഴിഞ്ഞപ്പാൾ അമ്മ തന്റെ പ്രാരാബ്ധങ്ങളുടെ പേരും പറഞ്ഞ്, കുട്ടികളേയും കൂട്ടി നാട്ടിലേക്ക് മടങ്ങിപ്പോയി. തന്റെ ജീവിതം നശിപ്പിക്കാൻ കാരണമായ ഗർഭസ്ഥശിശുവിനെ മുമ്പെല്ലാം പഴി ചാരുമായിരുന്ന അമ്മു ഇപ്പോൾ കുഞ്ഞിനെ സ്നേഹിക്കാനും താലോലിക്കാനും തുടങ്ങി. തന്റെ ദുരിതങ്ങൾക്ക് ഈ ശിശു അറുതി വരുത്തുമെന്ന് അവൾ വിശ്വസിച്ചു.

അസുഖത്തിന് അല്പം ശാന്തിയുണ്ടായപ്പോൾ, ഒരു ദിവസം രാവിലെ അമ്മാമൻ കോവിലിലേക്ക് പോയനേരം നോക്കി, അമ്മായി അമ്മുവിനെ വിളിച്ച് പുറത്തേക്ക് പോകാനായി ഒരുങ്ങാൻ പറഞ്ഞു. എങ്ങോട്ടാണ് പോകുന്നതെന്നു ചോദിച്ചപ്പോൾ, മകനെ കൊണ്ടുപോയി മേനോനെ കാണിക്കാനാണ് എന്ന് മറുപടി നൽകി.

"അതു വേണോ, അമ്മായി?" അമ്മുവിന്ന് സംശയം.

"വേണം. മകനെ അച്ഛനൊന്നു നന്നായി കാണട്ടെ. അത് ചിലപ്പോൾ നല്ലതിനായാലോ?"

"അമ്മാമനോട് ചോദിക്കണ്ടേ?"

"വേണ്ടാ. അമ്മാമനും അമ്മായ്യൊന്നും എന്നുംണ്ടായീന്ന് വരില്ല. ഞങ്ങൾടെ കാലം കഴിഞ്ഞാ നെണക്കും കുട്ടിക്കും

ആരാ ചെലവിന്ന് തര്വാ? അതോണ്ട് നമുക്കൊന്ന് പോയിട്ട് വരാം. നീയ് വേഗം പൊറപ്പെട്."

കൈക്കുഞ്ഞിനെ കയ്യിലേന്തി അമ്മായിയും പുറകെ അമ്മുവും പടി കടന്നുവരുമ്പോൾ മേനോൻ പത്രം വായിച്ച് ഉമ്മറത്തിരിക്കുകയായിരുന്നു. അവരെ കണ്ടതും അദ്ദേഹം പത്രം നിലത്തിട്ട് എഴുന്നേറ്റു നിന്നു.

"ഉം... എന്താ വന്നത്? ആരാ ഇങ്ങോട്ട് വരാൻ പറഞ്ഞത്?" വാക്കുകളിൽ കോപവും സംഭ്രമവും വ്യക്തമായിരുന്നു.

അമ്മായി ഒന്നും മിണ്ടതെ അടുത്തുചെന്ന് ശിശുവിനെ അദ്ദേഹത്തിന്റെ മുമ്പിൽ കിടത്തി രണ്ടടി പുറകോട്ട് മാറിനിന്നു. "കുട്ടിയെ കണ്ടോളൂ. അവനും അച്ഛനെയൊന്ന് കണ്ടോട്ടെ."

മേനോൻ കോപംകൊണ്ടു വിറച്ചു. കുഞ്ഞിനെ ഒരുനിമിഷം നോക്കി. അദ്ദേഹം പിന്നോട്ടു മാറി.

"കൊണ്ടുപോകുന്നുണ്ടോ ഇവിടന്ന്?" ശബ്ദം നിയന്ത്രിക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല.

മേനോന്റെ ഉറക്കെയുള്ള ശബ്ദവും, നിലത്തു കിടത്തിയപ്പോഴുള്ള സ്ഥിതിവ്യത്യാസംകൊണ്ടും കുഞ്ഞ് ഉണർന്ന് ഉറക്കെ കരയാൻ തുടങ്ങി. കരച്ചിൽ കേട്ട് ലക്ഷ്മി പുറത്തേക്കു ഓടിവന്നു; പിന്നാലെ ബാലചന്ദ്രനെ എടുത്തുകൊണ്ട് സരോജിനിയമ്മയും. അമ്മുവിനെ കണ്ട ലക്ഷ്മി ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചു.

"ലക്ഷ്മി അകത്ത് പോ." മേനോൻ മകളോട് ആജ്ഞാപിച്ചു. അവൾ പേടിച്ച് മടങ്ങി.

"ഏതാണ് ഈ കഞ്ഞ്?" സരോജിനിയമ്മ ആദ്യം മേനോന്റെ മുഖത്തു നോക്കി; പിന്നീട് ചിരുതേവിയമ്മയുടേയും.

"മകനെ അവന്റെ അച്ഛന് കാണിച്ചു കൊടുക്കാൻ കൊണ്ടുവന്നതാണ്." ചിരുതേവി അമ്മ പിന്നിൽ നിൽക്കുന്ന

അമ്മുവിനെ തള്ളി മുന്നിലേക്കു മാറ്റി നിർത്തി. ''ഇവളാണ് പെറ്റത്. അച്ഛനാരെന്ന് മേനോൻ പറയും.''

ഇതു പറയുമ്പോൾ അവരുടെ മുഖം ശാന്തമായിരുന്നു.

സരോജിനിയമ്മ അർത്ഥഗർഭമായ ഒരു നോട്ടം മേനോന്റെ മുഖത്തേക്ക് എറിഞ്ഞു. അതിനെ നേരിടാനാകാതെ അദ്ദേഹം തല തിരിച്ചു. കുഞ്ഞിന്റെ മുഖത്തേക്ക് നന്നായി സൂക്ഷിച്ചു നോക്കിയശേഷം അവർ അകത്തേക്ക് മടങ്ങിപ്പോയി.

''ഞാൻ തരാമെന്ന് ഏറ്റതെല്ലാം തന്നുകഴിഞ്ഞു. കുട്ടിയെ എടുത്ത് പോണം ഇനി.'' അതു പറയുമ്പോൾ മേനോന്റെ ശബ്ദം അല്പം താഴ്ന്നിരുന്നു.

ചിരുതേവി അമ്മ മെല്ലെ കുഞ്ഞിനെ എടുത്തു.

''അമ്മ്യോ, നമുക്ക് പോവാം.''

അവർ നടക്കാൻ തുടങ്ങി. അമ്മു പിന്തുടരാനും.

''നിൽക്കണേ...'' പിന്നിൽനിന്ന് വിളിക്കുന്ന ശബ്ദം കേട്ട് അവരിരുവരും നിന്നു. പിന്തിരിഞ്ഞുനോക്കി. സരോജിനിയമ്മ വിളിക്കുകയാണ്. അവർ തിരിച്ചു ചെന്നു.

ബാലചന്ദ്രന്റെ കഴുത്തിൽക്കിടന്ന സ്വർണച്ചെയിൻ അപ്പോൾ അവരുടെ കയ്യിലുണ്ടായിരുന്നു. ''ഇതവന്നു കൊടുത്തോളു. അവന്റെ അച്ഛന്റെ വകയാണ്.'' അവർ ആ ചെയിൻ ചിരുതേവി അമ്മയുടെ നേരെ നീട്ടി.

''എന്താ സരോജിനീ, നീ കാണിക്കണത്?'' മേനോൻ അവരെ തടയാൻ ശ്രമിച്ചു. അവർ അദ്ദേഹത്തെ തറപ്പിച്ചൊന്നു നോക്കിയതല്ലാതെ മറുപടി പറഞ്ഞില്ല.

''അവനത് വേണ്ടാ,'' പിന്നിൽനിന്ന് അമ്മു ഉറപ്പിച്ചു പറഞ്ഞു.

''വേണം. മോനെ ആദ്യമായി കാണുമ്പോൾ അച്ഛൻ കൊടുക്കേണ്ടതാണത്. അത് അവന് നിഷേധിക്കരുത്.'' അവർ

ചെയിൻ വീണ്ടും നീട്ടി. ചിരുതേവി അമ്മ അമ്മുവിന്റെ പ്രതി ഷേധം വക വെക്കാതെ അത് കയ്യിൽ വാങ്ങിച്ചു.

"എന്താണ് അവന്റെ പേര്? അവർ അന്വേഷിച്ചു.

"പേരിട്ടിട്ടില്യാ. ചോറ് കൊടുക്കമ്പോഴേ പേരിടൂ."

"എന്നാൽ ബാലകൃഷ്ണൻ എന്നു പേരിടണം. എനിക്ക് പ്രസവിക്കാൻ കഴിയാതെ പോയ കുട്ടിയുടെ അച്ഛന്റെ പേരാണത്."

## അദ്ധ്യായം 6

തന്നെയും കുഞ്ഞിനേയും കൊണ്ട് അമ്മായി മേനോന്റെ വീട്ടൽ പോയെന്ന് അറിഞ്ഞപ്പോൾ, അമ്മാമൻ ആദ്യം ക്ഷുഭിതനായി. എന്നു മുതൽക്കാണ് വീട്ടിൽ സ്ത്രീകൾ ഭരണം തുടങ്ങിയത് എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. മുൻകൂട്ടി പറഞ്ഞാൽ അനുമതി തന്നില്ലെങ്കിലോ എന്നു ഭയന്നാണ് പറയാതിരുന്നത് എന്നു അമ്മായി വിശദീകരിച്ചു. മേനോൻ കടുത്തു പറഞ്ഞെങ്കിലും ഭാര്യ നല്ല രീതിയിലാണ് പെരുമാറിയതെന്നും, കുഞ്ഞിന്ന് ഒരു സ്വർണച്ചെയിൻ സമ്മാനിച്ചെന്നും അറിഞ്ഞപ്പോൾ അദ്ദേഹം അല്പം തണുത്തു.

കുറച്ചുനേരത്തെ ആലോചനക്കുശേഷം, അമ്മായി ചെയ്തത് നന്നായി എന്ന് അമ്മാമൻ അംഗീകരിച്ചു. ഒരുപക്ഷെ, മുമ്പെ അറിഞ്ഞാൽ താൻ സമ്മതിക്കുമായിരുന്നില്ല എന്ന് അദ്ദേഹം കുറ്റസമ്മതവും നടത്തി. സരോജിനിയമ്മയുടെ പെരുമാറ്റം ഇങ്ങനെയായിരിക്കുമെന്ന് എങ്ങനെ അറിയാനാണ്? തറവാട്ടിൽ പിറന്നതാണ് ആ സ്ത്രീ എന്നതിന്ന് യാതൊരു സംശയവുമില്ല.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മേനോന്റെ വീട്ടിൽ നടക്കുന്ന കാര്യങ്ങൾ കുറേശ്ശെയായി നാട്ടിൽ പാട്ടായിത്തുടങ്ങി. വീട്ടിൽ അധികം ജോലിക്കാരുണ്ടെങ്കിൽ അങ്ങനെത്തന്നെയാണ്. അരമനരഹസ്യം അങ്ങാടിയിൽ പരസ്യമാകുന്നത് വീട്ടുജോലിക്കാർ മുഖാന്തിരമാണല്ലൊ.

താനും അമ്മായിയും മടങ്ങിപ്പോന്നതിന്നുശേഷം, മേനോനും ഭാര്യയും തമ്മിൽ വലിയ വാക്കേറ്റമുണ്ടായത്രെ. ദാസിയുടെ വയറ് വീർപ്പിച്ച മേനോന് തന്റെ ഭൂതകാലത്തെ ചോദ്യം ചെയ്യാനെന്താണ് അവകാശം എന്ന് സരോജിനിയമ്മ മറ്റു ജോലിക്കാർ കേൾക്കെത്തന്നെ ഭർത്താവിനോട് ചോദിച്ചത്രെ. ചരിത്രമെല്ലാം ഏതാണ്ട് അറിഞ്ഞശേഷമല്ലേ വിവാഹം ചെയ്തത്

എന്നവർ തറപ്പിച്ചു ചോദിച്ചപ്പോൾ, മേനോൻ ഒന്നും മിണ്ടിയി ല്ലെന്നും കേട്ടു.

എട്ടുപത്തു ദിവസങ്ങൾ കഴിഞ്ഞപ്പോൾ, കച്ചവടാവ ശ്യാർത്ഥം മേനോൻ കോഴിക്കോട്ട് പോയപ്പോൾ, കൂടെ ഭാ ര്യയും പോയെന്നും, എന്നാൽ മടങ്ങുന്ന നേരത്ത് അവരെ വിളിച്ചപ്പോൾ, കൂടെ വരാൻ വിസമ്മതിച്ചെന്നും കേട്ടു. എന്താ യാലും സരോജിനിയമ്മ പിന്നീട് മേനോന്റെ ഭാര്യയായി ഇരുന്നിട്ടില്ല. ആഭരണങ്ങളെല്ലാം അവർ പോകുമ്പോൾത്തന്നെ കയ്യിലെടുത്തിരുന്നതിനാൽ, വസ്ത്രങ്ങൾ മാത്രമെ മേനോനു ഭാര്യവീട്ടിലേക്കു അയക്കേണ്ടി വന്നുള്ളു.

വേലുമേനോൻ മാലതിയമ്മയെ വിവാഹം ചെയ്തത് പെട്ടെന്നായിരുന്നു. വിവാഹം കഴിഞ്ഞ് ഭാര്യയേയും കൊണ്ടു മേനോൻ വന്നപ്പോഴാണ് നാട്ടുകാർ അറിഞ്ഞതുതന്നെ. കാരണവന്മാർ ധൂർത്തടിച്ചു മുടിച്ച ഒരു തറവാട്ടിലെ അംഗമാ യിരുന്നു അവർ. പണ്ടത്തെ ആർഭാടങ്ങളുടെ കഥകളല്ലാതെ, കാണിക്കാൻ അവരുടെ പക്കൽ ഒന്നുംതന്നെയില്ല. കറുത്ത തടിച്ച് പ്രൗഢയായ ഒരു സ്ത്രീ! പ്രായത്തിന്റെ കാര്യത്തിലൊ ഴിച്ച് മറ്റെല്ലാ വിധത്തിലും മേനോന് യോജിച്ച ഭാര്യ. സ്വന്തം ആകാരസൗഷ്ടവവും വീട്ടിലെ സാമ്പത്തികസ്ഥിതിയും നേര ത്തെ വിവാഹിതയാകാൻ അവരെ അനുവദിച്ചില്ല.

ആരോടും അധികം സംസാരിക്കാത്ത ഒരു പ്രകൃ തമായിരുന്നു മാലതിയമ്മയുടേത്. അതിനാൽ എല്ലാവരും അവ രിൽനിന്ന് അല്പം വിട്ടുനിന്നു. മേനോന്റെയും കുട്ടികളുടെയും ഇഷ്ടങ്ങൾ നടത്തിക്കൊടുക്കുകയായിരുന്നു അവരുടെ പ്രധാന ജോലി. മേനോൻ സമ്പാദിച്ച സ്വത്തുക്കളെല്ലാം കുഞ്ഞുകുട്ടി യമ്മയുടെ പേരിലായതിനാൽ, അതിനെല്ലാം അവകാശികൾ അവരുടെ കുട്ടികളാണ്. ഇനിയുള്ള കാലം മേനോൻ സമ്പാദി ക്കുന്നതിൽനിന്നേ മാലതിയമ്മയ്ക്കും അവർക്കുണ്ടായേക്കാവു ന്ന കുട്ടികൾക്കും വല്ലതും ലഭിക്കുകയുള്ളു.

അമ്മു ആദ്യമായി മാലതിയമ്മയെ കാണുന്നത് അമ്മൻ കോവിലിൽ വെച്ചാണ്. കോവിലിന്റെ ചിലവുകളെല്ലാം നടത്തിയിരുന്നത് മേനോനാകയാൽ അദ്ദേഹത്തിന്ന് അതിന്റെ മേൽ ഏറെക്കുറെ ഒരു ഉടമസ്ഥാവകാശം ഉണ്ടായിരുന്നതായി നാട്ടുകാർ കരുതിയിരുന്നു. വിശേഷദിവസങ്ങളിൽ മാലതിയമ്മ അവിടെ തൊഴാൻ വരാറുള്ളതായി അമ്മാമൻ പറഞ്ഞ് അമ്മു അറിഞ്ഞിരുന്നു. ഭക്ഷണം പാകം ചെയ്യാൻ വീട്ടിൽ അരിയില്ലാതെ വരുമ്പോൾ, അമ്മാമൻ ഉച്ചപൂജയോടടുത്ത് കോവിലിലേക്ക് വരാൻ അമ്മുവിനോട് പറയാറുണ്ട്. ആരെങ്കിലും പായസത്തിന്നോ, പടച്ചോറിന്നോ അരി കൊണ്ടുവന്നാൽ, അതിൽനിന്നല്പം വീട്ടാവശ്യത്തിന്ന് മാറ്റിവെക്കുന്നത് അമ്മാമൻ ആയിടക്ക് പതിവാക്കിയിരുന്നു. ചില ഭക്തന്മാർ നൈവേദ്യത്തിന്നുള്ള വക കൊടുത്താലും അത് തയ്യാറാകുന്നതുവരെ കാത്തുനിൽക്കാറില്ല. അങ്ങനെയാണെങ്കിൽ നൈവേദ്യവും അമ്മുവിന്ന് കൊണ്ടുവരാം. അങ്ങനെ ഒരു ദിവസം പൂജ കഴിയാൻ കാത്തുനിൽക്കുമ്പോഴാണ്, തൊഴാൻ വന്ന മാലതിയമ്മയെ അമ്മു കാണുന്നത്.

ലക്ഷ്മിയേയും കൂട്ടിയിട്ടാണ് അവർ കോവിലിലേക്ക് വന്നത്. നൈവേദ്യത്തിന്നുള്ള അരിയുമായി ആദ്യംതന്നെ പാറുവമ്മ വന്നിരുന്നു. ഊട്ടുപുരയിൽ അരിയുമായി കാത്തുനിൽക്കുമ്പോഴാണ് അമ്മു അവിടെ എത്തിയത്. കണ്ടതും അവരുടെ കണ്ണുകളിൽ സ്നേഹം തുളുമ്പി. അടുത്തുവന്ന് ദേഹത്ത് തലോടി.

“എന്നാലും ന്റെ മോൾക്ക് ങ്ങനൊരു വിധി വന്നൂലോ.” അവരുടെ കണ്ണുകൾ നിറഞ്ഞു. അമ്മു ഒന്നും മിണ്ടാനാകാതെ ശിരസ്സും താഴ്ത്തി നിന്നതേയുള്ളു.

“ന്റെ മോളേം കുഞ്ഞിനേം വന്നു കാണാണംന്ന് വിചാരിക്കായ്കയല്ല. നേരം കിട്ടണ്ടേ?” അമ്മുവിന്റെ തോളത്ത് ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞിനെ അവർ വാങ്ങി. അതിനെ കൊഞ്ചാനും താലോലിക്കാനും തുടങ്ങി.

ഊട്ടുപുരയിൽ നിന്ന് സംസാരത്തിന്റെ ശബ്ദം കേട്ട പ്പോൾ, അമ്മാമൻ അവിടെയെത്തി. പാറുവമ്മ കുഞ്ഞിനെ താലോലിക്കുന്നതു കണ്ടപ്പോൾ, എന്താണ് പറയേണ്ടതെ ന്നതറിയതെ അദ്ദേഹം ഒരു നിമിഷം നിന്നുപോയി. പിന്നെ സമനില വീണ്ടെടുത്ത് അമ്മുവിനോടായി പറഞ്ഞു, "പറോമ്മ കൊണ്ടന്ന അരി വേഗം കഴുകി അടുപ്പത്ത് വെക്ക്. പായസ ത്തിനും ചോറിനും വേണം." എന്നിട്ട് പാറുവമ്മയുടെ നേരെ തിരിഞ്ഞ് പറഞ്ഞു, "പാറോമ്മ നടന്നോളു. പൂജ കഴിഞ്ഞാൽ നിവേദ്യം ഞാൻ കൊടുത്തയക്കാം."

"ഞാനിപ്പോ പോണ്ല്യാ, കോവുണ്യാരെ. ഞാനീ മിടുക്കനെ നോക്കി ഇവ്ടെ ഇരിക്കാൻ പോവ്വാ."

അവർ കുഞ്ഞിനേയുംകൊണ്ട് ഊട്ടുപുരയുടെ ഒരു മൂലയിലേക്ക് നീങ്ങി. തോളത്തിട്ട മുണ്ടെടുത്ത് നിലത്ത് വിരി ച്ച്, അതിൽ കാലും നീട്ടി ഇരുന്ന് കുഞ്ഞിനെ കളിപ്പിക്കാൻ തുടങ്ങി. അമ്മു അരിയെടുത്ത് ഊട്ടുപുരയുടെ അടുക്കളയുടെ അകത്തേക്ക് പോയപ്പോൾ, കോവുണ്ണി നായർ കോവിലിന്നക ത്തേക്ക് മടങ്ങി.

മാലതിയമ്മയും ലക്ഷ്മിയും തൊഴുതശേഷം പ്രദി ക്ഷണം ചെയ്യുമ്പോഴാണ് ഊട്ടുപുരയിൽ ഇരുന്ന് പാറുവമ്മ കുഞ്ഞിനെ കൊഞ്ചിക്കുന്നത് കണ്ടത്.

"ഏതാണ് കുഞ്ഞ് പാറോമ്മേ?" ആ ചോദ്യം കേട്ടു കൊണ്ടാണ് അമ്മു അടുക്കളയുടെ പുറത്തേക്ക് വന്നത്.

"ഇത് അമ്മൂന്റെ കുട്ട്യാ." കുഞ്ഞിനെ കാണിക്കാ നായി അവർ അതിനേയും എടുത്ത് എഴുന്നേറ്റു.

"ഹായ്, ഞാനൊന്ന് കണ്ടോട്ടെ, പാറോമ്മേ." ലക്ഷ്മി സന്തോഷത്തോടെ അടുത്തേക്ക് ഓടിവന്നു.

മാലതിയമ്മ കുഞ്ഞിനെയൊന്നു സൂക്ഷിച്ചുനോക്കി ശിരസ്സുയർത്തിയപ്പോൾ കണ്ടത് അമ്മുവിനെയാണ്. അവർ

അമ്മുവിനെ ആപാദചൂഡം ഒന്നു വീക്ഷിച്ചു. എന്നിട്ട് പാറുവമ്മയോട് കല്പിച്ചു, "പാറ്വോമ്മേ, പോവ്വാം."

അവർ തിരിഞ്ഞുനടക്കുമ്പോൾ പിറുപിറുക്കുന്നതു കേട്ടു. "അശ്രീകരം. അമ്പലത്തിലും വന്നിരിക്കുന്നു സൈ്വരം കെടുത്താൻ."

പാറുവമ്മ എഴുന്നേറ്റു അമ്മുവിനെ ദയനീയമായൊന്നു നോക്കി.

"അപ്പോൾ നിവേദ്യം വാങ്ങാൻ കാത്തുനിൽക്കണ്ടേ?"

"നിവേദ്യവും വേണ്ടാ, കിവേദ്യവും വേണ്ടാ."തിരിഞ്ഞു നോക്കാനുംകൂടി തുനിയാതെ മാലതിയമ്മ നടന്നുനീങ്ങി.

"ഞാൻ പോവട്ടെ മോളേ, പിന്നെ കാണാം." പാറുവമ്മ അവരുടെ പുറകെ ഓടി.

ചിരുതേവിയമ്മ കിടപ്പിലായിട്ട് കുറച്ചു ദിവസങ്ങളായി. ഭക്ഷണം പോയിട്ട് വെള്ളംപോലും ഇറക്കാനാകാത്ത അവസ്ഥയിൽ ഒരാഴ്ചയോളം കിടന്നു. ശരീരം ശോഷിച്ച് കേവലം എല്ലും തൊലിയുമായി. ഉദരംമാത്രം ഒരു കുമ്പളങ്ങപോലെ വീർത്ത്, വേദന സഹിക്കവയ്യാതെ നിലവിളിക്കുന്ന അമ്മായിയെ കണ്ട് അമ്മുവിന്റെ കണ്ണുകൾ നിറഞ്ഞു. വൈദ്യരുടെ കഷായംകൊണ്ടൊന്നും ഒരു ശമനവും കണ്ടില്ല. കയ്യിൽ പണമില്ലാതെ അമ്മാമൻ നാടു മുഴുവൻ ഓടിനടന്നു. കോവിലിൽ പോകാൻ പറ്റാതെ അവിടത്തെ പൂജ ഏതാനും ദിവസം മുടങ്ങുകയും ചെയ്തു. അറിയുന്നവരോടെല്ലാം കടം വാങ്ങിക്കഴിഞ്ഞതാണ്. വീട്ടിലെ ഓട്ടുപാത്രങ്ങളെല്ലാം അന്യരുടെ കൈവശത്തിലായി, വിറ്റിട്ടും പണയം വെച്ചിട്ടും.

അരി സൂക്ഷിക്കുന്ന പാത്രം രണ്ടുദിവസം കാലിയായി കിടന്നപ്പോൾ, സരോജിനിയമ്മ കുഞ്ഞിനു സമ്മാനിച്ച സ്വർണമാല എടുത്ത് അമ്മു അമ്മാമന്നു നൽകി. വേണ്ടാ എന്നു അദ്ദേഹം പറഞ്ഞില്ല. വാങ്ങി മടിക്കുത്തിൽ വെച്ചു അദ്ദേഹം പടിയിറങ്ങിപ്പോയി.

അന്നു ഉച്ചതിരിഞ്ഞ് അമ്മായിയെ കോഴിക്കോട്ടുള്ള ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അവരുടെ രോഗം അർബുദമാണെന്നും, ആ രോഗത്തിന്ന് അതുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ലെന്നും ഡോക്ടർ പറഞ്ഞപ്പോൾ, മരവിച്ചു നിൽക്കാൻ മാത്രമെ അമ്മാമന്നു കഴിഞ്ഞുള്ളു. ഒരുപക്ഷെ, അമ്മായിയുടെ അന്ത്യം വിദൂരമല്ലെന്ന് അദ്ദേഹം മുമ്പേകൂട്ടി കണ്ടിരിക്കാം.

രണ്ടാംദിവസം രാത്രിയായപ്പോഴേക്കും അമ്മായി അബോധാവസ്ഥയിലായി. പിച്ചും പേയും പറഞ്ഞുകിടക്കുന്ന അമ്മായിയേയും, മലർന്നു കിടക്കാൻമാത്രം അറിയുന്ന കുഞ്ഞിനേയും ശുശ്രൂഷിച്ച് ആ രാത്രി അമ്മു ഉറങ്ങാതെ കഴിച്ചുകൂട്ടി. കിഴക്കുണരുന്നതിന്നുമുമ്പ്, അമ്മായിയുടെ യാതന എന്നന്നേക്കുമായി അവസാനിച്ച് അവർ ഈ ലോകത്തോട് യാത്ര പറഞ്ഞു.

വീട്ടുപറമ്പിന്റെ ഒരു മൂലയ്ക്ക് ആ ശരീരം അമ്മാമൻ ഏതാനും ചെറുപ്പക്കാരുടെ സഹായത്തോടെ കുഴിച്ചുമൂടി.

അമ്മായിയുടെ വിയോഗത്തിന്നുശേഷം ഒരു മൃതനെപ്പോലെയാണ് അമ്മാമൻ കഴിച്ചുകൂട്ടിയത്. ആ വീട്ടിൽ ആരുടേയും സംസാരമില്ല. കയ്യിൽ വല്ല പണവും ലഭിച്ചാൽ അമ്മാമൻ അമ്മുവിന്റെ കയ്യിലേല്പിക്കും. ചിലവെങ്ങനെ നടക്കുന്നു എന്ന് അദ്ദേഹം അന്വേഷിക്കാറില്ല. പകൽ മുഴുവൻ എവിടെയെങ്കിലും ചുറ്റിനടക്കും. രാത്രി മടങ്ങി വരുമ്പോൾ, അമ്മാമനെ ചാരായം മണക്കുന്നുണ്ടാകും. അത്താഴമുണ്ടോ എന്നന്വേഷിക്കാൻ അദ്ദേഹം മിനക്കെടാറില്ല. വല്ലതും പാകം ചെയ്തിട്ടുണ്ടെങ്കിൽ അമ്മു വിളമ്പിക്കൊടുക്കും. ഇല്ലെങ്കിൽ, ഒന്നും മിണ്ടാതെ അദ്ദേഹം ഉമ്മറത്തിണ്ണമേൽ കിടന്നുറങ്ങും.

പട്ടിണി സഹിക്കവയ്യാതാകുമ്പോൾ, അടുത്തുള്ള സമ്പന്നഗൃഹങ്ങളിൽ അമ്മു കയറിച്ചെല്ലും. അവിടങ്ങളിൽ പാചകം ചെയ്യാനും അടിച്ചുവൃത്തിയാക്കാനും സഹായിക്കും. അവിടെനിന്നു കിട്ടുന്നതുകൊണ്ട് കുഞ്ഞിന്റെയും തന്റെയും വിശപ്പ്

മാറ്റും. മിച്ചം വരുന്ന ഭക്ഷണം അവർ നൽകിയാൽ അമ്മാമന്നു വേണ്ടി അവൾ വീട്ടിലേക്ക് കൊണ്ടുവരും.

നാമകരണച്ചടങ്ങ് ഇല്ലാതെത്തന്നെ അമ്മു മകനെ ബാലകൃഷ്ണൻ എന്നു വിളിക്കാൻ തുടങ്ങി. അടുക്കളയിൽ സ്വയം ചോറുവാരി ഉണ്ട് ബാലകൃഷ്ണൻ തന്റെ ചോറൂണ് ചടങ്ങ് നടത്തി.

ഒരു ദിവസം രാത്രി അമ്മാമൻ വീട്ടിൽ കയറി വന്നപ്പോൾ, കൂടെ അംശക്കച്ചേരിയിലെ കോൽക്കാരൻ ഗോവിന്ദക്കുറുപ്പും ഉണ്ടായിരുന്നു. രണ്ടുപേരും ഉമ്മറത്തു കയറി ഇരുന്നശേഷം അമ്മാമൻ വിളിച്ചു. ചെന്നപ്പോൾ ഒരു സഞ്ചി കയ്യിൽത്തന്ന് അമ്മാമൻ പറഞ്ഞു, ‘‘അരിയും അടുക്കള സാമാനങ്ങളുമാണ്. ചോറില്ലെങ്കിൽ ഉടനെ ചോറും കറികളും ഒരുക്കണം. ഉണ്ണാൻ കുറുപ്പും ഉണ്ടാകും’’ എന്ന്.

അമ്മു അടുക്കളയിൽ ധൃതിയിൽ അത്താഴമൊരുക്കുമ്പോൾ, അമ്മാമനും ഗോവിന്ദക്കുറുപ്പും ഉമ്മറത്ത് ഉറക്കെ സംസാരിക്കുകയും, മദ്യക്കുപ്പികൾ കാലിയാക്കുകയുമായിരുന്നു. അമ്മാമന്റെ ഉറക്കെയുള്ള ചിരി കേട്ടപ്പോൾ അമ്മുവും സന്തോഷിച്ചു. കുറെ കാലത്തിന്നുശേഷമാണ് അമ്മാമന്റെ ഉറക്കെയുള്ള സംസാരം കേൾക്കുന്നത്.

രാത്രി ഒട്ടേറെ ഇരുട്ടിയപ്പോൾ, അമ്മു അവർക്കിരുവർക്കും ഉമ്മറത്തുതന്നെ ഇലയിട്ട് ചോറ് കൊടുത്തു.

വെളുത്ത് തടിച്ച് നാല്പതോളം വയസ്സ് പ്രായം തോന്നിപ്പിക്കുന്ന ഒരാളാണ് ഗോവിന്ദക്കുറുപ്പ്. റാന്തലിന്റെ മങ്ങിയ വെളിച്ചത്തിലും, ചുരുണ്ട മുടിയിലെ ഏതാനും നരച്ച ഇഴകൾ കാണാം. അമ്മു ഭക്ഷണം വിളമ്പി കൊടുക്കുന്നതിന്നിടയിൽ, അമ്മാമൻ പറഞ്ഞു: ‘‘വടകരേലാണ് ഗോവിന്ദക്കുറുപ്പിന്റെ വീട്. ഇവ്ടേക്ക് വന്ന്ട്ട് അഞ്ചാറ് മാസ്സായി. ചായേം ചോറൊവൊല്ലാം ഒരു ചായപ്പീടികേന്നാ. കിടപ്പ് അംശക്കച്ചേരീത്തന്നെ. ഇന്ന് ഊണ് ഇവിടെ ആകാം ന്ന് പറഞ്ഞ് ഞാൻ കൂട്ടി കൊണ്ട്രേ.’’

എന്തു പറ്റി ഈ അമ്മാമന്ന് എന്ന് അമ്മു അത്ഭുതപ്പെട്ടു. ഇത്രയുംകാലം പുറത്തുനിന്നൊരാളെ ഊണു കഴിക്കാൻ അമ്മാമൻ കൂട്ടിക്കൊണ്ടുവന്നതായി ഓർക്കുന്നില്ല.

ഊണു കഴിഞ്ഞ് കുറച്ചുനേരം കഴിഞ്ഞപ്പോൾ, ടോർച്ചും മിന്നിച്ച് ഗോവിന്ദക്കുറുപ്പ് യാത്രയായി.

പിറ്റേദിവസം രാവിലെ ചായ കുടിക്കുമ്പോൾ അമ്മാമൻ സുദീർഘം സംസാരിച്ചു.

അമ്മൻകോവിലെ പൂജ ഇടയ്ക്കിടെ മുടങ്ങിയതിൽ നാട്ടുകാർക്ക് എതിർപ്പുണ്ട്. പൂജക്കും പൂജാരിയായ തനിക്കും ചിലവിന്ന് അമ്പലത്തിൽനിന്ന് കിട്ടുന്നില്ലെങ്കിൽ, ഇടക്കിടെ പൂജ മുടങ്ങിയാൽ തന്നെ കുറ്റം പറഞ്ഞിട്ട് കാര്യമില്ലെന്ന് അമ്മാമൻ അവരോട് തുറന്നു പറഞ്ഞു. അമ്മൻ കോവിലിന്റെ കാര്യങ്ങളിൽ വേലുമേനോനും പഴയ ശ്രദ്ധയില്ലെന്ന് അവരെ പറഞ്ഞു മനസ്സിലാക്കി. അവരിൽച്ചിലർ മേനോനെ കണ്ടപ്പോൾ, അമ്മാമൻ പൂജാരിയായി ഇരിക്കുന്നേടത്തോളം കാലം, കോവിലിന്റെ കാര്യം നോക്കാൻ തനിക്ക് താല്പര്യമില്ലെന്ന് അദ്ദേഹം പറഞ്ഞുവത്രെ. പൂജാദികാര്യങ്ങളുടെ ചിലവ് നോക്കി നടത്തുക അത്ര എളുപ്പമല്ല. എന്നാൽ അവ മുടങ്ങുന്നത് നാടിന്ന് നാശമേ വരുത്തൂ. അതിനാൽ അമ്പലക്കാര്യങ്ങൾ മേനോനെ ഏല്പിക്കാനായി അമ്മാമൻ പൂജാരിസ്ഥാനത്തുനിന്ന് ഒഴിയണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടുവത്രെ. അമ്മാമൻ സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

മേലിൽ ജീവിക്കാനെന്താണൊരു മാർഗം എന്നതു മാത്രമാണ് അമ്മാമനെ അലട്ടുന്ന പ്രശ്നം. തിരുവില്വാമലയിലേക്ക് മടങ്ങിപ്പോയിട്ടും കാര്യമൊന്നുമില്ല. അവിടെ ഒരു വീടുപോലുമില്ല. വയസ്സുകാലത്ത് എന്തു ജോലിയെടുത്താണ് ജീവിതം കഴിച്ചുകൂട്ടുക?

ഒരു പെണ്ണായ ഞാനെന്താണ് പറയുക? ഇത്രയും കാലം അമ്മാമനാണ് തന്റെ കാര്യങ്ങളത്രയും നോക്കി നടത്തിയത്. അമ്മാമൻ ജീവിച്ചിരിക്കുന്നേടത്തോളം കാലം അമ്മാമനെ

ഞാൻ നോക്കും. അദ്ദേഹത്തിന്റെ മരണശേഷം അമ്മയുടെ അടുത്തേക്ക് മടങ്ങുകതന്നെ. മനസ്സിൽ അങ്ങനെ പല ചിന്തകളും പൊന്തിവന്നെങ്കിലും തുറന്നു പറഞ്ഞില്ല.

തന്നെ കുറിച്ചാണ് അമ്മാമന്റെ ചിന്ത മുഴുവൻ. പറയത്തക്ക വരുമാനമില്ല. പ്രായവുമായി. തന്റെ കാലശേഷം താനും കുഞ്ഞും എങ്ങനെ കഴിയും എന്ന ചിന്തയാണ് അദ്ദേഹത്തെ അലട്ടുന്നത്. കുറുപ്പിന്ന് നാട്ടിൽ സ്വന്തം ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. കുറച്ചു കാലമായി അങ്ങോട്ടു പോകാറില്ലെങ്കിലും അവർക്കു ചിലവിന്നുള്ള വക അയച്ചുകൊടുക്കുന്നുണ്ട്. ഭാര്യയുടെ ഏട്ടനുമായി കലഹിച്ച്, ഇനി ആ പടി ചവിട്ടില്ലെന്ന് ആണയിട്ടു പറഞ്ഞ് ഇറങ്ങിത്തിരിച്ചതാണ്. വീടു വിട്ടു ഇറങ്ങി വരാൻ ഭാര്യ തയ്യാറുമല്ല. അതിനാൽ നാട്ടിലേക്കു പോകുന്നില്ലെന്നും, ഇവിടെ ഒരു ബന്ധം സ്ഥാപിച്ചു കഴിയാനാണ് അയാളുടെ ഉദ്ദേശ്യമെന്നും പറഞ്ഞത്രെ.

അമ്മുവിന്ന് സമ്മതമാണെങ്കിൽ ആ ബന്ധം ഇവിടെ ആയാലോ എന്ന തോന്നൽ കുറുപ്പിനുണ്ട്.

അയാളുടെ സ്വഭാവം നന്ന്. അല്പം മദ്യപിക്കും, അത്രത്തന്നെ. അല്ലെങ്കിലും അതത്ര വലിയ കുറ്റമാണോ? താൻതന്നെ മദ്യപിക്കുന്നില്ലേ? തന്റെ സ്വഭാവത്തിന്ന് എന്തെങ്കിലും കുഴപ്പമുണ്ടെന്ന് ഇതുവരെ ആരും പറഞ്ഞിട്ടില്ല. അമ്മുവിന്റെ കാര്യങ്ങളെല്ലാം നന്നായി നോക്കും. ബാലകൃഷ്ണനെ സ്വന്തം കുട്ടിയെപ്പോലെ വളർത്തിക്കൊള്ളാം എന്ന് ഏറ്റിട്ടുണ്ട്.

"എല്ലാം അമ്മാമന്റെ ഇഷ്ടം."

അന്നു വൈകുന്നേരംതന്നെ ഒരു കത്തിച്ച നിലവിളക്കിന്നു മുമ്പിൽവെച്ച്, മൂന്നുനാലു അയൽക്കാരുടെ സാന്നിദ്ധ്യത്തിൽ ഗോവിന്ദക്കുറുപ്പ് അമ്മുവിന്ന് പുടവ നൽകി.

പുതിയ ഭർത്താവിനെക്കുറിച്ച് അമ്മുവിന്ന് പരാതികളൊന്നും ഉണ്ടായിരുന്നില്ല. ആവശ്യത്തിലേറെ സ്നേഹം നൽകിയോ എന്നു മാത്രമെ സംശയമുള്ളു. ദിവസവും മദ്യപിക്കുമോ എന്നുള്ള ഭയവും അസ്ഥാനത്താണ് എന്ന് വളരെവേഗം

ബോദ്ധ്യപ്പെട്ടു. വീട്ടുകാര്യങ്ങളിലെല്ലാം അതീവശ്രദ്ധ കാണിച്ചു. അദ്ദേഹം രാവിലെ കച്ചേരിയിൽ പോകാൻ സമയമാകുന്നതു വരെ കുഞ്ഞിനെ കളിപ്പിക്കാനും, അവന്റെ കാര്യങ്ങളിൽ ശ്രദ്ധി ക്കാനും തല്പരനായിരുന്നു. ഉച്ചയ്ക്കു ഊണു കഴിക്കാൻ വരു ന്നത് പലപ്പോഴും പല സമയത്താണ്. സമയത്തിന്ന് ഊണു ക ഴിക്കാൻ വരണമെന്നു പറഞ്ഞാൽ ഒന്നു ചിരിക്കും. സമയത്തി നല്ലെങ്കിലും ഊണു കഴിക്കുന്നുണ്ടല്ലോ എന്നു തമാശയായി പറയും.

അമ്മാമന്റെ മരണം അപ്രതീക്ഷിതമായിരുന്നു. ഒരു ദിവ സം രാത്രി വീട്ടിലെത്തുമ്പോൾ നന്നായി മദ്യപിച്ചിരുന്നു. ആടിയാടിയിട്ടായിരുന്നു വരവ്. ഊണു കഴിക്കുന്നതിന്നുമുമ്പ് ഗോവിന്ദക്കുറുപ്പുമായി കുറെ നേരം വർത്തമാനം പറഞ്ഞിരു ന്നു. രണ്ടുമൂന്നു തവണ നിർബ്ബന്ധിച്ചശേഷമാണ് ഊണു കഴിക്കാനിരുന്നതുതന്നെ. ബാലകൃഷ്ണനെ സ്ക്കൂളിൽ ചേർക്കു ന്നതിനെ കുറിച്ച് കുറുപ്പിനോടും അമ്മുവിനോടും സംസാരി ച്ചു. വേലുമേനോന്റെ കുട്ടികളെക്കാൾ ഉയർന്ന നിലയിൽ അമ്മുവിന്റെ മകൻ എത്തിച്ചേരണമെന്നാണ് തന്റെ ആഗ്രഹ മെന്ന് അവരെ അറിയിച്ചു.

നേരം വളരെ വൈകിയിരുന്നതിനാൽ കിടന്ന ഉടനെ അമ്മു ഉറങ്ങിപ്പോയി. പെട്ടെന്ന് ആരോ ഛർദ്ദിക്കുന്ന ശബ്ദം കേട്ട് ഞെട്ടി ഉണർന്നു. ഉമ്മറത്തുനിന്നാണ് ശബ്ദം വരുന്നതെ ന്നു മനസ്സിലായപ്പോൾ വേഗം വാതിൽ തുറന്ന് പുറത്തുവന്നു. അപ്പോൾ ഉമ്മറത്തിണ്ണമേൽ ഇരുന്ന് മുറ്റത്തേക്ക് ഛർദ്ദിക്കുന്ന അമ്മാമനെയാണ് കണ്ടത്. ഉറക്കെ നിലവിളിച്ചുപോയി.

അമ്മുവിന്റെ നിലവിളി കേട്ട് ഗോവിന്ദക്കുറുപ്പും പുറ ത്തേക്കുവന്നു. രണ്ടുപേരുംകൂടി അമ്മാമനെ താങ്ങിപ്പിടിച്ച് ഉമ്മ റത്തു വിരിച്ചിട്ടിരുന്ന മെത്തയിൽ കിടത്തി. അപ്പോഴെല്ലാം അമ്മു നിർത്താതെ കരയുകയായിരുന്നു. ഉടനെ ആസ്പത്രി യിലെ ഡോക്ടറെ വിളിച്ചു കൊണ്ടുവരണമെന്നായി അമ്മു.

മെത്തയിൽ അനങ്ങാതെ കിടക്കുന്ന അമ്മാമന്റെ നെഞ്ചത്തു തൊട്ടുനോക്കിയശേഷം ഗോവിന്ദക്കുറുപ്പ് ശാന്തമായി പറഞ്ഞു, "ഡോക്ടറെ വിളിച്ചിട്ട് കാര്യംണ്ട് എന്ന് തോന്ന്ണില്യാ, അമ്മ്വോ. എല്ലാം കഴിഞ്ഞിരിക്ക്ണൂ."

രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് അമ്മുവിന്റെ ആർത്തനാദം ദിക്കുകളിൽ അല കൊണ്ടു.

# അദ്ധ്യായം 7

ബാലചന്ദ്രനോട് താൻ പെരുമാറിയ രീതി അമ്മക്ക് രസിച്ചിട്ടില്ലെന്ന് ബാലകൃഷ്ണനു മനസ്സിലായി. ഒരു പാവമാണ് അമ്മ. ആരോടും ദ്വേഷ്യമോ കാലുഷ്യമോ വെച്ചുപുലർത്താൻ അമ്മക്ക് ആവില്ല. ഒരു പൂർണായുസ്സിൽ അനുഭവിച്ചു തീർക്കാവുന്ന തിക്താനുഭവങ്ങൾ മുഴുവനും ഇത്രയും കാലത്തിന്നുള്ളിൽ അനുഭവിച്ചു കഴിഞ്ഞിരിക്കുന്നു. അതിനുള്ള പൂർണമായ ഉത്തരവാദിത്തം തന്റെ അച്ഛനെന്നു പറയുന്ന വേലു മേനോനും കുടുംബത്തിന്നുമാണ്. വിവാഹിതയാകാതെ ത്തന്നെ ഗർഭിണിയായിത്തീർന്ന ഒരു യുവതിയോട് സമൂഹം എങ്ങനെയാണ് പെരുമാറുക എന്ന് അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ. അവരുടെ കുടുംബത്തിന്ന് സാമ്പത്തികഭദ്രത കൂടിയില്ലെങ്കിൽ പിന്നെ പറയാനുമില്ല.

അച്ഛനായ വേലുമേനോന് തന്നോട് സ്നേഹമില്ലായിരുന്നു എന്നു വിശ്വസിക്കാൻ വയ്യ. ചെറിയ കുട്ടിയായിരുന്നപ്പോൾ, വഴിവക്കിലും മറ്റും വെച്ചു കാണുമ്പോൾ, അടുത്ത് ആരും കാണുന്നില്ലെന്ന് ഉറപ്പായാൽ, തന്റെ ഷർട്ടിന്റെ കീശയിൽ അഞ്ചോ പത്തോ രൂപ തിരുകിവെക്കാനും, ശിരസ്സിലൊന്നു തലോടാനും അദ്ദേഹം മറക്കാറില്ല. പക്ഷെ പരസ്യമായി ഒരു പുത്രന്റെ സ്ഥാനം ഒരിക്കലും തന്നിട്ടില്ല. നാട്ടുകാർക്കെല്ലാം താൻ വേലുമേനോന്റെ മകനാണെന്ന് അറിയാം. ചെറിയ ക്ലാസിൽ പഠിക്കുന്ന കാലത്ത് ആലോചിക്കുകയുണ്ടായിട്ടുണ്ട്, എല്ലാവർക്കും ഒരച്ഛൻ മാത്രമുള്ളപ്പോൾ. തനിക്കുമാത്രം രണ്ടച്ഛന്മാർ ഉണ്ടായതെങ്ങനെയെന്ന്. സ്ക്കൂൾ റെക്കോർഡിൽ അച്ഛൻ പാലിയംവീട്ടിൽ ഗോവിന്ദക്കുറുപ്പ് ആണ്. താൻ അച്ഛനെന്നു വിളിച്ചതും അദ്ദേഹത്തെയാണ്. എന്നിട്ടും നാട്ടുകാർ പറയുന്നത് താൻ വേലുമേനോന്റെ മകനാണെന്നാണ്. അവരെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല; ബാലചന്ദ്രനും താനും തമ്മിലുള്ള രൂപ

സാദൃശ്യം വളരെ അടുത്തതാണ്. ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ മാത്രമാണ് അവരുടെ കുടുംബങ്ങളുടെ സാമ്പത്തികനിലവാര ത്തിന്റെ അന്തരം വിളിച്ചുപറഞ്ഞത്.

സ്ക്കൂളിലെ അധ്യാപകർക്കുകൂടി താൻ യഥാർത്ഥത്തി ൽ വേലുമേനോന്റെ മകനാണെന്നു അറിയാം. വളരെ സഹതാ പത്തോടെയാണ് അവർ തന്നോട് പെരുമാറിയിരുന്നത്. ഒരു ചെറിയ ഗ്രാമത്തിൽ രഹസ്യങ്ങൾ പരസ്യമാവാൻ അധികകാ ലം എടുക്കില്ല എന്നത് എത്ര വാസ്തവം! പ്രത്യേകിച്ച് മേനോ നെപ്പോലെ ഒരു വമ്പൻ പണക്കാരന്റെ രഹസ്യങ്ങൾ!

ബാലചന്ദ്രന്റെ ഒരു ക്ലാസ് താഴെയാണ് താൻ പഠി ച്ചത്. എലിമെന്ററി സ്ക്കൂളിലാകുമ്പോൾ തമ്മിലുള്ള ബന്ധ ത്തെക്കുറിച്ച് ഇരുവർക്കും അറിവുണ്ടായിരുന്നില്ല. എങ്കിലും തമ്മിൽ കാണുമ്പോൾ അന്യോന്യം ഒരു കൗതുകം അവർ വെച്ചുപുലർത്തിയിരുന്നു. എന്നാൽ ഹൈസ്ക്കൂളിലെത്തിയപ്പോ ഴേക്കും ഇരുവരും ആ ബന്ധത്തെ കുറിച്ചു ബോധവാന്മാരാ യിരുന്നു. സ്ക്കൂളിൽവെച്ച് കാണാറുണ്ടായിരുന്നുവെങ്കിലും, ഒരി ക്കൽപ്പോലും അവർ അന്യോന്യം സംസാരിച്ചിട്ടില്ല. മറ്റുള്ള വിദ്യാർത്ഥികൾക്കും അവർ തമ്മിലുള്ള ബന്ധം അറി യുമായിരുന്നു എന്ന് അവരുടെ കൊള്ളിവെച്ച സംസാരത്തിൽ നിന്നു വ്യക്തമായിരുന്നു. യഥാർത്ഥത്തിലുള്ള അച്ഛൻ ആരെന്നു നാടാകെ അറിയുമ്പോൾ, രേഖകളിൽ രണ്ടമതൊരച്ഛന്റെ പേർ വന്നതുമൂലം വന്ന അഭിമാനക്ഷയം പറഞ്ഞു മനസ്സിലാക്കുക എളുപ്പമല്ല. സ്വന്തം അച്ഛന്നു പകരം, മറ്റൊരാളെ അച്ഛനെന്നു വിളിക്കേണ്ടിവരുന്നതിലുള്ള അപകർഷതാബോധം തന്നെവിടാ തെ പിന്തുടർന്നിരുന്നു. അച്ഛനെ അച്ഛനെന്നു വിളിക്കാൻ കഴി യാത്തതിലുള്ള രോഷം ബാലചന്ദ്രനെ കാണുമ്പോഴെല്ലാം ഉരുത്തിരിഞ്ഞിരുന്നു. അച്ഛൻ ഒരു പാവപ്പെട്ട സ്ത്രീയെ വഞ്ചി ച്ചതിന്റെ പ്രത്യക്ഷോദാഹരണം മുമ്പിൽക്കൂടി കടന്നു പോകു ന്നത് വളരെ അസഹ്യമായി ബാലചന്ദ്രനും അനുഭവപ്പെട്ടിരി

ക്കണം. അതുകൊണ്ടായിരിക്കണമല്ലോ കണ്ടിട്ടും കാണാത്ത ഭാവത്തിൽ ഇരുവർക്കും അക്കാലത്ത് പെരുമാറേണ്ടി വന്നത്.

താൻ ഹൈസ്ക്കൂളിൽ പഠിച്ചുകണ്ടിരുന്നപ്പോൾത്തന്നെ മുരളിയുടെ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞിരുന്നു. അച്ഛന്റെ ബിസിനസ്സിലൊന്നും മുരളിക്ക് താല്പര്യം ഉണ്ടായിരുന്നില്ല. കസവുമുണ്ടും സിൽക്ക്ഷർട്ടും ധരിച്ച്, സിഗരറ്റും പുകച്ച്, തല ഉയർത്തിപ്പിടിച്ച് മുരളി നടന്നുപോകുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. നേരെ വരുന്നവരെയോ, പാർശ്വങ്ങളിൽക്കൂടി കടന്നുപോകുന്നവരെയോ അയാൾ ഗൗനിക്കുന്നത് കണ്ടിട്ടില്ല. ഊട്ടിയിലായിരുന്നു മുരളിയുടെ വിദ്യാഭ്യാസത്തിന്റെ സിംഹഭാഗവും; കുറച്ചുകാലം ബാങ്കളൂരിലും. നാട്ടിൻപുറത്ത് കോളേജ് വിദ്യാഭ്യാസം ലഭിച്ചവർ അപൂർവമായിരുന്നതിനാൽ, മുരളിയുടെ സ്ഥിതിക്കൊത്ത ചെറുപ്പക്കാർ അവിടെ വിരളമായിരുന്നു. അതുകൊണ്ടുതന്നെ, ചങ്ങാതികളില്ലാത്ത ഒരു ഒറ്റയാനായിരുന്നു അയാൾ. പഞ്ചായത്ത് വായനശാലയിലെ പുസ്തകങ്ങളാണ് മുരളിയുടെ സ്നേഹിതന്മാർ എന്ന് ഡ്രൈവർ ചാപ്പുണ്ണി നായർ പറഞ്ഞു കേട്ടിട്ടുണ്ട്.

പത്താംതരം പാസ്സാവുന്നതിന്നുമുമ്പുതന്നെ ലക്ഷ്മി വിവാഹിതയായി. പാലക്കാട്ടുകാരനായ ഒരു വക്കീലായിരുന്നു വരൻ. സ്ത്രീധനം ഇല്ലാതിരുന്ന അക്കാലത്ത് വമ്പിച്ച സ്ത്രീധനം കൊടുത്താണത്രെ മേനോൻ മകളുടെ വിവാഹം നടത്തിയത്. ഉത്സവങ്ങളെ അനുസ്മരിപ്പിക്കുന്ന തരത്തിലായിരുന്നു ആ വിവാഹം. പഞ്ചവാദ്യവും വെടിക്കെട്ടും അതിനു മുമ്പും പിമ്പും ഒരു വിവാഹത്തിനും ഈ നാട്ടിൽ ഉണ്ടായിട്ടില്ല. വിവാഹം കഴിഞ്ഞ് പഠനം വേണ്ടെന്നുവെച്ച് ഭർതൃഗൃഹത്തിലേക്ക് പോയ ലക്ഷ്മിയെ പിന്നീട് കാണാൻ ഇട വന്നിട്ടില്ല. തികഞ്ഞ മദ്യപാനിയും സ്ത്രീലമ്പടനുമായിരുന്നു അവളുടെ ഭർത്താവെന്നും, കണ്ണുനീർ ഒഴുക്കാനാണ് അവളുടെ വിധിയെന്നും അമ്മ ഇടക്ക് പറയാറുണ്ടായിരുന്നു.

താൻ ഒമ്പതാംക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു, അച്ഛനെന്നു വിളിച്ചിരുന്ന ഗോവിന്ദക്കുറുപ്പ് മരിച്ചത്. വലിയമ്മാമൻ മരിച്ചതുപോലെ, പെട്ടെന്നായിരുന്നു അച്ഛന്റെയും അന്ത്യം. രാവിലെ കച്ചേരിയിലേക്ക് പോകാൻ ധൃതിവെച്ച് പുറപ്പെട്ടിറങ്ങി. പടിക്കലെത്തിയശേഷം, അവിടെ നിന്ന് അമ്മയെ വിളിച്ചു. അടുക്കളയിൽ എന്തോ പണിത്തിരക്കിലായിരുന്നു അമ്മ. അടുക്കളയിൽനിന്ന് പുറത്തിറങ്ങിവന്ന അമ്മ എന്തിനാണ് വിളിച്ചതെന്നു ചോദിച്ചപ്പോൾ, ചായ കൂട്ടിയത് ഇരിപ്പുണ്ടോ എന്നു ചോദിച്ചു. കയറിവന്നാൽ ഉണ്ടാക്കിത്തരാമെന്നായി അമ്മ. അത്രയും സമയമില്ലെന്നും, കച്ചേരിയിൽ പോയി കുടിച്ചുകൊള്ളാമെന്നും പറഞ്ഞ് അച്ഛൻ ഇറങ്ങിപ്പോയി. ഒരു മണിക്കൂർ കഴിയുന്നതിന്നുമുമ്പ് അദ്ദേഹത്തിന്റെ മൃതദേഹവും താങ്ങി കച്ചേരിയിൽനിന്നും ആളുകളെത്തിയത്രെ. താൻ അപ്പോൾ സ്ക്കൂളിൽ ആയിരുന്നു. അധികാരിയും അംശം മേനോനും വേറെ രണ്ടു ആളുകളും തമ്മിൽ എന്തോ തമാശ പറഞ്ഞിരിക്കേ, അച്ഛൻ പൊട്ടിപൊട്ടിചിരിച്ചത്രെ. ചിരിച്ചു കൊണ്ട്, ഇരുന്ന ബെഞ്ചിൽനിന്ന് പിന്നിലേക്ക് മറിഞ്ഞുവീണു. ചുറ്റുമുള്ള ആളുകൾ പിടച്ചെഴുന്നേല്പിക്കാൻ ചെന്നപ്പോഴേക്കും മരിച്ചിരുന്നു എന്നാണ് അധികാരി പറഞ്ഞത്. സ്ക്കൂളിൽ വിവരം ലഭിച്ചപ്പോൾ താൻ ഓടിയെത്തി. പക്ഷെ ദഹനം കഴിഞ്ഞപ്പോഴേക്കും അർദ്ധരാത്രി കഴിഞ്ഞിരുന്നു. വടകരയിൽ വിവരം അറിയിച്ച് അവിടെ നിന്ന് ആദ്യഭാര്യയിലെ രണ്ടു പെൺമക്കളും എത്തിയ ശേഷമാണ് ശവം ചുടലയിലേക്ക് എടുത്തത്.

അനിയത്തിമാരായ പാർവതിയും സാവിത്രിയും അന്ന് എലിമെന്ററി സ്ക്കൂളിൽ പഠിക്കുകയായിരുന്നു. പത്തും ഏഴും വയസ്സുമാത്രമെ അവർക്കു പ്രായമായിരുന്നുള്ളു. അച്ഛന്റെ അവിചാരിതമായ വിയോഗം അമ്മയ്ക്കു കനത്ത ആഘാതമായിരുന്നു. അച്ഛന്നു സർക്കാരിൽനിന്നു ലഭിക്കേണ്ട പണത്തിൽ അമ്മക്കോ, അനിയത്തിമാർക്കോ യാതൊരു അവകാശവുമില്ലെന്ന് അധികാരി അറിയിച്ചപ്പോൾ, അമ്മ ചട്ടിയിൽനിന്ന്

എരിതീയിലേക്ക് വീണപോലെയായി. അച്ഛൻ അമ്മയെ വിവാഹം ചെയ്തതോ, ആ വിവാഹത്തിൽ രണ്ടു മക്കളുള്ള കാര്യമോ സർക്കാർ രേഖകളിൽ ചേർക്കുന്ന കാര്യത്തിൽ അച്ഛൻ അമാന്തം കാണിച്ചത് ഞങ്ങൾക്ക് എതിരായി. അച്ഛനു കിട്ടാനുണ്ടായിരുന്ന പണമത്രയും അദ്ദേഹത്തിന്റെ ആദ്യഭാര്യക്കും, അവരുടെ മക്കൾക്കുമാണ് ഭെിച്ചത്.

വർഷത്തിൽ ആയിരത്തി ഇരുന്നൂറുരൂപയിൽ താഴെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് അക്കാലത്ത് ഫീസ് നൽകേണ്ട ആവശ്യമില്ലായിരുന്നുവെങ്കിലും, രേഖകളിൽ അച്ഛന്റെ സ്ഥാനത്ത് ഗോവിന്ദക്കുറുപ്പിന്റെ പേരായിരുന്നതിനാൽ തനിക്ക് ആറേകാൽ രൂപ മാസന്തോറും ഫീസായി നൽകേണ്ടിവന്നിരുന്നു. എലിമെന്ററിസ്ക്കൂളിൽ ഫീസില്ലാതിരുന്നതുമൂലം, അനിയത്തിമാർക്കു ഫീസ് അടക്കേണ്ടതില്ല. എങ്കിലും, മുന്നു മക്കളുടെ വിദ്യാഭ്യാസം അമ്മക്കൊരു കടമ്പതന്നെയായിരുന്നു. അതിനാൽ അന്യഗൃഹങ്ങളിൽ ജോലിക്കു പോകുകയല്ലാതെ അമ്മയ്ക്കു മറ്റു മാർഗ്ഗങ്ങളുണ്ടായിരുന്നില്ല.

തങ്ങൾക്ക് സഹായത്തിന്ന് ആരുമില്ലെന്ന ബോധം ചെറുപ്പത്തിൽത്തന്നെ മനസ്സിൽ ആരൂഢമായിരുതിനാൽ, പഠനത്തിൽ നല്ല നിഷ്ക്കർഷ കാണിക്കുന്നതിൽ, താൻ പിന്നോക്കമായിരുന്നില്ല. എങ്ങനെയും പത്താംക്ലാസ് കടന്നു കിട്ടിയാൽ, എവിടെയെങ്കിലും ജോലിക്കു പോകാമായിരുന്നു എന്ന ചിന്ത മനസ്സിൽ ഒഴിയാതെ ഉണ്ടായിരുന്നു.

അമ്മ രാവിലെ ആറു മണിയാകുന്നതിന്നുമുമ്പ്, തന്നെ വിളിച്ചെഴുന്നേല്പിക്കും. പല്ലു തേച്ച് മുഖം കഴുകി വരുമ്പോഴേക്കും, അമ്മ ഒരു ഗ്ലാസിൽ ചായയുമായി വന്നെത്തും. പിന്നെ ഒരു മുട്ടവിളക്കിന്റെ മുമ്പിൽ ഇരുന്ന് പഠനം ആരംഭിക്കുകയായി. അയൽപക്കത്തെല്ലാം വിദ്യുച്ഛക്തി വന്നിരുന്നെങ്കിലും ഞങ്ങളുടെ വീട്ടിൽ അത് ഇല്ലായിരുന്നു. ഏഴുമണിക്കു മുമ്പു തന്നെ അനിയത്തിമാരേയും വിളിച്ചുണർത്തി അവർക്ക് ഓരോ ഗ്ലാസ് ചായവീതം നൽകി അമ്മ യാത്രയാകും. പഠിത്തം കഴി

ഞ്ഞ് മൂന്നുപേരും അമ്മ ഉണ്ടാക്കിവെച്ച കഞ്ഞി കുടിച്ച് സ്ക്കൂളിലേക്ക് തിരിക്കുമ്പോൾ, അനിയത്തിമാർ ഓരോ തൂക്കുപാത്രത്തിൽ ഉച്ചക്കു കഴിക്കാനുള്ള കഞ്ഞിയും എടുക്കും.

അനധികൃതമായി സർക്കാർ വനത്തിൽനിന്ന് മരം മുറിച്ചുകടത്തിയ കുറ്റത്തിന്ന് വേലുമേനോനെ അറസ്റ്റ് ചെയ്തത് നാട്ടിൽ വലിയ ഒച്ചപ്പാടുണ്ടാക്കി. എല്ലാ മരക്കച്ചവടക്കാരും ചെയ്യാറുള്ളതു തന്നെയാണ് മേനോനും ചെയ്തത്. പക്ഷെ കളവുകുറ്റം ആരോപിച്ച് മേനോൻ പിരിച്ചുവിട്ട ഒരു ജോലിക്കാരൻ ഒറ്റു കൊടുത്തത് അദ്ദേഹത്തിന്ന് വിനയായി.

സർക്കാർ വനങ്ങളിലെ കൂപ്പുകൾ മരക്കച്ചവടക്കാർ ലേലം ചെയ്തെടുക്കുകയായിരുന്നു പതിവ്. നിശ്ചിതകാലത്തിന്നുള്ളിൽ, വിളിച്ചെടുത്ത കൂപ്പിലെ മരങ്ങൾ മുറിച്ചു മാറ്റാൻ അവർ ബാദ്ധ്യസ്ഥരാണ്. എന്നാൽ തന്റെ കൂപ്പിലെ മരങ്ങൾ മുറിക്കാതെ, അതിന്നു തൊട്ടുള്ള സ്ഥലത്തെ മരങ്ങൾ അവർ ആദ്യം മുറിച്ചുമാറ്റും. മുറിച്ച തടികൾ ആധികാരികമായതാണ് എന്ന് സാക്ഷ്യപ്പെടുത്താനായി സർക്കാർ മുദ്ര അവയിൽ കുത്തുന്നത് ഫോറസ്റ്റർമാരുടെ സാന്നിദ്ധ്യത്തിൽ ഗാർഡുമാരാണ്. എന്നാൽ കൈക്കൂലി കൊടുക്കാതെ അവർ ആ ജോലി ചെയ്കയില്ല. കൈക്കൂലിത്തുക അല്പം കൂട്ടിക്കൊടുത്താൽ ചുറ്റികയുടെ രൂപത്തിലുള്ള മുദ്ര ഫോറസ്റ്റർ കൂപ്പെടുത്ത വ്യക്തിയെത്തന്നെ ഏല്പിച്ച്, കാട്ടിൽ പോകാതെ വീട്ടിൽ വിശ്രമമെടുക്കും. നിർദ്ദിഷ്ടസമയം കഴിയാറാകുമ്പോൾ, ലേലക്കാരൻ വിവിധകാരണങ്ങളാൽ തനിക്ക് കൂപ്പിൽനിന്ന് മരം മുറിച്ചു മാറ്റാൻ കഴിഞ്ഞില്ലെന്നും, അതിനാൽ സമയം നീട്ടിത്തരണമെന്നും ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർക്ക് ഹരജി നൽകും. ഹരജിയിൽ കാണിച്ച കാര്യങ്ങൾ യഥാർത്ഥമാണെന്ന് ഫോറസ്റ്റർ സാക്ഷ്യപ്പെടുത്തിയാൽ, ഡി എഫ് ഒ അനുമതി നൽകും. ലേലത്തിൽ കൊണ്ട മരങ്ങൾ മുറിക്കുന്നത് അപ്പോൾ മാത്രമാണ്. ഇങ്ങനെ അഴിമതിയിൽക്കൂടി, മരക്കച്ചവടക്കാരും വനംവ

കുപ്പ് ഉദ്യോഗസ്ഥന്മാരും കാടുകളെ തരിശു ഭൂമികളാക്കി മാറ്റി, സ്വന്തം കീശ വീർപ്പിക്കുക പതിവായിരുന്നു.

അബ്ദുള്ളക്കുട്ടി ഡിഎഫ്ഒ ആയി ചാർജ്ജെടുത്ത തോടെ ഈ സ്ഥിതിക്ക് അല്പം മാറ്റം വന്നു. പരിതസ്ഥിതി സംരക്ഷണത്തെക്കുറിച്ചും വനംവകുപ്പിലെ അഴിമതികളെക്കുറിച്ചും വളരെ ബോധവാനായ ഒരു ഓഫീസറായിരുന്നു അദ്ദേഹം. രണ്ടു ഗാർഡുമാരെ സഹായത്തിന്നു കൂട്ടി, സ്വയം ജീപ്പോടിച്ച് കാട്ടിൽ അപ്രതീക്ഷിതസന്ദർശനം നടത്തുക അദ്ദേഹത്തിന്റെ പതിവായിരുന്നു. കൂപ്പുകളുടെ സ്ഥിതിവിവരങ്ങളെ കുറിച്ച് ഉദ്യോഗസ്ഥന്മാരെ നിരന്തരം ചോദ്യം ചെയ്തും, അധികകാലം ഒരേയിടത്തിൽ ജോലി ചെയ്ത ഫോറസ്റ്റർമാരെ സ്ഥലമാറ്റം ചെയ്തും അദ്ദേഹം ഒരു പരിധിവരെ കാടുകളെ രക്ഷിക്കുന്നതിൽ വിജയിച്ചു.

ഡിഎഫ്ഒ യുടെ പെട്ടെന്നുള്ള റെയ്ഡിൽ മേനോന്റെ ലക്ഷക്കണക്കിൽ ക്യുബിക്ക്ഫീറ്റ് മരമാണ് പിടിക്കപ്പെട്ടത്. സ്ഥലത്തെ പ്രധാന ധനികനായ മേനോൻ ജാമ്യം കിട്ടുന്നതുവരെ, ഒരാഴ്ചയോളം സബ്ജയിലിൽ കിടക്കേണ്ടിവന്നത് മറ്റു മരക്കച്ചവടക്കാരെ മാത്രമല്ല, സാധാരണക്കാരേയും ഞെട്ടിച്ചു. സമ്പന്നവർഗത്തിന്ന് ജയിൽ വാസം നിഷിദ്ധം എന്ന സാധാരണക്കാരന്റെ ധാരണക്ക് അങ്ങനെ ഒരു മാറ്റം വന്നു. തന്റെ സുഹൃദ് വലയം പെട്ടെന്ന് വളരെ ചുരുങ്ങിയതായി മേനോൻ കണ്ടു.

രണ്ടു കൊല്ലത്തിലേറെക്കാലം പല കോടതികളിലായി മേനോന്റെ കേസ് നടന്നു. ഇക്കാലത്ത് അദ്ദേഹത്തിന്റെ വ്യാപാരം വളരെ മന്ദഗതിയിലായി. ഭീമമായ ഒരു തുകയാണ് അദ്ദേഹത്തിന്ന് ശിക്ഷയുടെ രൂപത്തിൽ നൽകേണ്ടിവന്നത്. ലക്ഷക്കണക്കിന്നു രൂപയുടെ വ്യാജവ്യാപാരം അദ്ദേഹം നടത്തിയതായി കോടതിയിൽ തെളിയിക്കപ്പെട്ടതോടെ, നികുതിവെട്ടിപ്പിന്ന് ആദായനികുതി വകുപ്പുകാരും വില്പനനികുതി വകുപ്പു കാരും അദ്ദേഹത്തിന്റെ പേരിൽ കേസെടുത്തു. മേനോന്റെ വസ്തു

വകകൾ ഓരോന്നായി വിൽക്കപ്പെട്ടു. നിത്യവും വിളക്കു വെക്കുന്ന, കുഞ്ഞുകുട്ടിയമ്മയുടെ ശവക്കല്ലറ ഉള്ളേടത്തോളം കാലം ആ പറമ്പ് വിൽക്കാൻ പറ്റില്ലെന്ന് മനസ്സിലായപ്പോൾ, ആ ശവക്കല്ലറ പൊളിച്ചുമാറ്റാനും മേനോൻ തയ്യാറായി.

ഒരു അൺട്രെയിന്റ് അധ്യാപകനായി ഒരു സ്വകാര്യ സ്ക്കൂളിൽ ജോലി സ്വീകരിക്കാൻ മുരളി തയ്യാറായി. പോളിടെക്ക്നിക്ക് ഇൻസ്റ്റിട്യൂട്ടിൽ ചേർന്നിരുന്ന ബാലചന്ദ്രൻ പഠനം നിർത്തി പോസ്റ്റൽവകുപ്പിൽ ക്ലാർക്കായി കടന്നുകൂടി. സ്വന്തമായി നിർമ്മിച്ച് താമസിച്ചുകൊണ്ടിരുന്ന രമ്യഹർമ്മ്യം കുറഞ്ഞ വിലയ്ക്ക് വിൽക്കാനും, ഒരു ചെറിയ വീട്ടിലേക്ക് മാറിത്താമസിക്കാനും മേനോൻ തുനിഞ്ഞതോടെ, അദ്ദേഹത്തിന്റെ പതനത്തിൽ നാട്ടുകാർ അമ്പരന്നുപോയി.

മാലതിയമ്മയിൽ മേനോനു ജനിച്ച രണ്ടു പെൺകുട്ടികൾ ജന്മനാ ബധിരരും മൂകരുമായത് മേനോന്റെ മനോവ്യഥയെ വർദ്ധിപ്പിച്ചു.

പത്താംക്ലാസ് ഫസ്റ്റ്ക്ലാസിൽ പാസ്സായശേഷം അധികാരിയുടെ മരുമകന്റെ സ്വർണക്കടയിൽ ജോലി കിട്ടിയത് വളരെ സഹായകമായി. നിയമവിധേയമായിട്ടല്ലെങ്കിലും മേനോന്റെ പുത്രനായ താൻ ഗോവിന്ദക്കുറുപ്പിന്റെ വളർത്തുപുത്രൻകൂടി ആണെന്നുള്ള കാര്യം തനിക്കു വേണ്ടി ശിപാർശ ചെയ്യാൻ അധികാരിയെ പ്രേരിപ്പിച്ചിരുന്നു എന്നത് വാസ്തവമാണ്. സ്വർണക്കടയിൽ ജോലി ചെയ്യവെയാണ് മുഹമ്മദ് ഹാജിയുമായി പരിചയപ്പെടാൻ കഴിഞ്ഞത്. ഹാജിയുടെ സ്വർണബിസ്ക്കറ്റുകൾ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുക എന്ന ജോലി ഒഴിവുസമയത്ത് നിർവഹിച്ചുകൊടുക്കാമെന്നേറ്റു. ഒരു ബിസ്ക്കറ്റിന്ന് നൂറു രൂപവെച്ച് ഹാജി തന്നിരുന്നു. പക്ഷെ ആ കാരണം കൊണ്ടുതന്നെ മൂന്നു മാസത്തിന്നുള്ളിൽ സ്വർണക്കടയിലെ ജോലി വിടേണ്ടിവന്നു.

കൂടിയാൽ രണ്ടോ മൂന്നോ ബിസ്ക്കറ്റുകളേ ഹാജി ഒരു ദിവസം തന്നിരുന്നുള്ളു. അതിമോഹം പാടില്ല എന്നു ഹാജി ഇടക്കിടെ പറയുമായിരുന്നു.

ഒരു ദിവസം ഹാജി വിളിച്ചു പറഞ്ഞു, "ബാലകൃഷ്ണാ, അണക്ക് ഇപ്പണി അതികകാലം കൊള്ളൂലാ. ജ്ജ് അക്കരക്ക് പോവാൻ നോക്ക്വാ നല്ലത്."

"അതിന് ഒരുപാട് പണം വേണ്ടേ, ഹാജ്യാരെ?"

"വേണം. അന്റെ കയ്യില് ഇപ്പത്തന്നെ ഇത്തിരി പണം ണ്ടാവണല്ലോ."

"എന്റെ കയ്യില് അത്രക്ക് പണൊംന്നൂല്യാ, ഹാജ്യാരെ. പിന്നെ അമ്മേം പെങ്ങമ്മാരേം ഒറ്റക്കാക്കീട്ട് എങ്ങനൂാപൊവ്വാ?"

"എന്നും അവര്ക്ക് തൊണ ഇരിക്കാൻ അണക്ക് പറ്റ്വോ, ബാലകൃഷ്ണാ? ജ്ജ് പോയാലും അവര് കൊയപ്പം കൂടാണ്ടെ കയിഞ്ഞോളും. ഈ നാട്ടില് മന്സപ്പറ്റുള്ള ആളോള് വേറേം ണ്ടല്ലോ. അണക്ക് പോവാൻ ഇഷ്ടംണ്ടെങ്കി പറഞ്ഞോ, വയീണ്ടാക്കാം."

ആലോചിച്ചു നോക്കിയപ്പോൾ ഹാജി പറഞ്ഞത് ഒരു നല്ല കാര്യമാണെന്ന് തോന്നി. പക്ഷെ അമ്മയെ പറഞ്ഞു സമ്മതിപ്പിക്കാൻ വളരെ പണിപ്പെടേണ്ടിവന്നു. ഇക്കാലത്ത് വെറും പത്താംക്ലാസ് പാസ്സായതുകൊണ്ടൊന്നും വലിയ കാര്യമില്ല. നാട്ടിൽ ജോലി ലഭിക്കാതെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെല്ലാം ബോംബെക്കും ദൽഹിക്കും ഇറങ്ങിത്തിരിക്കുകയാണ്. അതിനും ആ ഇടങ്ങളിൽ ബന്ധുക്കളോ അടുത്ത സുഹൃത്തുക്കളോ വേണം, സ്വന്തം കാലിൽ നിൽക്കാറാവുന്നതുവരെ. സഹായിക്കാൻ ആളു വേണമല്ലോ. തനിക്കാണെങ്കിൽ അങ്ങനെയാരും ഒട്ടില്ലതാനും. കീശയിൽ പണമില്ലാത്തവന്റെ ചങ്ങാതിത്തം ആർക്ക് വേണം? മലപ്പുറംജില്ലയിൽനിന്ന് ധാരാളം ചെറുപ്പക്കാർ ഗൾഫിൽ പോയി പണം വാരിയിട്ടുണ്ട്. തിരൂര്, കോട്ടക്കൽ, കൊണ്ടോട്ടി, മക്കരപ്പറമ്പ് ഭാഗത്തെല്ലാം എത്രയെ

ത്ര ആളുകളാണ് അവിടെപ്പോയി സമ്പാദിച്ചിട്ടുള്ളത്! പഴയ ചെറ്റപ്പുരകൾ പൊളിച്ചുമാറ്റി, അവയുടെ സ്ഥാനത്ത് മണിമാളികകൾ പൊങ്ങിവരുന്നത് താൻതന്നെ കണ്ടിരിക്കുന്നു. എന്നാണ് അതുപോലൊരു വീട് തനിക്ക് പണിയാനാവുക എന്നു പലപ്പോഴും മനസ്സിൽ ചോദിച്ചിട്ടുണ്ട്. നാലോ അഞ്ചോ വർഷം അവിടെ ജോലി ചെയ്ത് വല്ലതും സമ്പാദിച്ചാൽ, അനിയത്തിമാരെ നല്ല നിലയിൽ വിവാഹം ചെയ്ത് അയക്കാം. സ്വന്തമായി വല്ല ബിസിനസ്സും ചെയ്യാം എന്നൊക്കെ പറഞ്ഞപ്പോൾ അമ്മ ഒരു വിധത്തിൽ സമ്മതം മൂളി.

പോകാൻ തയ്യാറാണ് എന്നു പറഞ്ഞപ്പോൾ, ഹാജിയാരും സന്തോഷിച്ചു."ഞമ്മളെ വകേലൊരുത്തൻ കുവൈറ്റിലുണ്ട്. ഓന് ഞമ്മളെയ്താം. ഞാൻ പറഞ്ഞാ ഓന് തള്ളാനാവൂലാ."

താൻ ഒരു വഴിക്കായാൽ അതിൽ ഹാജിക്ക് ഒരു ലാഭവുമില്ല. കള്ളക്കടത്താണ് തൊഴിലെങ്കിലും, നല്ലൊരു മനസ്സിന്റെ ഉടമസ്ഥനാണ് ഹാജി എന്നത് തീർച്ച. വ്യാജസ്വർണം കച്ചവടമാക്കുന്നത് തെറ്റാണെന്ന് ഒരുപക്ഷെ ഹാജിക്ക് തോന്നുന്നുണ്ടാവില്ല. പണം ഉണ്ടാക്കണമെന്ന് ഒരു വാശി തോന്നിയാൽ, തെറ്റും ശരിയുമൊന്നും ഒരു പ്രശ്നമല്ല.

നാലുമാസം കഴിയുന്നതിന്നുമുമ്പ് ഹാജി വിളിച്ചു പറഞ്ഞു പോകാൻ തയ്യാറായിക്കൊള്ളാൻ. ഹാജിയുടെ ബന്ധു ഉടനെ വരുന്നുണ്ടെന്നും, തനിക്കുള്ള വിസ ശരിയാക്കി കൊണ്ടുവരുന്നുണ്ടെന്നും പോകുന്നതിന്നു മുമ്പ് ഇവിടെ എന്തെങ്കിലും കാര്യങ്ങൾ ശരിയാക്കാനുണ്ടെങ്കിൽ, അതെല്ലാം ദ്രുതഗതിയിൽ ചെയ്തുകൊള്ളാനും ഹാജി അറിയിച്ചു.

പോകാൻ തയ്യാറാവാൻ ഹാജി പറഞ്ഞിട്ടുണ്ടെന്ന് അറിയിച്ചപ്പോൾ, അമ്മയുടെ ധൈര്യം വീണ്ടും നഷ്ടപ്പെട്ടതുപോലെയായി. അമ്മയുടെ കണ്ണുകൾ നിറഞ്ഞു. കണ്ഠം വിറച്ചു. മകൻ വിട്ടുപോകുന്ന കാര്യം ആലോചിക്കാനേ വയ്യെന്നായി അമ്മ.

“ദൈവം കടാക്ഷിച്ചിട്ട് ഇപ്പോൾത്തന്നെ ചിലവിന്നുള്ള വക കിട്ട്ണ്ണ്ടല്ലോ. അതുകൊണ്ട് തൃപ്തിപ്പെട്ട് കഴിഞ്ഞാപ്പോരേ, ബാലകൃഷ്ണാ? ”

“ഇപ്പോൾ കിട്ടുന്നത് ശാശ്വതമാണെന്ന് അമ്മ കരുതണ്ണ്ടോ? പിടിച്ചാൽ ജയിലിൽ പോകേണ്ടിവരും, അമ്മേ. ”

“അതൊന്നും സംഭവിക്കില്യാ. എത്ര ആളോള്ണ്ട് ഇങ്ങനെ ജിവിക്ക്ണ്? അവര്യൊക്കെ പോലിസ് പിടിക്യോ? ”

“പിടിക്കില്യേരിക്കും. പക്ഷെ എന്നും പേടിച്ച് കഴിയണ്ടേ, അമ്മേ? ആരെങ്കിലും ഒറ്റിക്കൊടുത്താൽ... ”

“ആരും ഒറ്റിക്കൊടുക്കില്യാ. നമുക്ക് ശത്രുക്കളൊന്നുല്യാ. ”

“നാമാരേയും ഉപദ്രവിക്ക്യാത്തോണ്ട് ശത്രുക്കളില്യായിരിക്കും. പക്ഷെ, കയ്യില് നാല് കാശ് വന്നാ നമ്മൾക്ക് അടുത്തറിയുന്നോര്ക്ക്തന്നെ അസൂയ ഉണ്ടാവില്യാന്ന് എന്താ ഒറപ്പ്? നിയമവിരുദ്ധായിട്ടൊന്നും ചെയ്യണ്ല്യെങ്കിൽ പിന്നെ ആർക്കും നമ്മെ ഒന്നും ചെയ്യാൻ പറ്റില്യാ.”

“നെന്നോട് പറയാൻ ഞാൻ ആളല്ല. ഞങ്ങള് മൂന്ന് പെണ്ണുങ്ങള് ഇവിടെ എങ്ങന്യാ കഴിയ്യാന്ന് നീ ആലോലിച്ചിട്ട്ണ്ടോ? നിന്റെ അന്യേത്തിമാർക്ക് പ്രായായി വര്വാന്ന് നിണക്കറിയോ? ”

“അതോണ്ടന്നെല്ലേ ഞാൻ പോണത്? അവരെ നല്ലൊരു വഴിക്ക് അയക്കണംച്ചാൽ കയ്യില് കുറച്ച് പണം വേണ്ടേ? കള്ളസ്വർണക്കച്ചോടാ എനിക്ക് തൊഴിലെന്ന് നാലാള് അറിഞ്ഞാ അവര്ക്ക് നല്ലൊരു ബന്ധം കിട്ട്വോ? ”

കുറെ തേങ്ങിക്കരയലിലും കണ്ണീരൊഴുക്കലിലും ആ സംഭാഷണം അവസാനിച്ചു. പല ദിവസങ്ങളിലും ആ രംഗം ആവർത്തിക്കപ്പെട്ടു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ബാലകൃഷ്ണൻ ഹാജിയുടെ ബന്ധുവിന്റെ കൂടെ കുവൈറ്റിലേക്ക് യാത്രയായി.

അമ്മയുടേയും അനിയത്തിമാരുടേയും കാര്യങ്ങൾ അമ്മാമൻ ഇടക്കിടെ വന്നു അന്വേഷിച്ചുകൊള്ളാമെന്ന് ഏറ്റപ്പോൾ, മനസ്സിന്ന് ഏതാണ്ടൊരു സ്വസ്തത ലഭിച്ചു. കൊലയും മോഷണവും ഇല്ലാത്ത, ശാന്തിയും സമാധാനവും നിറഞ്ഞ ഒരു നാട്ടിൻ പുറമാണ് തന്റേതെന്നതിൽ ബാലകൃഷ്ണന്ന് സന്തോഷവും സമാധാനവും അനുഭവപ്പെട്ടു.

# അദ്ധ്യായം 8

ബാലകൃഷ്ണന്റെ യാത്രയോടെ അമ്മുവിന്റെ മനസ്സ മാധാനം നഷ്ടപ്പെട്ടതുപോലെയായി. ഒരു ആൺതരിയുടെ സ ഹായമില്ലാതെ താനും രണ്ടു പെൺമക്കളും എങ്ങനെ ദിവസ ങ്ങൾ മുന്നോട്ടു കൊണ്ടുപോകുമെന്ന ആധിയായി. അമ്മാമന്റെ നിര്യാണത്തോടെ, കുട്ടിയായിരുന്നെങ്കിലും, ബാലകൃഷ്ണന്റെ സാ ന്നിദ്ധ്യം ഒരു ആശ്വാസമായിരുന്നു. അവൻ പഠനത്തിൽ ശ്രദ്ധി ച്ചു; വീട്ടുകാര്യങ്ങളിൽ സഹായിച്ചു. ഉപരിപഠനത്തിന്നു അയ ക്കാൻ കഴിഞ്ഞില്ലെങ്കിലും, സ്വന്തം കാലിൽ നിൽക്കാൻ അവ ൻ ശ്രദ്ധാലുവായിരുന്നു. അനിയത്തിമാരുടെ ഭാവിയെ കുറിച്ച് അവനെപ്പോഴും ആകാംക്ഷയായിരുന്നു. അതുകൊണ്ടാണല്ലോ ഇപ്പാൾ കുവൈറ്റിലേക്ക് പോയത്. എല്ലാ കൊല്ലവും വരവ് പ്ര തീക്ഷിക്കേണ്ട എന്നവൻ പറഞ്ഞിരുന്നു. ആ വരവിനും പോ ക്കിനും ചിലവാക്കുന്ന സംഖ്യ സമ്പാദ്യത്തിനോട് ചേർത്തു വെച്ചാൽ, വേഗത്തിൽ വിദേശജോലിയുടെ ലക്ഷ്യം കൈവരി ക്കാമല്ലോ എന്നതായിരുന്നു അവന്റെ കണക്കുകൂട്ടൽ.

ഭാഗ്യത്തിന്ന് അയൽവാസികൾ വളരെ സഹായമായി. അമ്മുവിന്റെയും മക്കളുടേയും സുരക്ഷ അവരുടേയും ബാദ്ധ്യ തയാണെന്ന് അവർ ഇടക്കിടെ പറഞ്ഞിരുന്നു, ആവശ്യം വന്നാ ൽ, ശങ്ക വേണ്ട; ഏത് അസമയത്തും ഓടിയെത്താമെന്ന് അവ ർ ഉറപ്പു നൽകിയിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അ മ്മു പഴയ മാനസികാവസ്ഥയിലായി.

ബാലകൃഷ്ണൻ പോയിട്ട് ഒരു ഒന്നര മാസം കഴിഞ്ഞിരി ക്കണം, ഒരു ദിവസം അമ്മു അടുക്കളയിൽ ജോലി ചെയ്തുകൊ ണ്ടിരിക്കുമ്പോൾ സാവിത്രി വിളിച്ചുപറഞ്ഞു,''അമ്മേ, ആരോ ഇങ്ങോട്ടു വരുന്നുണ്ട്.''

''ആരാണെന്ന് ചോയ്ച്ചുനോക്ക്.''

രണ്ടുമൂന്നു നിമിഷം കഴിഞ്ഞ് മറുപടി വന്നു,"അമ്മയെ കാണാനാണത്രെ."

അമ്മു ഉമ്മറത്തേക്കു വന്നു.

തോളത്ത് ഒരു സഞ്ചിയും തൂക്കി ഒരു ചെറുപ്പക്കാരൻ നിൽക്കുന്നു. അമ്മുവിനെ കണ്ടതും അയാൾ ചോദിച്ചു, "നിങ്ങ ൾടെ പേരെന്താ"

"അമ്മു."

"അമ്മുവമ്മ അല്ലേ?"

"അതെ. ബാലകൃഷ്ണൻ ആരാ?"

"ന്റെ മകൻ. അവനെന്തു പറ്റീ?"

"ഒന്നും പറ്റിയിട്ടില്ല. മൂപ്പര് കുറച്ച് പണം അയച്ചിട്ടുണ്ട്. അതൊണ്ട് ചോദിച്ചതാ."

അയാൾ കീശയിൽനിന്ന് പണമെടുത്തു എണ്ണി മുന്നൂ റു രൂപ അമ്മുവിന്റെ കയ്യിൽ കൊടുത്തു. അമ്മുവിന്റെ കണ്ണു കൾ അത്ഭുതംകൊണ്ടു വികസിച്ചു. ഒരു കടലാസിൽ അമ്മു വിന്റെ ഒപ്പു വാങ്ങിച്ച്, യാത്ര പറഞ്ഞു ഇറങ്ങിപ്പോയി.

അമ്മുവിന്റെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു; സാവിത്രിയെ കെട്ടിപ്പിടിച്ച് അവളുടെ കവിളിൽ ഉമ്മ വെച്ചു. ഒന്നും മനസ്സിലായില്ലെങ്കിലും, അവളും ഉറക്കെ ചിരിച്ചു.

ബാലകൃഷ്ണൻ പോയിട്ട് അഞ്ചു വർഷത്തേക്ക് മടങ്ങി യില്ല. എല്ലാ മാസവും ചിലവിന്നുള്ള തുക കിട്ടുന്നതുകൊണ്ട് അമ്മു ബാഹ്യവേലകൾക്ക് പോകുന്നതു നിർത്തി, പെൺമക്ക ളോടൊപ്പം വീട്ടിൽത്തന്നെ കഴിഞ്ഞു. മക്കൾ വിദ്യാഭ്യാസം തു ടർന്നു; നന്നായി പഠിച്ചു. തന്റേയും അനിയത്തിമാരുടേയും ക്ഷേമത്തിന്നു വേണ്ടിയാണ് മകൻ ജോലി ചെയ്യുന്നതെന്ന ചിന്ത ആശ്വാസമേകി.

ശൈശവത്തിൽ തന്റെ വാത്സല്യം നുകർന്ന ബാലച ന്ദ്രൻ ഒരു ദിവസം അമ്മുവെ കാണാൻ വീട്ടിലെത്തി. അപ്പോ ൾ അവർ താമസിച്ചിരുന്ന വീട് മാത്രമേ സ്വത്തായി അവശേ

ഷിച്ചിട്ടുള്ളു. കടം വീട്ടാനും കുട്ടികളുടെ വിദ്യാഭ്യാസത്തിന്നും, ചികിത്സക്കും ഉണ്ടായിരുന്ന പണം മുഴുവൻ ചിലവായി. മേനോൻ ജയിൽവിമുക്തനായി വന്നപ്പോൾ. രോഗിയായിരുന്നു. ചികിത്സക്കു പണമില്ല. അമ്മു കയ്യിലിരുപ്പുണ്ടായിരുന്ന പണം നൽകി സഹായിച്ചു. ബാലചന്ദ്രൻ അവർക്കു വേണ്ടതായ സഹായങ്ങൾ നൽകാൻ ഇടക്കിടെ വരും. അനിയത്തിമാരുടെ വിവാഹം നടത്താനുള്ള പണം കണ്ടെത്താനായി ബാലചന്ദ്രൻ വിവാഹിതനാവാൻ തീരുമാനിച്ചു ആ സമയത്താണ് ബാലകൃഷ്ണന്റെ തിരിച്ചുവരവ്.

ബാലകൃഷ്ണൻ ബാലചന്ദ്രനെ തിരസ്കരിച്ചു എന്നറിഞ്ഞപ്പോൾ അമ്മു ദുഃഖിതയായി മകനെ ഉപദേശിച്ചു. അമ്മയുടെ കഷ്ടപ്പാടിൽ മേനോന്റെ മക്കൾക്ക് പങ്കില്ലെന്നു കണ്ടപ്പോൾ, മാലതിയമ്മയുടെ മക്കളുടെ വിവാഹത്തിൽ പങ്കുചേരാനും സഹായിക്കാനും ബാലകൃഷ്ണൻ തയ്യാറായി.

കുവൈറ്റിൽനിന്നു വരുമ്പോൾ, അനിയത്തിമാർക്കായി കൊണ്ടുവന്ന ഉടുപ്പുകളിൽനിന്നു മൂന്നു നാലെണ്ണം എടുത്ത് അമ്മു വേലുമേനോന്റെ വീട്ടിലേക്കു പോകാനിറങ്ങി. എന്തിനാണ് ഇപ്പോൾ അവിടേക്കു പോകുന്നതെന്നു ബാലകൃഷ്ണൻ ചോദിച്ചപ്പോൾ, അവർക്കുള്ള വസ്ത്രങ്ങൾ ഇതിനകം വാങ്ങിയിട്ടില്ലെങ്കിൽ, അത്രയും രൂപ അവർക്കു ലാഭിക്കാമല്ലോ എന്നായിരുന്നു അമ്മുവിന്റെ മറുപടി.

"എങ്കിൽ നിൽക്കൂ," എന്നു പറഞ്ഞു ബാലകൃഷ്ണൻ അകത്തേക്കു പോയി. എന്താണിവന്റെ ഭാവം എന്നു അത്ഭുതപ്പെട്ടു അമ്മു നിന്നു. കയ്യിൽ ഒരു കവറുമായി ബാലകൃഷ്ണൻ മടങ്ങിവന്നു കവർ അമ്മയുടെ നേരെ നീട്ടി.

"എന്താണിത്?"

"ബാലചന്ദ്രൻ എന്റെ ഏട്ടനാണെന്നു അമ്മ ഇടയ്ക്കിടെ പറയാറുണ്ടല്ലോ. എങ്കിൽ, ഏട്ടന്റെ വിവാഹത്തിന്നു അനിയന്റെ സമ്മാനം! പണമായിട്ടാണ്, എന്തിനായാലും ചിലവാക്കാമല്ലോ. പിന്നെ, ബാലചന്ദ്രനു ഒരു ഏട്ടനും ഏടത്തിയുംകൂടി

ഉണ്ടല്ലോ. അവരെത്തിയിട്ടുണ്ടെങ്കിൽ, അവരെ ഞാൻ അന്വേഷിച്ചതായി പറയണം. എനിക്കിപ്പോൾ ആരോടും അലോഗ്യമില്ല. ബാലചന്ദ്രൻ പറഞ്ഞതാണ് ശരി. കഴിഞ്ഞതൊക്കെ നാം മറക്കണം.''

മകന്റെ മനംമാറ്റത്തിൽ സന്തോഷം പൂണ്ട് അമ്മു നടന്നു നീങ്ങി.

തന്നെ കഷ്ടപ്പെടുത്തിയതിന്നുള്ള ശിക്ഷ ഈശ്വരൻ മേനോന്നു നൽകിയല്ലോ എന്നോർത്ത് അമ്മു അത്ഭുതപ്പെട്ടു. ഈ ജന്മത്തിലെ കർമ്മങ്ങൾക്കുള്ള ഫലങ്ങൾക്കെല്ലാം ഈ ജന്മത്തിൽത്തന്നെ ഈശ്വരൻ നൽകും എന്നു വിവരമുള്ളവർ പറയുന്നത് എത്ര ശരിയാണ്. ഒന്നുമില്ലാത്ത സ്ഥിതിയിൽനിന്ന് നാട്ടിലെ ഏറ്റവും വലിയപണക്കാരനാകാനും അതിൽ ഗർവ്വ് പൂണ്ട് മറ്റുള്ളവരെ നിന്ദാപൂർവ്വം വീക്ഷിക്കാനും തുടർന്ന് എല്ലാ ലാഭങ്ങളെയും തുടച്ചുനീക്കി പഴയ സ്ഥിതിയിലേക്കു തിരിച്ചു കൊണ്ടുവരാനും ദൈവം ശ്രദ്ധിച്ചല്ലോ.

രണ്ടുനാലു ദിവസംകൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു തൂക്കുന്നതും ഭവാൻ

എന്നു സ്ക്കൂളിൽ പോയ കാലത്തു പഠിച്ചതു സത്യമാണെന്നു ഭഗവാൻ ദൃഷ്ടാന്തമാക്കിത്തന്നുവല്ലോ. അത്ഭുതംതന്നെ!

എന്തായിരിക്കും ഇപ്പോൾ മേനോന്റെ സ്ഥിതി, അമ്മു ആലോചിച്ചു. സുഖമില്ലാതിരിക്കുകയാണെന്നു മുമ്പൊരിക്കൽ ബാലചന്ദ്രൻ പറഞ്ഞിരുന്നുവെങ്കിലും പിന്നീടു കണ്ടപ്പോഴൊന്നും അതിനെക്കുറിച്ചു പറഞ്ഞിരുന്നില്ല. അല്ല, താൻ ചോദിക്കാത്തതുകൊണ്ടാകും പറയാതിരുന്നത്.

പത്തടി ഉയരത്തിലുള്ള ഇരുമ്പുവാതിലുകളുള്ള പഴയ പുരയിടമെവിടെ, നാലടി ഉയരത്തിലുള്ള മരംകൊണ്ടുതീർത്ത കൊട്ടുപടിയെവിടെ? വേലുമേനോന്റെ ഗൃഹപരിസരത്ത് എത്തിയപ്പോൾ, അമ്മുവിന്റെ മനസ്സ് അത്ഭുതംകൊണ്ടു കോറി.

അമ്മു നടന്നു ഉമ്മറത്തെത്താറായപ്പോൾ, അവിടെ ചാരുകസേരയിൽ ക്ഷീണിതനായി വേലുമേനോൻ ഇരിക്കുന്നതായി കണ്ടു. അമ്മു കടന്നുവരുന്നത് വേലുമേനോനും കണ്ടിട്ടാകണം, അയാൾ എഴുന്നേറ്റു രണ്ടടി മുന്നോട്ടു വന്നു. ''ആര് അമ്മ്വോ? വാ... വാ...''

മേനോൻ എഴുന്നേറ്റു നിൽക്കുന്നതും മുന്നോട്ടു നീങ്ങുന്നതും കണ്ടപ്പോൾ, അമ്മു നടത്തം നിറുത്തി അദ്ദേഹത്തെ നോക്കി. അയാൾ തന്നെ സ്വന്തം കിടപ്പുമുറിയിലേക്കു വിളിച്ചതും, താൻ അയാളുടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോന്നതും ബാലകൃഷ്ണനെ കാണിക്കാൻ അമ്മായിയോടൊപ്പം പഴയ വീട്ടിലേക്ക് പോയതുമെല്ലാം ഒരു നിമിഷത്തിനുള്ളിൽ അവളുടെ മനസ്സിലേക്ക് ഓടിക്കയറി.

മേനോൻ എന്തു പറയുമെന്ന് പ്രതീക്ഷിക്കാനാവില്ല. അദ്ദേഹം ഇവിടെ ഉണ്ടായിരിക്കുമെന്ന് പുറപ്പെട്ടപ്പോൾത്തന്നെ അറിയാമായിരുന്നു. നേരിൽ കണ്ടിട്ട് ഏറെ വർഷങ്ങളായിരിക്കുന്നു. എന്തു പറഞ്ഞാലും കേൾക്കും, തിരിച്ചൊന്നും പറയില്ല; ബാലചന്ദ്രനേയും അനിയത്തിമാരെയും കാണണം, കൊണ്ടുവന്ന വസ്തുക്കൾ നൽകണം, മടങ്ങിപ്പോരണം, അത്രത്തന്നെ.

ഉമ്മറത്തേക്കു കയറുമ്പോൾ മേനോൻ പറഞ്ഞു; ''അകത്തേക്കു പൊയ്ക്കോളൂ, എല്ലാവരും അകത്തുണ്ട്; ബാലചന്ദ്രൻ പുറത്തു പോയിരിക്ക്യാണ്. ഉടനെ വരും.''

സംസാരശബ്ദം കേട്ട് അകത്തുനിന്ന് ചിലരൊക്കെ ഉമ്മറത്തേക്കു വന്നു. മാലതിയമ്മ, ലക്ഷ്മി, അപരിചിതരായ ചില സ്ത്രീകൾ എന്നിങ്ങനെ.

അമ്മുവിനെ കണ്ടതും ലക്ഷ്മി അടുത്തുവന്നു കൈത്തണ്ടയിൽ പിടിച്ചു. അമ്മു ലക്ഷ്മിയുടെ ശിരസ്സ് തലോടി. അമ്മു അവരോടൊപ്പം അകത്തേക്കു നീങ്ങി.

കുറച്ചുനേരത്തെ നിശ്ശബ്ദതക്കുശേഷം മാലതിയമ്മ ഒരു പുഞ്ചിരിയോടെ സംസാരിക്കാൻ ആരംഭിച്ചു.

“ബാലകൃഷ്ണൻ വന്നിട്ടുണ്ടെന്നു ബാലചന്ദ്രൻ പറഞ്ഞു. വിവാഹത്തിന്നു വരാൻ സാദ്ധ്യമാവില്ലെന്നു പറഞ്ഞതായും പറയ്ണ്ടായി.”

ബാലകൃഷ്ണൻ ശിശുവായിരിക്കുമ്പോൾ കോവിലിൽ വെച്ചുണ്ടായ സംഭവം അമ്മു മറന്നിട്ടുണ്ടായിരുന്നില്ല. അതിനു ശേഷം ഇപ്പോഴാണ് മാലതിയമ്മയെ അമ്മു കാണുന്നത്. അന്നത്തെ ധാർഷ്ട്യമൊന്നും ഇപ്പോൾ കാണ്മാനില്ല, അമ്മു മനസ്സിൽ കരുതി. ദാരിദ്ര്യം വരുത്തിയ വികൃതി!

“വന്നിട്ടു കുറച്ചു ദിവസങ്ങളായി. പരിചയക്കാരെ കാണാനായി അവിടേം ഇവിടേം ആയിട്ട് നടക്ക്വാണ്. കല്യാണത്തിന്നു വരുന്നുണ്ടെന്നു പറയാൻ എന്നെ ഏല്പിച്ചിട്ടുണ്ട്.” മിണ്ടാതിരിക്കുന്ന രണ്ടു പെൺകുട്ടികളെ നോക്കി മാലതിയമ്മയോടു ചോദിച്ചു, “ബാലചന്ദ്രന്റെ അനിയത്തിമാരാണല്ലേ?

“അതെ. അറിയാലോ, അവർക്കു രണ്ടാക്കും ചെവീം കേക്കില്യാ, മിണ്ടാനും വയ്യ.” മാലതിയമ്മ ഗദ്ഗദം അടക്കി പറഞ്ഞു.

“അങ്ങനെ കേക്കണ്ടായി. എന്താ ചെയ്യാ? വിധിതന്നെ.” കവിളിൽവീണ കണ്ണുനീർ അവർ വേഷ്ടിയുടെ തുമ്പുകൊണ്ട് തുടച്ചു.

“ഇതിനു ചികിത്സയൊന്നും ചെയ്തില്യേ?”

“എന്തു ചികിത്സ! ഉണ്ടെങ്കിൽത്തന്നെ നമ്മെക്കൊണ്ടു ചെയ്യാൻ പറ്റ്വോ? ഒരാളല്ലല്ലോ, രണ്ടാൾക്കും വേണ്ടേ?”

“ബാലകൃഷ്ണൻ പറയ്യ്ണ്ടായി, ചെവി കേൾക്കാൻ പറ്റാത്തോണ്ടാ അവർക്കു സംസാരിക്കാൻ പറ്റാത്തതെന്ന്. ചെവി കേട്ടാലല്ലേ വാക്കുകൾ മനസ്സിലാക്കാൻ കഴിയൂ?” അമ്മു പണ്ടെന്നോ ബാലകൃഷ്ണൻ പറഞ്ഞത് ഓർത്തെടുത്ത് പറഞ്ഞു. “കേക്കാൻ വയ്യാത്തോർക്ക് ചെവിയിൽ വെക്കാൻ എന്തോ ഉണ്ടത്രെ. അതും പറ്റീലെങ്കിൽ ആംഗ്യഭാഷ പടിച്ചാലും കാര്യങ്ങൾ കഴിച്ചൂട്ടാത്രെ.”

“എന്തോ, എനിക്കൊന്നും അറിഞ്ഞൂടാ.” മാലതിയമ്മ അവരുടെ നിസ്സഹായത വെളിവാക്കി.

അമ്മു കുട്ടികൾ രണ്ടുപേരേയും കൈകൊണ്ട് മാടി വിളിച്ചു. അവരടുത്തു വന്നപ്പോൾ, കൊണ്ടുവന്ന പൊതി അവരെ ഏല്പിച്ചു.

“അകത്തുകൊണ്ടുപോയി ഇട്ടുനോക്കൂ. പാകമാണോ എന്നറിയണ്ടേ?”

മാലതിയമ്മ കുട്ടികളെ അകത്തേക്കു കൊണ്ടപോയി. വസ്ത്രം മാറ്റി ധരിച്ച് അവർ മൂവരും പുറത്തേക്കു വന്നു.

“ഓ..! നല്ല പാകം. ഇനി അഴിച്ചുവെച്ചോളൂ, കല്യാണത്തിന്റന്നു ഉടുക്കാം.” അമ്മു കുട്ടികളോട് പറഞ്ഞു.

“ഇതൊന്നും വേണ്ടായിരുന്നു. പിന്നെ ഏട്ടൻ തര്ണതല്ലേ, സൂക്ഷിച്ചുവെച്ചോളൂ.” മാലതിയമ്മ അമ്മുവിനോടും കുട്ടികളോടുമായി പറഞ്ഞു.

“മുരളിയെ കണ്ടില്ലല്ലോ. ഇവിടെല്യേ?” അമ്മു മാലതിയമ്മയോടു അന്വേഷിച്ചു.

“അവൻ അകത്തിരുന്നു വായിക്യാവും. ഞാൻ വിളിക്കാം.” മാലതിയമ്മ അകത്തേക്കു നോക്കി വിളിച്ചു,“മുരളീ... ”

മുരളി പുറത്തേക്കു വന്നു. അമ്മു അയാളെ ആപാദചൂഢം ഒന്നു നോക്കി. തന്റെ ജീവിതത്തെ ആകെ മാററിമറിച്ച വ്യക്തി. അയാൾ അക്കാര്യം ഓർക്കുന്നുണ്ടാകുമോ?

മുരളി ആകെ അസ്വസ്ഥനായി കാണപ്പെട്ടു.

“മുരളി ഇപ്പോ എന്താ ചെയ്യണത്?” അമ്മു അന്വേഷിച്ചു.

“കോഴിക്കോട്ട് ഒരു കമ്പനിയിലാണ്.”

നിശ്ശബ്ദത.

“ഞാൻ അകത്തേക്ക് പോകട്ടെ.” സമ്മതം ലഭിക്കുന്നതിന്നു മുമ്പുതന്നെ അയാൾ അകത്തേക്കു പോയി.

അമ്മു ഇരിക്കുന്ന മുറിയെ ആസകലം ഒന്നു നോക്കി. സ്വന്തം വീടുപോലെ സാമാന്യം ചെറുത്. എന്തൊരു പതനം. ആ ഹർമ്മ്യമെവിടെ, ഈ കൊച്ചുഗൃഹമിടെ?

ആരോ വരുന്ന ശബ്ദം. അമ്മു തിരിഞ്ഞുനോക്കി. ബാലചന്ദ്രൻ!

അമ്മു അകത്തു ഇരിക്കുന്നതു കണ്ട് ബാലചന്ദ്രൻ അത്ഭുതപ്പെട്ടു.

അമ്മു പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു, “എന്തേ വീട്ടിൽ വന്നിട്ട് എന്നെ കാണാതെ പോന്നത്? കുറച്ചുനേരം കാത്തിരിക്കാമായിരുന്നില്ലേ? അതുകൊണ്ടല്ലേ എനിക്ക് ഇങ്ങോട്ടു വരേണ്ടിവന്നത്?”

“ഒന്നുണ്ടായിട്ടല്ല, കുറച്ചു തെരക്കിലായിരുന്നു, അതോണ്ടന്നെ.”

മിടുക്കൻ. ഒരു അലോഗ്യവും കാണിച്ചില്ല.

“ഞാനും ഇത്തിരി തിരക്കിലാ. ഇത് ബാലചന്ദ്രന്ന് തരണമെന്നു ബാലകൃഷ്ണൻ പറഞ്ഞു. അതുകൊണ്ടു കാത്തിരിക്യാരുന്നു.” അമ്മു മടിയിൽനിന്നു ബാലകൃഷ്ണൻ നൽകിയ കവർ എടുത്തു ബാലചന്ദ്രന്നു നൽകി.

“എന്തായിത്?” ചോദിച്ചുകൊണ്ട് ബാലചന്ദ്രൻ കൈ നീട്ടി കവർ വാങ്ങി.

“അതൊന്നും എനിക്കറീല്യാ. തുറന്നു നോക്ക്.”

ബാലചന്ദ്രൻ കവർ പൊട്ടിച്ച് ഉള്ളിലുള്ളത് പുറത്തെടുത്തു. ഒരു കെട്ട് നൂറിന്റെ നോട്ടുകൾ! പതിനായിരം രൂപയെങ്കിലും കാണും.

“ഇത് എന്തിനാ? ഞാൻ പണം ചോദിച്ചില്ലല്ലോ.”

“അതൊന്നും എനിക്കറിയില്യാ. ഞാനിറങ്ങട്ടെ.”

അമ്മു എഴുന്നേറ്റു.

———————————

# അദ്ധ്യായം 9

അമ്മ വേലുമേനോന്റെ വീട്ടിൽനിന്ന് മടങ്ങിയെത്തിയ ശേഷം പറഞ്ഞ കാര്യങ്ങൾ വിസ്തരിച്ചു പറഞ്ഞതാലോചിച്ച് ബാലകൃഷ്ണൻ രാത്രി വളരെ നേരം കിടന്നു. പഴയ കാലത്തെ പ്രൗഢിയെല്ലാം അസ്തമിച്ചു കഴിഞ്ഞിരിക്കുന്നു. കാലം വരുത്തുന്ന മാറ്റങ്ങൾ! കൊടുത്തയച്ച പണം അവർക്കേറെ ഉപകരിക്കുമെന്നു തോന്നുന്നു.

രാവിലെ പതിവിലേറെ വൈകിയാണ് എഴുന്നേറ്റത്. നിത്യവൃത്തികൾ കഴിച്ച് പ്രാതൽ കഴിച്ചപ്പോഴേക്കും സമയം പത്തു കഴിഞ്ഞിരിക്കുന്നു. ന്യൂസ്പേപ്പർ വായിച്ചിരിക്കുമ്പോഴാണ് ആരെല്ലാമോ പടികടന്നു വരുന്നത്. ബാലചന്ദ്രനും മാലതിയമ്മയും രണ്ട് യുവതികളും വേലക്കാരിയെന്നു തോന്നിപ്പിക്കുന്ന ഒരു സ്ത്രീയും! എന്താണ് വിശേഷം?

ബാലകൃഷ്ണൻ അവരെ സ്വാഗതം ചെയ്യാനായി കസേരയിൽനിന്നെഴുന്നേറ്റു.

അതിഥികൾ ഉമ്മറത്തേക്കു കയറുമ്പോൾ ബാലകൃഷ്ണൻ വിളിച്ചു, "അമ്മേ..."

"എന്താ വേണ്ടത്" എന്നു ചോദിച്ചുകൊണ്ട് അമ്മു ഉമ്മറത്തേക്കു വന്നു. വന്നവരെ കണ്ട് നന്നായി ചിരിച്ചുകൊണ്ട് അവരെ സ്വാഗതം ചെയ്തു. ബാലചന്ദ്രൻ അവിടെയുണ്ടായിരുന്ന മറ്റൊരു കസേരയിൽ ഇരുന്നു; സ്ത്രീകൾ അകത്തേക്കു കടന്നു.

രണ്ടു ദിവസംമുമ്പ് കണ്ട ബാലകൃഷ്ണൻ അല്ലിത്. വളരെ മാറിയിരിക്കുന്നു, ബാലചന്ദ്രൻ മനസ്സിൽ കരുതി.

"ഇങ്ങോട്ടു വരാൻ വിശേഷിച്ച് വല്ല...." ബാലകൃഷ്ണൻ പറഞ്ഞുതീരുന്നതിന്നു മുൻപ് ബാലചന്ദ്രൻ കയറി പറഞ്ഞു. "അന്നു ഞാൻ കല്യാണത്തിന്നു ക്ഷണിക്കാനായിരുന്നു വന്നത്.

പക്ഷെ കല്യാണദിവസത്തിന്റെ തലേന്നുതന്നെ വന്നെത്തണമെന്നു പറയാനായിട്ടാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതിഥിയായിട്ടല്ല; വീട്ടുകാരനായിട്ടുതന്നെ വരണം. എല്ലാം വേണ്ടപോലെ നടത്തിത്തരണം. കല്യാണദിവസം മാത്രമല്ല; ഇനിയെപ്പോഴും." ഒരു നിമിഷം മൗനം പാലിച്ച് ബാലചന്ദ്രൻ തുടർന്നു, "അച്ഛൻ പ്രത്യേകിച്ചു പറഞ്ഞിട്ടുണ്ട്, കഴിഞ്ഞതെല്ലാം മറക്കണമെന്നും ഒരേ കുടുംബമായി ജീവിക്കണമെന്നും."

ബാലകൃഷ്ണൻ ബാലചന്ദ്രന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കി രണ്ടു നിമിഷം മൗനം പാലിച്ചു. എന്നിട്ട് ശബ്ദം താഴ്ത്തി പറഞ്ഞു, "എനിക്ക് ആരോടും ഒരു വിരോധവുമില്ല. ചെറുപ്പത്തിലെ കഷ്ടപ്പാടുകൾ ജീവിതത്തിലെ തടസ്സങ്ങളെ നേരിട്ട് വെല്ലുവിളിച്ച് ലക്ഷ്യത്തിലെത്തേണ്ടതെങ്ങനെയെന്നു എന്നെ പഠിപ്പിച്ചു. ആ കഴിവ് നേടാൻ എന്നെ സഹായിച്ചതിന്ന് എനിക്ക് എല്ലാവരോടും കൃതജ്ഞതയുണ്ട്; പ്രത്യേകിച്ച് എന്റെ യഥാർത്ഥ അച്ഛനോട്."

ബാലകൃഷ്ണന്റെ മറുപടി കേട്ടപ്പോൾ ബാലചന്ദ്രന്റെ നേത്രങ്ങൾ വികസിച്ചു. അയാളുടെ ആത്മവിശ്വാസം വർദ്ധിച്ചു.

"യഥാർത്ഥ അച്ഛൻ അടുത്തുതന്നെ ഉണ്ടാകുമ്പോൾ, മറ്റൊരാളെ 'അച്ഛാ' എന്നു വിളിക്കേണ്ടിവരുമ്പോഴുള്ള പ്രയാസം ഞാനേറെ സഹിച്ചിട്ടുണ്ട്. ആ അച്ഛൻ ഒരു യഥാർത്ഥ അച്ഛനേക്കാളും സ്നേഹവും വാത്സല്യവും എനിക്ക് വാരിക്കോരി നൽകിയിട്ടുണ്ട്. മറ്റാർക്കും ലഭിക്കാത്ത ആ നേട്ടം എന്നെ ലോകത്തെ മനസ്സിലാക്കാൻ സഹായിച്ചു."

ബാലചന്ദ്രൻ എഴുന്നേറ്റ് ബാലകൃഷ്ണന്റെ അടുത്തുവന്ന് സ്വന്തം വലതുകൈ അയാളുടെ ചുമലിൽ ചുറ്റി ആശ്ലേഷിച്ചു.

"മറ്റൊരു അമ്മയിലാണെങ്കിലും നിന്നെപ്പോലെയൊരു അനിയനെ കിട്ടിയത് എന്റെ ഭാഗ്യം. എനിക്ക് ഒരു അമ്മയുടെ അഭാവമുണ്ടായപ്പോൾ, നിന്റെ അമ്മയായിരുന്നു എനിയ്ക്കമ്മ."

അമ്മുവും മാലതിയമ്മയും മറ്റുള്ളവരും ഉമ്മറത്തേക്ക് മടങ്ങിയെത്തി. മുതിർന്ന സ്ത്രീകളുടെ മുഖത്ത് സന്തോഷത്തി ന്റെ പ്രകാശമുണ്ടായിരുന്നു.

"ബാലചന്ദ്രാ, പറയാനേല്പിച്ചതെല്ലാം പറഞ്ഞുകഴിഞ്ഞി ല്യേ?" മാലതിയമ്മയുടെ അന്വേഷണം.

"കഴിഞ്ഞു, ഒന്നൊഴിച്ച്."

"അതെന്താണ്?"

"എന്റെ അനിയത്തിമാരുടെ സംസാരശേഷിയില്ലായ്മയെ ക്കുറിച്ച് ഞങ്ങൾ സംസാരിച്ചില്ല. ബധിരതയാണ് അവരുടെ സംസാരശേഷിയെ ഇല്ലായ്മ ചെയ്തതെന്ന് അവരുടെ ബാല്യ ത്തിൽ ഞങ്ങൾക്കാർക്കും അറിഞ്ഞുകൂടായിരുന്നു. മറ്റുള്ളവർ സംസാരിക്കുന്നത് കേട്ടിട്ടല്ലേ നാമെല്ലാം വാക്കുകൾ പഠിക്കുന്ന ത്? ചെവി കേൾക്കാത്തവർ അപ്പോൾ എങ്ങനെയാണ് വാക്കു കൾ പഠിക്കുക? സ്ക്കൂളിൽ പോകാത്ത അവർക്ക് അമ്മയുടെ ആംഗ്യഭാഷ മാത്രമെ അറിയൂ. അമ്മയ്ക്കാണെങ്കിൽ ശാസ്ത്രീ യമായ ആംഗ്യഭാഷ അറിഞ്ഞുകൂടാ താനും."

"അതാണോ കാര്യം? ഇക്കാലത്ത് ലക്ഷക്കണക്കിന്ന് ആ ളുകൾ സംസാരിക്കാതെത്തന്നെ നന്നായി ജീവിച്ചു കാണിച്ചിട്ടു ണ്ട്. പറയേണ്ടുന്ന കാര്യം എഴുതിക്കൊടുത്താൽ ഇവർ വായി ച്ചു മനസ്സിലാക്കും, മറുപടി എഴുതി കൊടുക്കുകയും ചെയ്യും. അതിനുള്ള വിശേഷവിദ്യാലയങ്ങൾ ഇന്നുണ്ട്. ഇവരെ മറ്റുള്ള വരുമായി ഇടപഴകാൻ വിട്ടില്ലെന്നതാണ് നാം ചെയ്ത തെറ്റ്. ഒ ന്നോ രണ്ടോ കൊല്ലം കൊണ്ട് അവർക്ക് അത്യാവശ്യം കാര്യ ങ്ങൾ കൈകാര്യം ചെയ്യാറാക്കാം. അതിന്നു വേണ്ടത് നമുക്കു ചെയ്യാം." ബാലകൃഷ്ണൻ ഉറപ്പു നൽകി.

"പറയാനെളുപ്പം. അതെല്ലാം സാദ്ധ്യാവോ?" മാലതിയമ്മ ക്കു സംശയം.

"എന്താ സാദ്ധ്യാവാതെ?"

“ബാലകൃഷ്ണാ, രണ്ടാളും സ്ക്കൂളിൽ പഠിച്ചിട്ടില്ല. അതോണ്ട്, ഒരു ജോലിക്കുകൂടി പോവാൻ പറ്റില്യാ. ഞങ്ങടെ കാലശേഷം ന്റെ കുട്ട്യോൾക്ക് ആരാ തൊണ? രണ്ടാൾക്കും കല്യാണപ്രായോം ആയി.” മാലതിയമ്മ തേങ്ങിക്കരഞ്ഞു.

“അമ്മ കരയാണ്ടിരിക്കൂ. എല്ലാത്തിനും വഴിയുണ്ടാകും. നമുക്ക് അവരെ കേക്കാനും പറയാനും കഴിയാത്ത കുട്ടികളെ പഠിപ്പിക്കുന്ന സ്ക്കൂളിൽചേർക്കാം. എഴുതാനും ശബ്ദമില്ലാതെ വായിക്കാനും ഒരു കൊല്ലംകൊണ്ട് അവർക്ക് സാദ്ധ്യമായേക്കും. അപ്പോൾ അവർക്ക് എവിടെയെങ്കിലും ജോലി ചെയ്യാനും കഴിയാതിരിക്കില്ല. അപ്പോൾ അവരെ വിവാഹം ചെയ്യാനും ചിലർ തയ്യാറായേക്കും.”

“ആയേക്കും, ആയേക്കും,” ചുണ്ടുവിടർത്തി പരിഹാസ ഭാവത്തിൽ മാലതിയമ്മ പറഞ്ഞു.

“അതു ഞാനേറ്റമ്മേ,” ബാലകൃഷ്ണൻ അവർക്കു ഉറപ്പു കൊടുത്തു.

ബാലകൃഷ്ണന്റെ “അമ്മേ” എന്ന വിളികേട്ട് അമ്മു അത്ഭുതത്തോടെ അവനെ നോക്കി. ആ നോട്ടം അയാൾ കാണാതിരുന്നില്ല.

————————————

# അദ്ധ്യായം 10

വിവാഹത്തലേന്നു രാവിലെത്തന്നെ അമ്മു, മൂന്നു മക്കളേയും കൂട്ടി വേലുമേനോന്റെ വീട്ടിലെത്തി. വിവാഹം വധൂഗൃഹത്തിലായതുകൊണ്ട് ആഢംബരമെല്ലാം ഒഴിവാക്കിയുള്ള ഒരു പന്തൽ മാത്രമെ അവർ ഒരുക്കിയിരുന്നുള്ളു. വധുവിന്റെ ഗൃഹപ്രവേശനച്ചടങ്ങിനുശേഷമുള്ള സദ്യക്ക് വളരെ അടുപ്പമുള്ള അയൽക്കാരേയും ബന്ധുക്കളേയും മാത്രമെ ക്ഷണിച്ചിട്ടുള്ളു. മേനോന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയെ കുറിച്ചെല്ലാം അവർക്ക് അറിയാം. ചിലവ് ചുരുക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചെല്ലാം അവർക്ക് ബോദ്ധ്യമുണ്ട്. ലക്ഷ്മിയുടെ വിവാഹത്തിന്റെ ആഢംബരപ്പെരുമയെവിടെ, ബാലചന്ദ്രന്റെ വിവാഹത്തിന്റെ ആഢംബരരാഹിത്യമെവിടെ?

ഉച്ചയ്ക്കലെ ഊണു കഴിയുമ്പോഴേക്കും വധൂഗൃഹത്തിലേക്ക് പോകാനുള്ള വാൻ വരും; വരന്റെ പത്തുപതിനഞ്ചു പേരടങ്ങുന്ന സംഘം അതിൽ കയറി വധുഗൃഹത്തിലേക്ക് യാത്രയാകും. അവർക്ക് രാത്രി തങ്ങാനുള്ള ഹോട്ടൽ മുൻകൂട്ടി ഏല്പിച്ചിട്ടുണ്ടത്രെ! രാവിലെ പത്തു മണിക്കാണത്രെ വിവാഹം.

വേലുമേനോനും മുരളിയും വിവാഹച്ചടങ്ങുകൾക്ക് വരുന്നില്ലത്രെ. മേനോനു അസുഖം, മുരളിക്ക് ചെയ്യാൻ വളരെ ജോലിയും! പിന്നെ, വിവാഹമാണെന്നുവെച്ച് വീടുപൂട്ടി പോകാൻ പറ്റുമോ? ഗൃഹപ്രവേശച്ചടങ്ങിനു സാക്ഷിയാകാൻ അതിഥികൾ ഇനിയും വരാനില്ലേ?

വേലുമേനോനും അമ്മുവിന്റെ വീട്ടുകാരും തമ്മിൽ ശത്രുതയിലാണെന്നു വിചാരിച്ച ബന്ധുജനങ്ങൾ അമ്മുവിനെയും വീട്ടുകാരെയും അവിടെ കണ്ടപ്പോൾ അത്ഭുതചകിതരായി. കുറച്ചുനേരം അവിടെ നിശ്ശബ്ദത വിളയാടി. പിന്നെ സംസാരങ്ങളും പൊട്ടിച്ചിരികളും പുനരാരംഭിച്ചു.

ബാലകൃഷ്ണൻ പുരുഷന്മാരുടെ കൂട്ടത്തിൽ ചേർന്നപ്പോഴേക്കും മാലതിയമ്മ പുറത്തേക്കു വന്ന് അമ്മുവിനേയും കുട്ടികളേയും അകത്തേക്കു വിളിച്ചു കൊണ്ടുപോയി.

പരിചിതരും അപരിചിതരും ആയ പലരും ബാലകൃഷ്ണന്റെ ചുറ്റും കൂടി. പലവിധ ചോദ്യങ്ങൾ, ബാലകൃഷ്ണന്റെ പ്രതികരണങ്ങൾ. കാലത്തിനു മായ്ക്കാൻ കഴിയാത്ത കറകൾ ഇല്ലെന്നു ബാലകൃഷ്ണൻ. മാലതിയമ്മയുടെ മക്കളുടെ വിഭിന്നശേഷികൾ മാറ്റാൻ വേണ്ട ഏർപ്പാടുകൾ താൻ ചെയ്യാമെന്നേറ്റ വാഗ്ദത്തെക്കുറിച്ചെല്ലാം ഒരു രാത്രികൊണ്ട് അവരെല്ലാം അറിഞ്ഞു കഴിഞ്ഞിരിക്കുന്നു; അവർക്ക് വേണ്ട പരിശീലനത്തിന്നു വഴിയൊരുക്കാമെന്നു ഏറ്റതും, ജോലി ലഭ്യമാക്കുമെന്നും അതുവഴി അവരുടെ വിവാഹത്തിന്നു വേണ്ടതെല്ലാം ചെയ്യുമെന്നുമെല്ലാം. താനെന്താ മാന്ത്രികനോ, ബാലകൃഷ്ണൻ അത്ഭുതപ്പെട്ടു. ഗ്രാമങ്ങളിൽ വാർത്തകൾ എത്രവേഗം വ്യാപിക്കുന്നു!

വാക്കുകൾ പ്രാവർത്തികമാക്കാനുള്ള വെല്ലുവിളിയാണ് ഇപ്പോൾമുന്നിലുള്ളത്. എന്തെങ്കിലും ഉടനെ ചെയ്തേ മതിയാകൂ.

ഊണു കഴിക്കാമെന്ന അറിയിപ്പു വന്നപ്പോൾ, ബാലകൃഷ്ണൻ വാച്ചിൽ നോക്കി. ഒരു മണിയായിരിക്കുന്നു; സമയം പോയതറിഞ്ഞില്ല. വധുവിന്റെ വീട്ടിലേക്കു കൊണ്ടുപോകാനുള്ള വാഹനം ഉടനെ വരുമായിരിക്കും. അച്ഛന്റെ വീട്ടിലെ ആദ്യത്തെ ഭക്ഷണമാണ്.

പക്ഷെ അച്ഛനെ ഇതുവരെ കണ്ടില്ലല്ലോ. എന്തേ പുറത്തേക്കൊന്നും വന്നില്ല?

ബാലകൃഷ്ണൻ എഴുന്നേറ്റ് അകത്തേക്കു കടന്നു. ചെറിയ രണ്ടുമൂന്നു മുറികൾ മാത്രമെ ആ വീട്ടിന്നുള്ളു. അവിടെങ്ങും അദ്ദേഹത്തെ കണ്ടില്ല. സ്ത്രീകൾ ഇരിക്കുന്ന ഭാഗത്തേക്ക് ചെന്നപ്പോൾ, മാലതിയമ്മ ഒരു പുഞ്ചിരിയോടെ ചോദിച്ചു, “എന്താ നോക്കുന്നത്? ”

“അച്ഛനെ ഇതുവരെ കണ്ടില്ല. എവിടെയാ?”

“അത്ഭുതംതന്നെ! അച്ഛനല്ലേ പന്തലിൽ ഇരിക്കുന്നത്?”

മാലതിയമ്മ ബാലകൃഷ്ണനെയുംകൂട്ടി പുറത്തേക്കു വന്നു. ചുറ്റും നോക്കി പിന്നെ പന്തലിന്റെ ഒരു മൂലയിൽ, ചാരുകസേരയിൽ ഇരിക്കുന്ന മേനോനെ കണ്ടു. ഒറ്റ നോട്ടത്തിൽ തിരിച്ചറിയില്ല. വാർദ്ധക്യം ബാധിച്ച് പരവശനായ മേനോൻ കുറച്ചു പ്രായമായ വ്യക്തികളോടു സംസാരിച്ചുകൊണ്ട് ഇരിക്കുന്നു. കൂട്ടത്തിൽ ബാലചന്ദ്രനും ഉണ്ട്. വല്ല നിർദ്ദേശങ്ങളും കൊടുക്കുകയായിരിക്കും.

അടുത്തെത്തിയപ്പോൾ, കണ്ടു പുഞ്ചിരിച്ച് കൂടെ നിൽക്കുന്നവർക്കു നേരെ തിരിഞ്ഞ് മേനോൻ പരിചയപ്പെടുത്തി. ''ഇത് ബാലകൃഷ്ണൻ, എനിക്ക് അമ്മുവിൽ ഉണ്ടായ മകൻ.''

''എവിടെയായിരുന്നു?''

''കുറച്ചുകാലമായി കുവൈറ്റിലായിരുന്നു. വന്നിട്ട് കുറച്ചു ദിവസമേ ആയുള്ളു.''

''കല്യാണത്തിന് കൂടാൻ വന്നതാ, അല്ലേ?'' ഒരാൾ ചോദിച്ചു.

''അവന്റെ ഏട്ടന്റെ കല്യാണല്ലേ, വരാതിരിക്കാൻപറ്റ്വോ?''

വല്ലാത്തൊരു അച്ഛൻ! എത്ര സുന്ദരമായി നുണ പറയുന്നു! എങ്കിലും മകനാണെന്നു പറഞ്ഞല്ലോ. അതു മതി, എനിക്കതു മതി!

————————————